# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-23)

### മുപ്പത്തിരണ്ടാമത് റിപ്പോർട്ട്
(2023 മാർച്ച് മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

Fcb5/SJ/2023/LFAC/Facing Sheet/32nd Report/31.1.2023

# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-23)

### മുപ്പത്തിരണ്ടാമത് റിപ്പോർട്ട്
### (2023 മാർച്ച്.. മാസം .16.-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട വിനോദസഞ്ചാരം, റവന്യൂ (ദേവസ്വം), സാംസ്കാരികകാര്യം, ഉന്നതവിദ്യാഭ്യാസം, ഭവനനിർമ്മാണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

Fcb5/SJ/2023/LFAC/Facing Sheet/32nd Report/31.1.2023

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | |
| മുഖവുര | : | |
| റിപ്പോർട്ട് | : | |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : | |
| അനുബന്ധം II | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23)

## ഘടന

**അദ്ധ്യക്ഷൻ** :

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ്** :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി.

ശ്രീ. എസ്. സുനിൽ കുമാർ, ജോയിന്റ് സെക്രട്ടറി,

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി,

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2021-2023)യുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട വിനോദസഞ്ചാരം, റവന്യൂ (ദേവസ്വം), സാംസ്കാരികകാര്യം, ഉന്നതവിദ്യാഭ്യാസം, ഭവനനിർമ്മാണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2023 ......മാർച്ച്.................. മാസം ..13..-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2023 .മാർച്ച്..16.....

Fcb5/SJ/2023/LFAC/Facing Sheet/32nd Report/31.1.2023

## റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള വിനോദസഞ്ചാരം, റവന്യൂ (ദേവസ്വം), സാംസ്കാരികകാര്യം, ഉന്നതവിദ്യാഭ്യാസം, ഭവനനിർമ്മാണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

### വിനോദസഞ്ചാര വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

**പൊതുപരാമർശങ്ങൾ**

**അക്കൗണ്ട്സ് റൂളില്ല; കണക്കുകൾ കുത്തഴിഞ്ഞ നിലയിൽ**

നിലവിൽ വന്ന് 18 വർഷം കഴിഞ്ഞിട്ടും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് അക്കൗണ്ട്സ് റൂൾസില്ല. അക്കൗണ്ട് റൂളില്ലാത്തതിനാൽ കണക്കുകൾ കുത്തഴിഞ്ഞ നിലയിലാണ്. മാത്രമല്ല ധനവിനിയോഗങ്ങളുടെ കൃത്യമായ ഓഡിറ്റും ദുഷ്കരമാകുന്നു.

കണക്കുകൾ സൂക്ഷിക്കുന്നതിനും ധനവിനിയോഗത്തിനും നിശ്ചിതമാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ നിലവിലില്ലാത്തതിനാൽ കൗൺസിലുകൾ വ്യത്യസ്ത രീതിയിൽ കണക്കുകൾ സൂക്ഷിക്കുന്നതായി കാണുന്നു.

ഓഡിറ്റിൽ കണ്ടെത്തിയ പ്രസക്ത വിവരങ്ങൾ താഴെ:-

(i) **സമാന്തര അക്കൗണ്ടിംഗ് വ്യാപകം**
(2003-2004 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 7)

കൗൺസിലുകളിൽ സമാന്തര അക്കൗണ്ടിംഗ് വ്യാപകമാണ്. ഇതിനാൽ കൗൺസിലുകളുടെ മുഴുവൻ ധനവിനിയോഗങ്ങളും അക്കൗണ്ടിൽ പ്രതിഫലിക്കുന്നില്ല. ചിലയിനം ഗ്രാന്റുകൾ പ്രധാന അക്കൗണ്ടിൽ നിന്നും വേറിട്ട് സൂക്ഷിച്ചുവരുന്നു. ഇവയുടെ ധനവിനിയോഗം ഓഡിറ്റിന് വിധേയമാക്കാൻ കഴിയുന്നില്ല. സമാന്തര അക്കൗണ്ടിംഗ് ധനാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ സുഗമമാക്കാവുന്നതിനാൽ ഈ വിഷയത്തിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

ഉദാ: എറണാകുളം ഡി.റ്റി.പി.സി. എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് കൗൺസിൽ അക്കൗണ്ടിൽ ഉൾക്കൊള്ളിക്കാതെ വേറിട്ട് സൂക്ഷിക്കുന്നു.

(ii) **രജിസ്റ്ററുകൾ തയ്യാറാക്കുന്നത് ബാഹ്യ ഏജൻസികൾ**

(മലപ്പുറം ഡി.റ്റി.പി.സി. 2002-03 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.1)

കൗൺസിലുകളുടെ അടിസ്ഥാന രജിസ്റ്ററുകളായ ക്യാഷ് ബുക്ക്, ലെഡ്ജർ തുടങ്ങിയവ ചാർട്ടേഡ് അക്കൗണ്ടന്റ്മാർ ഉൾപ്പെടെയുള്ള ബാഹ്യ ഏജൻസികൾ തയ്യാറാക്കുന്നതായി കാണുന്നു. കൗൺസിൽ സ്റ്റാഫിന്റെ ഉത്തരവാദിത്വമാണ് രജിസ്റ്ററുകൾ കാലികമായും കൃത്യമായും എഴുതി സൂക്ഷിക്കുക എന്നത്. ഇതിന് വിരുദ്ധമായി ധനവിനിയോഗം കഴിഞ്ഞ് വർഷങ്ങൾക്ക് ശേഷമാണ് ബാഹ്യ ഏജൻസികളെ കൊണ്ട് രജിസ്റ്ററുകൾ തയ്യാറാക്കുന്നത്. ഇവർ തന്നെയാണ് ഓഡിറ്റിന് അക്കൗണ്ടുകൾ തയ്യാറാക്കി അയയ്ക്കുന്നതും ഇതാകട്ടെ ഗുരുതരമായ ക്രമക്കേടുകൾ മൂടിവെക്കാനും ഇടയാക്കുന്നു.

(iii) **ജംഗമസാധന രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

വിലപിടിപ്പുള്ള ജംഗമസാധനങ്ങളുടെ രജിസ്റ്റർ ഒരു കൗൺസിലിലും സൂക്ഷിക്കുന്നതായി കാണുന്നില്ല. രജിസ്റ്റർ ഇല്ലാത്തതിനാൽ ഇവ കാലാന്തരത്തിൽ അന്യാധീനപ്പെടുന്നതിനോ നഷ്ടപ്പെടുന്നതിനോ ഇടയാക്കും. രജിസ്റ്ററില്ലാത്തത് ക്രമക്കേടുകൾക്കും പഴുതാകും. രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കേണ്ടതാണ്.

(iv) **വരവ് നഷ്ടം കണക്കാക്കാനാകുന്നില്ല**

*(2003-2004 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5)*

കണക്കുകൾ കൃത്യമല്ലാത്തതിനാൽ കൗൺസിലുകളുടെ വരവിനത്തിലെ ചോർച്ച കൃത്യമായി കണക്കാക്കാനാവുന്നില്ല.

കണ്ണൂർ ഡി.റ്റി.പി.സി. പാർലറുകൾ, ബീച്ച് കഫറ്റേറിയകൾ, ബോട്ടുകൾ റിസോർട്ടുകൾ എന്നിവയുടെ വാടക കൃത്യമായി പിരിക്കുന്നില്ല.

വാടകക്കാരുമായി നിയമപ്രകാരമുള്ള കരാർ ചമയ്ക്കാത്തതിനാൽ വാടക കുടിശിക ഈടാക്കുന്നതിനോ, പിഴപലിശ ചുമത്തുന്നതിനോ കഴിയുന്നില്ല.

(കണ്ണൂർ ഡി റ്റി.പി.സി., 2002-2003 ഓഡിറ്റ് റിപ്പോർട്ട്, തൃശ്ശൂർ ഡി.റ്റി.പി.സി; 2001-2002 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 12,13,14)

(v) **ബാങ്ക് അക്കൗണ്ടുകൾ നിരവധി**

കൗൺസിലുകൾ ഒരേ സമയം നിരവധി ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നതായി കാണുന്നു. ബാങ്ക് അക്കൗണ്ടുകളുടെ ബാഹുല്യം ന്യായീകരിക്കാവുന്നതല്ല. അക്കൗണ്ടുകളുടെ പെരുപ്പം ചില അക്കൗണ്ടുകൾ ഓഡിറ്റ് പരിധിക്ക് പുറത്താക്കാനും അതുവഴി ധനാപഹരണം വ്യാപകമാക്കാനും ഇടയാക്കിയേക്കും.

(vi) **എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് കൃത്യമായ കണക്കില്ല**

സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റുകളുടെ കൃത്യമായ കണക്കുകൾ കൗൺസിലുകൾ സൂക്ഷിക്കുന്നില്ല. ഇതിനാൽ വരവ്, ചെലവ്, ബാക്കി, കാലഹരണപ്പെട്ട ഗ്രാന്റ് എന്നീ വിവരങ്ങൾ അറിയാൻ കഴിയുന്നില്ല.

(vii) **വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുന്നില്ല**

വാർഷിക കണക്കുകൾ ഓഡിറ്റിന് സമയബന്ധിതമായി അയയ്ക്കുന്നതിൽ പല കൗൺസിലുകളും വൈമുഖ്യം കാട്ടുന്നു. ഇത് കോടികളുടെ ധനവിനിയോഗങ്ങളിൽ ഓഡിറ്റ് പരിശോധന വൈകിക്കുന്നു.

കോഴിക്കോട്, വയനാട്, കൗൺസിലുകൾ 2002-2003 മുതലുള്ള കണക്ക് ഓഡിറ്റിന് ഹാജരാക്കാനുണ്ട്.

പൊതുപണം കോടികളാണ് ജില്ലാ ടൂറിസം പ്രൊമോഷനുകളിലൂടെ വിനിയോഗിക്കപ്പെടുന്നത്. ഇവയുടെ കണക്ക് കൃത്യമായി എഴുതി സൂക്ഷിക്കാൻ അക്കൗണ്ട് റൂളും, സ്ഥിരം ഉദ്യോഗസ്ഥ സംവിധാനവും അത്യാവശ്യമാണ്. സർക്കാരിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 5.7.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

സമാന്തര അക്കൗണ്ടിംഗ് വ്യാപകം

1. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ ടൂറിസം വകുപ്പ് 15.06.2020-ൽ ഇറക്കിയ സർക്കുലർ പ്രകാരം അക്കൗണ്ട്സ് എങ്ങനെ പരിപാലിക്കണമെന്നത് വിശദമായി പറഞ്ഞിട്ടുണ്ടെന്നും ഓൺലൈനായി

ഡി.റ്റി.പി.സി.കളിലെ അക്കൗണ്ടന്റുമാർക്ക് ബോധവൽക്കരണ ക്ലാസ്സ് നടത്തിയിട്ടുണ്ടെന്നും ഫിനാൻസ് ടീം പലപ്രാവശ്യം പരിശോധന നടത്തിയിട്ടുണ്ടെന്നും ഇപ്പോൾ എല്ലാ ഡി.റ്റി.പി.സി.കളിലും യൂണിഫോം പാറ്റേണിൽ അക്കൗണ്ട്സ് പരിപാലിക്കുന്നുണ്ടെന്നും ടൂറിസം വകുപ്പ് ഡയറക്ടർ മറുപടി നൽകി.

2. ഏകീകൃത അക്കൗണ്ടിംഗ് റൂൾ നടപ്പാക്കണമെന്ന ഓഡിറ്റ് വകുപ്പിന്റെ പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 15.06.2020-ൽ ടൂറിസം വകുപ്പിറക്കിയ സർക്കുലർ പ്രകാരം എല്ലാ ഡി.റ്റി.പി.സി.കളിലും ഏകീകൃത നിയമം നടപ്പിലാക്കിയിട്ടുണ്ടെന്നും രണ്ട് വർക്ക് ഷോപ്പുകൾ ഓൺലൈനായി സംഘടിപ്പിച്ചതായും ടൂറിസം വകുപ്പ് ഡയറക്ടർ മറുപടി നൽകി.

3. റൂൾസ് തയ്യാറാക്കേണ്ടത് സർക്കാരല്ലേ എന്നും ഇപ്പോൾ ഏകീകൃത അക്കൗണ്ടിംഗ് സിസ്റ്റം നിലവിലുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് സർക്കാർ റൂൾസ് സംബന്ധിച്ചാണ് സർക്കുലർ ഇറക്കിയിട്ടുള്ളതെന്നും റൂൾസ് ഇംപ്ലിമെന്റ് ചെയ്യുന്നതിനുള്ള പരിശീലനവും നൽകിയിട്ടുണ്ടെന്നും ടൂറിസം വകുപ്പ് ഡയറക്ടർ ബോധിപ്പിച്ചു. മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

<u>രജിസ്റ്ററുകൾ തയ്യാറാക്കുന്നത് ബാഹ്യ ഏജൻസികൾ</u>

4. മലപ്പുറം ഡി.റ്റി.പി.സി.യുമായി ബന്ധപ്പെട്ട പരാമർശമാണിതെന്നും 2006 വരെ അക്കൗണ്ടന്റ് ഇല്ലാതിരുന്നതിനാൽ ബാഹ്യ ഏജൻസികളെയാണ് അക്കൗണ്ടിംഗിന് നിയോഗിച്ചിരുന്നതെന്നും പ്രസ്തുത ഓഡിറ്റ് പരാമർശം വന്നതിനുശേഷം അക്കൗണ്ടന്റ് തന്നെയാണ് അക്കൗണ്ടിംഗ് ജോലികൾ നിർവ്വഹിക്കുന്നതെന്നും ടൂറിസം വകുപ്പ് ഡയറക്ടർ മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

<u>ജംഗമസാധന രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

5. പ്രസ്തുത ഓഡിറ്റ് പരാമർശത്തിനുശേഷം എല്ലാ ഡി.റ്റി.പി.സി.കളിലും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

6. തിരുവനന്തപുരം, എറണാകുളം ഡി.റ്റി.പി.സി.കളിൽ സൂക്ഷിച്ചുവരുന്ന ജംഗമ രജിസ്റ്ററുകൾ പൂർണ്ണമല്ലെന്നുള്ള ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി

ആരാഞ്ഞതിന് നിലവിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് തിരുവനന്തപുരം ഡിസ്ട്രിക് ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി മറുപടി നൽകി.

7. ഡി.റ്റി.പി.സി.യുടെ കീഴിലുള്ള ടൂറിസം ഡെസ്റ്റിനേഷനുകളിലെ ജംഗമ വസ്തുക്കളുടെ രജിസ്റ്റർ കൈവശമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അതാത് ഡെസ്റ്റിനേഷനുകളിലാണ് രജിസ്റ്റർ സൂക്ഷിക്കുന്നതെന്നും അതിന്റെ ഒരു കോപ്പി ഡി.റ്റി.പി.സി.കളിൽ സൂക്ഷിക്കുന്നുണ്ടെന്നും തിരുവനന്തപുരം ഡിസ്ട്രിക് ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി മറുപടി നൽകി.

8. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചില്ലെങ്കിൽ അത് വിലപിടിപ്പുള്ള ജംഗമസാധനങ്ങൾ അന്യാധീനപ്പെടുന്നതിനോ നഷ്ടപ്പെടുന്നതിനോ ഇടയാക്കുമെന്നതിനാൽ എല്ലാ ഡെസ്റ്റിനേഷൻ പോയിന്റുകളിലും രജിസ്റ്റർ സൂക്ഷിക്കുന്നത് നിർബന്ധമാക്കണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>വരവ് നഷ്ടം കണക്കാക്കാനാകുന്നില്ല</u>

9. കണക്കുകൾ കൃത്യമല്ലാത്തതിനാൽ കൗൺസിലുകളുടെ വരവിനത്തിലെ ചോർച്ച കൃത്യമായി കണക്കാക്കാനാകുന്നില്ലെന്നും കണ്ണൂർ ഡി.റ്റി.പി.സി. പാർലറുകൾ, ബീച്ച് കഫറ്റീരിയകൾ എന്നിവയുടെ വാടക കൃത്യമായി പിരിക്കുന്നില്ലെന്നുമുള്ള ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് നിലവിൽ മുഴുവൻ രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ടെന്ന് കണ്ണൂർ ഡിസ്ട്രിക് ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി മറുപടി നൽകി. വാടകയ്ക്ക് കൊടുത്ത സ്ഥാപനങ്ങളിൽ കൃത്യമായി വാടക പിരിച്ചെടുക്കുന്നില്ലെന്നും വാടകക്കാരുമായി നിയമപ്രകാരമുള്ള കരാർ ചമയ്ക്കാത്തതിനാൽ നിയമനടപടി സ്വീകരിക്കാൻ സാധിക്കുന്നില്ലെന്നുമുള്ള ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ചില ഡി.റ്റി.പി.സി.കളിൽ വാടക ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടെന്നും വാടക കുടിശ്ശിക വരുത്തുന്നവർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും എഗ്രിമെന്റ് വയ്ക്കുന്നതിന് നിർദ്ദേശം നൽകുന്നതാണെന്നും ആയതുസംബന്ധിച്ച് സർക്കുലർ പുറപ്പെടുവിക്കുന്നതാണെന്നും ടൂറിസം വകുപ്പ് ഡയറക്ടർ മറുപടി നൽകി.

10. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**ബാങ്ക് അക്കൗണ്ടുകൾ നിരവധി**

11. എറണാകുളം ഡി.റ്റി.പി.സിയുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത പരാമർശമെന്നും എറണാകുളം ഡി.റ്റി.പി.സി. ധാരാളം എക്സിബിഷനുകളും ഫംഗ്ഷനുകളും നടത്തിയിട്ടുണ്ടെന്നും വ്യത്യസ്ത പദ്ധതികൾക്ക് വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകളാണ് മെയിന്റെയിൻ ചെയ്തതെന്നും വരവും ചെലവും ഒരു ബാങ്ക് അക്കൗണ്ടിലൂടെയാണ് നിർവ്വഹിച്ചതെന്നും ഓഡിറ്റ് പരാമർശം വന്നതിനുശേഷം ബാങ്ക് അക്കൗണ്ടുകളുടെ എണ്ണം കുറച്ചിട്ടുണ്ടെന്നും നിലവിൽ രണ്ടോ മൂന്നോ അക്കൗണ്ടുകൾ മാത്രമേയുള്ളുവെന്നും ടൂറിസം വകുപ്പ് ഡയറക്ടർ മറുപടി നൽകി.

12. ഒന്നിൽ കൂടുതൽ അക്കൗണ്ടുകളുടെ ആവശ്യകത എന്തെന്ന സമിതിയുടെ ചോദ്യത്തിന് ഡി.റ്റി.പി.സി. യുടെ സ്വന്തം ഫണ്ടിന് ഒരു അക്കൗണ്ടും ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിനുവേണ്ടി മറ്റൊരു അക്കൗണ്ടുമാണ് ഉപയോഗിക്കുന്നതെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ മറുപടി നൽകി.

13. ബാങ്ക് അക്കൗണ്ടുകളുടെ ബാഹുല്യം ന്യായീകരിക്കാവുന്നതല്ലെന്നും അക്കൗണ്ടുകളുടെ എണ്ണം കൂടുമ്പോൾ ചില അക്കൗണ്ടുകൾ ഓഡിറ്റിന്റെ പരിധിക്ക് പുറത്താകാനും അതു വഴി ധനാപഹരണം വ്യാപകമാകാനും ഇടയുണ്ടെന്നുമുള്ള ഓഡിറ്റ് പരാമർശം സമിതി ചൂണ്ടിക്കാട്ടിയപ്പോൾ നിലവിലുള്ള ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യണമെന്നും അക്കൗണ്ട് ഓപ്പൺ ചെയ്യുന്നതിന് സർക്കാർ അനുമതി വാങ്ങേണ്ടതാണെന്നും ഒരു അക്കൗണ്ട് മാത്രമേ മെയിന്റെയിൻ ചെയ്യാൻ പാടുള്ളുവെന്നും ധനകാര്യ വകുപ്പിൽ നിന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ടൂറിസം ഡിപ്പാർട്ട്മെന്റ് സീനിയർ ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു

14. എറണാകുളം ഡി.റ്റി.പി.സി. സർക്കാർ ഉത്തരവ് പാലിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് സർക്കുലർ പ്രകാരമുള്ള ഉത്തരവ് നിലവിൽ പാലിക്കുന്നുണ്ടെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ മറുപടി നൽകി.

15. വകുപ്പിന് ഇന്റേണൽ ഓഡിറ്റിംഗില്ലേയെന്നും ഇന്റേണൽ ഓഡിറ്റ് നടത്തിയപ്പോൾ പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടില്ലേയെന്നും സമിതി ആരാഞ്ഞതിന് സ്റ്റേറ്റ് ഓഡിറ്റും എ.ജി. ഓഡിറ്റും ഉള്ളതുകൊണ്ട് ഇന്റേണൽ ഓഡിറ്റ് വിംഗ് പരിശോധിക്കേണ്ടതില്ലെന്ന

നിർദ്ദേശമുണ്ടായിരുന്നുവെന്ന് ടൂറിസം ഡിപ്പാർട്ട്മെന്റ് സീനിയർ ഫിനാൻസ് ഓഫീസർ വിശദീകരിച്ചു.

16. പ്രസ്തുത വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പിന് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് സാധാരണ സിംഗിൾ ബാങ്ക് അക്കൗണ്ട് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്നും വ്യത്യസ്ത കാര്യങ്ങൾക്കുവേണ്ടിയുള്ള അക്കൗണ്ടിംഗിന് വ്യത്യസ്ത രജിസ്റ്ററുകളാണ് സൂക്ഷിക്കേണ്ടതെന്നും പ്ലാൻ/നോൺ പ്ലാൻ അക്കൗണ്ട് ട്രഷറിയിൽ സൂക്ഷിക്കണമെന്നാണ് നിലവിലെ നിയമമെന്നും സർക്കാരിന്റെ അനുവാദത്തോടുകൂടി മാത്രമേ ബാങ്ക് അക്കൗണ്ട് തുടങ്ങാൻ പാടുള്ളൂ എന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

17. പ്ലാൻ ഫണ്ട് ട്രഷറി അക്കൗണ്ടിലും തനത് വരുമാനം ബാങ്ക് അക്കൗണ്ടിലുമാണ് സൂക്ഷിച്ചിരിക്കുന്നതെന്നും സിംഗിൾ ബാങ്ക് അക്കൗണ്ടും ഒരു ട്രഷറി അക്കൗണ്ടുമാണ് ഉള്ളതെന്നും ടൂറിസം വകുപ്പ് ഡയറക്ടർ ബോധിപ്പിച്ചു.

18. സിംഗിൾ ബാങ്ക് അക്കൗണ്ട് മാത്രമേ പാടുള്ളൂവെന്ന നിയമം എല്ലാ യൂണിറ്റുകളിലും കർശനമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്തണമെന്ന് സമിതി നിർദ്ദേശം നൽകി.

<u>എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് കൃത്യമായ കണക്കില്ല</u>

19. സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റുകളുടെ കൃത്യമായ കണക്കുകൾ കൗൺസിലുകൾ സൂക്ഷിക്കുന്നില്ലെന്ന പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയം സർക്കുലറിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

20. സർക്കാർ മറുപടി പ്രകാരം ഡി.റ്റി.പി.സി.യുടെ ഗ്രാന്റുകൾ ഓഡിറ്റിന് വിധേയമാക്കേണ്ടതാണെന്നും എന്നാൽ ഓഡിറ്റ് വകുപ്പിന്റെ മറുപടിയിൽ സർക്കാരിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് ലഭിക്കുന്നില്ലെന്നാണ് പറഞ്ഞിരിക്കുന്നതെന്നും ചൂണ്ടിക്കാട്ടിയ സമിതി ഇല്ലാത്ത ഗ്രാന്റിനുവേണ്ടി 2020-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്ന മറുപടി നൽകിയത് എന്തിനായിരുന്നുവെന്ന് വകുപ്പിനോടും ഇപ്രകാരമൊരു നിഗമനത്തിലെത്താൻ കാരണമെന്തെന്ന് ഓഡിറ്റ് വകുപ്പിനോടും ആരാഞ്ഞതിന് 2014 വരെ ഗ്രാന്റ് ലഭിക്കുമായിരുന്നുവെന്നും അതിനുശേഷം ഡി.റ്റി.പി.സി.യുടെ തനത് വരുമാനത്തിൽ നിന്നുമാണ് ശമ്പളം കണ്ടെത്തുന്നതെന്നും

ജനറൽ സർക്കുലറായിട്ടാണ് ഇഷ്യു ചെയ്യുന്നതെന്നും ടൂറിസം വകുപ്പ് ഡയറക്ടർ മറുപടി നൽകി. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുന്നില്ല

21. പ്രസ്തുത ഓഡിറ്റ് പരാമർശത്തിനുശേഷം ടൂറിസം ഡയറക്ടറേറ്റിൽ നിന്നും ഫോളോ അപ് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും 2016-17 വരെയുള്ള ഓഡിറ്റിംഗ് ഡി.റ്റി.പി.സി.കളിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ടൂറിസം വകുപ്പ് ഡയറക്ടർ വിശദീകരിച്ചു.

22. ഓഡിറ്റ് ചെയ്ത വാർഷിക റിപ്പോർട്ടുകൾ ഗവേണിംഗ് ബോഡിയിൽ വയ്ക്കാത്തത് സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടറുടെ ചോദ്യത്തിന് ഗവേണിംഗ് ബോഡിയിൽ വയ്ക്കണമെന്നതാണ് ചട്ടമെന്നും അടുത്ത ആറ് മാസത്തിനുള്ളിൽ രണ്ടുവർഷത്തെ ഓഡിറ്റ് പൂർത്തീകരിക്കാൻ സാധിക്കുമെന്നും ഒരു വർഷം ഓഡിറ്റ് ചെയ്ത റിപ്പോർട്ടുകൾ ഗവേണിംഗ് ബോഡിയിൽ വച്ച് പാസാക്കിയതിനുശേഷം മാത്രമേ അടുത്ത വർഷത്തെ ഓഡിറ്റ് നടത്താൻ സാധിക്കുകയുള്ളുവെന്നും ടൂറിസം വകുപ്പ് ഡയറക്ടർ മറുപടി നൽകി. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**23. നിലവിൽ സമാന്തര അക്കൗണ്ടിംഗ് രീതിയില്ലെന്നും എല്ലാ ഡി.റ്റി.പി.സി.കളിലും ഏകീകൃത അക്കൗണ്ടിംഗ് സിസ്റ്റം നിലവിലുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ സമാന്തര അക്കൗണ്ടിംഗ് വ്യാപകം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**24. രജിസ്റ്ററുകൾ തയ്യാറാക്കുന്നത് ബാഹ്യ ഏജൻസികൾ എന്ന പരാമർശം സംബന്ധിച്ച് നിലവിൽ മലപ്പുറം ഡി.റ്റി.പി.സി.യിൽ അക്കൗണ്ടന്റ് തന്നെയാണ് അക്കൗണ്ടിംഗ് ജോലികൾ നിർവഹിക്കുന്നതെന്ന ടൂറിസം വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**25. ഡി.റ്റി.പി.സി.യുടെ കീഴിലുള്ള എല്ലാ ടൂറിസം ഡെസ്റ്റിനേഷൻ പോയിന്റുകളിലും ജംഗമസാധന രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാ**

നിർദ്ദേശത്തോടെ ജംഗമസാധന രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

26. വരവ് നഷ്ടം കണക്കാക്കാനാകുന്നില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

27. ഡി.റ്റി.പി.സി.യുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് മാത്രമേ ഉണ്ടാകാൻ പാടുള്ളു എന്നും എല്ലാ ഇടപാടുകളും ഒറ്റ അക്കൗണ്ടിലൂടെ ആക്കണമെന്നുമുള്ള നിർദ്ദേശം എല്ലാ കൗൺസിലുകൾക്കും നൽകിയിട്ടുണ്ട് എന്ന മറുപടിയുടെ അടിസ്ഥാനത്തിൽ എല്ലാ ഡി.റ്റി.പി.സി. യൂണിറ്റുകളും ഇക്കാര്യം കർശനമായി നടപ്പിലാക്കുന്നുണ്ടെന്ന് വകുപ്പ് ഉറപ്പ് വരുത്തണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

28. എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് കൃത്യമായ കണക്കില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് ടൂറിസം വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

29. 2016-17 വരെയുള്ള ഓഡിറ്റിംഗ് ഡി.റ്റി.പി.സി.കളിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഒരു വർഷം ഓഡിറ്റ് ചെയ്ത റിപ്പോർട്ടുകൾ ഗവേണിംഗ് ബോഡിയിൽ വച്ച് പാസാക്കിയതിനുശേഷം മാത്രമേ അടുത്ത വർഷത്തെ ഓഡിറ്റ് നടത്താൻ സാധിക്കുകയുള്ളുവെന്നുമുള്ള ടൂറിസം വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണികളിൽ നിയമലംഘനം വ്യാപകം**

പൊതുപണം ഉപയോഗിച്ച് നടത്തുന്ന മരാമത്ത് പണികളിൽ അവശ്യം പാലിക്കേണ്ട നിയമങ്ങൾ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ വ്യാപകമായി ലംഘിക്കുന്നു.

വിവിധ കൗൺസിലുകളുടെ ഓഡിറ്റിൽ കണ്ട പ്രധാന അപാകതകൾ-

എ) മരാമത്ത് പണികളിൽ വകമാറ്റി ചെലവ് വ്യാപകമാണ്. (ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ പരാമർശം 'വർക്കല ബീച്ച് വൈദ്യുതീകരണം, സബ്സിഡി 5.9 ലക്ഷം നഷ്ടമാക്കി' കാണുക)

ബി) കൗൺസിലുകളുടെ മരാമത്ത് പണികൾ മിക്കതും നിർമ്മിതി കേന്ദ്രമാണ് നിർവഹിക്കുന്നത്. നിയന്ത്രണങ്ങളില്ലാതെ പണികൾക്ക് മുൻകൂറുകൾ നൽകുന്നു. പല പണികളും അപൂർണ്ണമാക്കി അവശേഷിക്കുന്നു.

സി) സർക്കാരിലേക്ക് അടയ്ക്കേണ്ട നികുതികളും നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതവും എം.ബുക്കിൽ നിർണ്ണയിച്ച് രേഖപ്പെടുത്തി ഈടാക്കാതെ ബില്ലുകൾ തീർപ്പാക്കുന്നതായും കാണുന്നു. ഈ ഇനത്തിൽ സർക്കാരിന് വൻ നഷ്ടമുണ്ട്. കണക്കുകളും രേഖകളും കൃത്യമല്ലാത്തതിനാൽ ഓഡിറ്റിൽ ഇത് നിർണയിക്കാനാവുന്നില്ല.

മേൽ അപാകതകളുടെ വെളിച്ചത്തിൽ കൗൺസിലുകൾ നടപ്പാക്കുന്ന മരാമത്ത് വേലകൾക്ക് മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതും അവ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 5.7.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

30. പ്രസ്തുത വിഷയത്തിന്മേൽ innovative initiative summary എടുത്തിട്ടുണ്ടെന്നും real time basis-ൽ project monitoring സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ടെന്നും പൂർത്തിയാകുന്ന പ്രോജക്റ്റിന്റെ ഫോട്ടോസ് എല്ലാ ദിവസവും അപ്‌ലോഡ് ചെയ്യാറുണ്ടെന്നും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ അനുസരിച്ചാണ് എല്ലാ പ്രവൃത്തികളും ഡി.റ്റി.പി.സി.കൾ ചെയ്യുന്നതെന്നും PMC, Non PMC പ്രവൃത്തികൾ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽ നിന്നും ഏപ്രിൽ മാസത്തിൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും ടൂറിസം വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

31. നിലവിൽ ചെയ്ത പ്രവൃത്തികളുടെ എം.ബുക്ക് സൂക്ഷിച്ചിട്ടില്ലെന്ന പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നിലവിൽ ഡി.റ്റി.പി.സി.കൾ നേരിട്ട്

പ്രവൃത്തികൾ PMC വഴി ചെയ്യുന്നതിനാൽ അവരാണ് എം.ബുക്ക് സൂക്ഷിക്കുന്നതെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ മറുപടി നൽകി.

32. അക്രഡിറ്റഡ് ഏജൻസിക്ക് പ്രവൃത്തി കൊടുക്കേണ്ടതെങ്ങനെയാണെന്നും PMC/Non-PMC ആണെങ്കിൽ എങ്ങനെ എക്സിക്യൂട്ട് ചെയ്യണം എന്നത് സംബന്ധിച്ചും ധനകാര്യ വകുപ്പ് വിശദമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും അത് കർശനമായി പാലിക്കണമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി നിർദ്ദേശിച്ചു

33. സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട നികുതികളും നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതവും എം.ബുക്കിൽ നിർണ്ണയിച്ച് ഈടാക്കാതെ ബില്ലുകൾ തീർപ്പാക്കിയതുമൂലം സർക്കാരിന് നഷ്ടം സംഭവിച്ചുവെന്നും തൊഴിലാളികളുടെ വിഹിതം ക്ഷേമനിധിയിൽ അടയ്ക്കാത്തത് അവരുടെ നിലനിൽപ്പിനെ ബാധിക്കുന്ന വിഷയമാണെന്നും ചൂണ്ടിക്കാട്ടിയ സമിതി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു. സമിതി നിർദ്ദേശ പ്രകാരം നടപടി സ്വീകരിക്കാമെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ ഉറപ്പ് നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

**34. സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട നികുതികളും നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതവും എം. ബുക്കിൽ നിർണ്ണയിച്ച് ഈടാക്കാതെ ബില്ലുകൾ തീർപ്പാക്കിയതുമൂലം സർക്കാരിന് നഷ്ടം സംഭവിച്ചതായി സമിതി മനസ്സിലാക്കുന്നു. തൊഴിലാളികളുടെ വിഹിതം ക്ഷേമനിധിയിൽ അടയ്ക്കാത്തത് അവരുടെ നിലനിൽപ്പിനെ ബാധിക്കുന്ന വിഷയമാണെന്നും സമിതി നിരീക്ഷിക്കുന്നു. കൗൺസിലുകൾ നടപ്പാക്കുന്ന മരാമത്ത് വേലകൾക്ക് 15.06.2020-ലെ പരിപത്രം പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായി സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിരിക്കുന്നതിനാൽ, പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നടപടി സ്വീകരിക്കുന്നതിനും ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ അടിയന്തരമായി പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ**

**ബീച്ച് വൈദ്യുതീകരണം; സബ്സിഡി 5.9 ലക്ഷം നഷ്ടമാക്കി**
(2002-2003 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 16)

പാരമ്പര്യേതര ഊർജ്ജസ്രോതസ്സ് ഉപയോഗിച്ച് വർക്കല ബീച്ചിൽ കൗൺസിൽ നടപ്പാക്കിയ വൈദ്യുതീകരണ പദ്ധതിയിൽ 593800 /- രൂപ സബ്സിഡി നഷ്ടം.

വൈദ്യുതീകരണ പദ്ധതിയുടെ നിർവ്വഹണ ഏജൻസി അനർട്ട് ആയിരുന്നു. പാരമ്പര്യേതര ഊർജ്ജസ്രോതസ്സ് ഉപയോഗിക്കുമ്പോൾ ലഭ്യമായിരുന്ന സബ്സിഡിയാണ് കൗൺസിൽ നഷ്ടപ്പെടുത്തിയത്.

18 ലക്ഷം എസ്റ്റിമേറ്റിൽ തുടങ്ങിയ പദ്ധതിക്ക് സർക്കാർ 15 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുക ഉപയോഗിച്ച് ചെയ്ത പണിക്ക് സബ്സിഡി കിഴിച്ച് 906200/- രൂപ മാത്രമാണ് ചെലവ് കാണുന്നത്. എന്നാൽ 15 ലക്ഷം രൂപയും ചെലവ് ചെയ്തതായാണ് കൗൺസിലിന്റെ വാദം.

സബ്സിഡിക്ക് അർഹതയുണ്ടായിരിക്കെ മുഴുവൻ തുകയും ചെലവ് കാണിച്ചത് സംശയാസ്പദമാണ്. മാത്രമല്ല ചെലവഴിച്ചതായി പറയുന്ന 906200/- രൂപയും മറ്റ് ആവശ്യങ്ങൾക്ക് വകമാറ്റിയതായും കാണുന്നു.

പദ്ധതിക്ക് അനുവാദം തേടി സർക്കാരിന് അയച്ച കത്തിൽ സബ്സിഡിക്കുള്ള അർഹത വ്യക്തമാക്കിയിരുന്നെങ്കിലും കൗൺസിൽ തീരുമാനമനുസരിച്ച് അനുവദിച്ച 15 ലക്ഷം രൂപയും ചെലവഴിക്കുകയായിരുന്നെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പറയുന്നു. അർഹമായ സബ്സിഡി നഷ്ടപ്പെടുത്തിയതിന് വിശദീകരണമില്ലാത്തതിനാൽ മറുപടി സാധുവല്ല.

സബ്സിഡി തുക ഏജൻസിയിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കണം. ഒപ്പം പദ്ധതി നിർവഹണം സമഗ്രാന്വേഷണത്തിന് വിധേയമാക്കണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 5.7.2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

35. 2002-ൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ് ഉപയോഗിച്ച് വർക്കല ബീച്ചിൽ കൗൺസിൽ നടപ്പാക്കിയ പ്രവൃത്തിയാണിതെന്നും പ്രസ്തുത പ്രവൃത്തിക്കായി 15 ലക്ഷം രൂപയാണ് എ.എസ്. ലഭിച്ചതെന്നും ഡി.റ്റി.പി.സി. അനെർട്ട് വഴി 36 സ്ട്രീറ്റ്ലൈറ്റുകൾ വർക്കല ബീച്ചിൽ സ്ഥാപിച്ചെന്നും പ്രസ്തുത പ്രവൃത്തിക്കായി 10 ലക്ഷം രൂപ നൽകിയിട്ടുണ്ടെന്നും ഒരു ലൈറ്റിന് 11,500 രൂപ സബ്സിഡി കിഴിച്ച് ബാക്കി 93,800 രൂപ ഡി.റ്റി.പി.സി. തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ടെന്നും തിരുവനന്തപുരം ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി അറിയിച്ചു.

36. 'സബ്സിഡി സംബന്ധിച്ച വിഷയത്തിൽ നൽകിയ മറുപടി തൃപ്തികരമാണെന്ന് അഭിപ്രായപ്പെട്ട കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ, തുക വക മാറ്റി ചെലവഴിച്ചത് സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് ആരാഞ്ഞു. തുക വകമാറ്റി ചെലവഴിച്ചിട്ടില്ലെന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ജില്ലാ കളക്ടർ ഒപ്പിട്ട് നൽകിയിട്ടുണ്ടെന്നും തിരുവനന്തപുരം ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി മറുപടി നൽകി.

37. തുക വകമാറ്റി ചെലവഴിച്ചതുമായി ബന്ധപ്പെട്ട ഡി.റ്റി.പി.സി.യുടെ റിപ്പോർട്ട് തൃപ്തികരമല്ലെന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ചും പ്രസ്തുത വിഷയം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നതുസംബന്ധിച്ചും സമിതി ആരാഞ്ഞതിന്, 2002-ൽ നടന്ന വിഷയമാണിതെന്നും അന്നത്തെ ഡി.റ്റി.പി.സി. സെക്രട്ടറി മരണപ്പെട്ടുവെന്നും ഇത്തരം വിഷയങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാമെന്നും ഇതുവരെയുള്ള കണക്കുകൾ കൃത്യമാണെന്നും കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ഓഫീസ് രണ്ട് തവണ ഷിഫ്റ്റ് ചെയ്യേണ്ടി വന്നതിനാൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ ഡി.റ്റി.പി.സി.യുടെ ഓഫീസിൽ നിന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും തിരുവനന്തപുരം ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി മറുപടി നൽകി.

38. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കൃത്യമായ കണക്കുകൾ ശേഖരിച്ച് നൽകാൻ സമിതി നിർദ്ദേശിച്ചു.

39. ഡി.റ്റി.പി.സി.കളിൽ വരവ് ചെലവ് പരിശോധിക്കുന്നതിന് സ്ഥിര ജീവനക്കാരുണ്ടായെന്ന സമിതിയുടെ ചോദ്യത്തിന് എല്ലാ ഡി.റ്റി.പി.സി.കളിലും അക്കൗണ്ടന്റുമാരെ നിയമിച്ചിട്ടുണ്ടെന്നും ചില സ്ഥാപനങ്ങളിൽ സ്ഥിരം ജീവനക്കാരും മറ്റിടങ്ങളിൽ താൽക്കാലിക ജീവനക്കാരുമാണുമുള്ളതെന്നും ടൂറിസം വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

40. ഡി.റ്റി.പി.സി.കളിൽ ജോലി ചെയ്യുന്നവരിൽ ഭൂരിഭാഗവും താൽക്കാലിക ജീവനക്കാരായതിനാൽ ഡി.റ്റി.പി.സി.യുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ റെക്കോർഡുകൾ മെയിന്റെയിൻ ചെയ്യുന്നതിനും ഓഡിറ്റ് കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശം നൽകി

## നിഗമനങ്ങൾ/ശിപാർശകൾ

**41. സബ്സിഡി സംബന്ധിച്ച വിഷയത്തിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി നൽകിയ മറുപടി തൃപ്തികരമാണെന്നും തുക വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് കണക്കുകൾ ഹാജരാക്കിയിട്ടില്ല എന്നുള്ള ഓഡിറ്റിന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ തുക വകമാറ്റി ചെലവഴിച്ചതുമായി ബന്ധപ്പെട്ട് കൃത്യമായ കണക്കുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കാൻ സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഡി.റ്റി.പി.സി.യുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ രേഖകൾ കൃത്യമായി സൂക്ഷിക്കണമെന്നും ഓഡിറ്റ് കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എറണാകുളം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ**

**ടെലിഫോൺ ചാർജ്ജിൽ ക്രമാതീത വർദ്ധന**

*(2002-2003, 2003-2004 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 14, 15)*

കൗൺസിലിന്റെ ടെലിഫോൺ ചെലവിൽ ക്രമാതീത വർധന

2002-2003 ൽ 137997 രൂപയായിരുന്ന ടെലിഫോൺ ചാർജ് 2003-2004 ൽ 166059 രൂപയായി വർധിച്ചു. ലാൻഡ്, മൊബൈൽ ഫോണുകൾ ഉൾപ്പെടെയാണിത്.

ടെലിഫോൺ ചാർജിലെന്ന പോലെ ഫോണുകളുടെ എണ്ണത്തിലും ക്രമാതീതമായ വർധനയുണ്ട്. ഇത്രയധികം ഫോണുകൾ ഒരു ഓഫീസിന് ആവശ്യമുണ്ടോയെന്നത് പരിശോധിക്കേണ്ടതാണ്.

കൗൺസിലിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 5.7.3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

42. ഓഡിറ്റ് പരാമർശത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ടെലിഫോൺ ചാർജ്ജ് പരിമിതപ്പെടുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പിന് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**43. നിലവിൽ കൗൺസിലിന്റെ ടെലിഫോൺ ചാർജ്ജ് പരിമിതപ്പെടുത്തിയിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**റവന്യൂ (ദേവസ്വം) വകുപ്പ്**

ഓഡിറ്റ് ഖണ്ഡിക

**ഗുരുവായൂർ ദേവസ്വം**

**വാടക പുതുക്കിയില്ല; ദേവസ്വത്തിന് നഷ്ടം**
*(2002-2003 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 22)*

കോടതിയും ഭരണസമിതിയും നിർദ്ദേശിച്ചിട്ടും ദേവസ്വം കെട്ടിടങ്ങളുടെ വാടക പുതുക്കി ഈടാക്കിയില്ല.

ഒ.പി.31477/99 ലെ വിധിയിൽ (4.7.2000) ബഹു:ഹൈക്കോടതിയും 16.08.2001 ൽ ഭരണസമിതിയും (തീരുമാനം നമ്പർ 152) മാസവാടക 500 രൂപയിൽ കുറയാതെ നിശ്ചയിച്ചിരുന്നു. ഇത് നടപ്പാക്കാത്തതിനാൽ കിഴക്കേനട പഴയകെട്ടിടം, ശ്രീ സത്രം എന്നിവയിലെ മുറി വാടകവരവിൽ 2001-2002 ലും 2002-2003 ലും 64018/- രൂപ കുറവ് കാണുന്നു.

വാടക രജിസ്റ്റർ കൃത്യമല്ലാത്തതിനാൽ നഷ്ടം പൂർണ്ണമായി കണക്കാക്കാനായില്ല. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 6.3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. കോടതിയും ഭരണസമിതിയും നിർദ്ദേശിച്ചിട്ടും ദേവസ്വം കെട്ടിടങ്ങളുടെ വാടക പുതുക്കി ഈടാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 28.04.2010-ലെ മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാടക പുതുക്കി ഉത്തരവായിട്ടുണ്ടെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകുകയും പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**45. 28.04.2010 ലെ മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാടക പുതുക്കി ഉത്തരവായിട്ടുണ്ടെന്ന റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തേയാ വിറ്റഴിക്കുന്നില്ല; ലക്ഷങ്ങളുടെ വരുമാന നഷ്ടം**
*(2003-2004 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക: 2-22)*

പ്രസാദം അരയ്ക്കുവാൻ പറ്റാത്ത ചന്ദനമുട്ടി-'തേയാ' വാങ്ങാൻ ആളുണ്ടായിട്ടും വിറ്റഴിക്കുന്നില്ല.

2003-2004 അവസാനം 5000 കിലോയോളം ഉപയോഗയോഗ്യമല്ലാത്ത ചന്ദനമുട്ടികൾ ദേവസ്വത്തിൽ സ്റ്റോക്കുണ്ടെന്ന് ഫയലിൽ കാണുന്നു. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ കൃത്യത സംശയിക്കുന്നു. ദേവസ്വം ഭരണസമിതി മുമ്പ് നിർണയിച്ച 900/- രൂപ / 1 കിലോ നിരക്കിൽ ഇതിന് 4500000/- രൂപ വിലവരും.

ചന്ദനപ്രസാദം തയ്യാറാക്കുന്നതിന് പ്രതിവർഷം 5 ടൺ ചന്ദനം വനം വകുപ്പിൽ നിന്ന് ദേവസ്വം വാങ്ങുന്നുണ്ട്. ഇതിൽ ഉപയോഗയോഗ്യമല്ലാത്തത് വാങ്ങാൻ ആയുർവേദ ഔഷധ നിർമ്മാതാക്കളും ഭക്തജനങ്ങളും താൽപര്യം പ്രകടിപ്പിക്കാറുമുണ്ട്. എന്നാൽ 93 മുതലുള്ള തേയാ ദേവസ്വം കെട്ടിടത്തിൽ കിടന്ന് നശിച്ചുകൊണ്ടിരിക്കുന്നു.

തേയാ-സ്റ്റോക്ക് പരിപാലനത്തിനും വിൽപനയ്ക്കും സ്ഥിരം സംവിധാനം ആവിഷ്കരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 6.3.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

46. പ്രസാദം അരയ്ക്കുവാൻ പറ്റാത്ത ചന്ദനമുട്ടി തേയാ വാങ്ങാൻ ആളുണ്ടായിട്ടും വിറ്റഴിക്കുന്നില്ലെന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ദേവസ്വം കമ്മീഷണർ റിപ്പോർട്ട് വിശദമായി പരിശോധിച്ചതിനുശേഷം ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടുണ്ടെന്നും പരാമർശം ഒഴിവാക്കി കൊണ്ട് ഉത്തരവായിട്ടുള്ളതാണെന്നുമുള്ള റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു

<u>**നിഗമനങ്ങൾ/ശിപാർശകൾ**</u>

**47. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സത്രം ആഡിറ്റോറിയം കോംപ്ലക്സ് നിർമ്മാണത്തിൽ അപാകതകളും അധിക ചെലവും**

(2003-04 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3-27)

ഗുരുവായൂർ സത്യാഗ്രഹസ്മാരകമായി ദേവസ്വം നിർമ്മാണം തുടങ്ങിയ സത്രം ഓഡിറ്റോറിയം കോംപ്ലക്സ് പണിയിൽ അപാകതകളും അധിക ചെലവും. വിശദാംശം താഴെ

(1) സത്രം ഓഡിറ്റോറിയം കോംപ്ലക്സ് നിർമ്മിക്കാൻ ദേവസ്വം ഭരണസമിതി തീരുമാനിച്ചതായി കാണുന്നില്ല. 532 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് മണ്ണ് പരിശോധനയും

സ്ട്രക്ചറൽ ഡിസൈനും നടത്താതെയാണ് തയ്യാറാക്കിയത്. ദേവസ്വം മരാമത്ത് വിദഗ്ധസമിതി അംഗീകരിക്കുന്നതിന് മുമ്പേ എസ്റ്റിമേറ്റ് ഭരണസമിതി അംഗീകരിച്ചത് ശരിയല്ല.

2) എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയത് എഞ്ചിനീയറിംഗ് അധികൃതരല്ല പദ്ധതിയുടെ ബജറ്റ് വകയിരുത്തൽ വിവരം ലഭ്യമല്ല.

3) 1130 ടൺ സിമന്റും 216 ടൺ കമ്പിയും സൗജന്യമായി ലഭിക്കുമെന്ന് തെറ്റിദ്ധരിപ്പിച്ചാണ് ദേവസ്വം കമ്മീഷണറിൽ നിന്ന് പണിക്ക് അനുമതി വാങ്ങിയത് 100 ടൺ സിമന്റ് മാത്രമാണ് സൗജന്യമായി ലഭിച്ചത്.

4) അംഗീകരിച്ച എസ്റ്റിമേറ്റ് അനുസരിച്ചല്ല പണി നടത്തിയത്. മണ്ണ് പരിശോധനയും സ്ട്രക്ചറൽ ഡിസൈനും തയ്യാറാക്കിയപ്പോൾ പണിയുടെ ഇനങ്ങൾ അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും വൻ വ്യതിചലനം രേഖപ്പെടുത്തി.

5) സ്ട്രക്ചറൽ ഡിസൈൻ ലഭിക്കും മുമ്പ് പണി ധൃതിപിടിച്ച് ടെണ്ടർ ചെയ്തു. ടെണ്ടറുകൾക്ക് നിയമപ്രകാരമുള്ള സമയം അനുവദിച്ചില്ല. ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ലെന്ന് ദേവസ്വം കമ്മീഷണർ തന്നെ കുറ്റപ്പെടുത്തിയതായി കാണുന്നു. ഈ വിഷയത്തിൽ സർക്കാർ അന്വേഷണം വേണമെന്ന് ഭരണ സമിതി തീരുമാനിച്ചിട്ടും തുടർനടപടികൾ ഉണ്ടായില്ല.

6) കരാർ തുകയിൽ കമ്പി, സിമന്റ് വില ഉൾപ്പെടുത്തിയില്ല.

7) 31.3.2004 വരെയും ചീഫ് ടൗൺപ്ലാനറുടെയോ നഗരസഭയുടെയോ കെട്ടിടനിർമ്മാണ അനുമതി ലഭിച്ചില്ല.

8) മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി യഥാസമയം വാങ്ങാത്തതിനാൽ 8500 രൂപ പിഴ ഒടുക്കേണ്ടി വന്നു.

9) മണ്ണ് കിളച്ചെടുത്ത് നീക്കം ചെയ്യുന്ന പ്രവൃത്തി ഒരിനമായി കാണിക്കാതെ മണ്ണ് കിളയ്ക്കുന്നത് മാത്രം ഒറിജിനൽ എസ്റ്റിമേറ്റിലും നീക്കം ചെയ്യുന്ന പ്രവൃത്തി എക്സ്ട്രാ ഇനമായും കാണിച്ചായിരുന്നു നിർവഹണം. രണ്ടിനത്തിലും ഇനിഷ്യൽ ലീഡും ലിഫ്റ്റും വെവ്വേറെ കാണിച്ചു. ഇതിനാൽ 8267.09 ഘനമീറ്റർ പ്രവൃത്തിക്ക് 118835 രൂപയുടെ അധിക ചെലവ് കാണുന്നു.

[illegible]ിളച്ചെടുത്ത മണ്ണ് 5 കി.മീ. ദൂരത്ത് നി[illegible]പിക്കാനുള്ള ദേവസ്വം ഭരണസമിതി തീരുമാനത്തിന് വി[illegible]. ദൂരത്തി[illegible] കടത്ത് കൂലി അനുവദിച്ചു . ഇതിൽ 17422 രൂപ അധിക [illegible]ുന്നു.

11) സിമന്റ്, കമ്പിവിലകൾ കണക്കാക[illegible]ത മൊത്തം പ്രവൃത്തി മൂല്യം നിർണയിച്ച് നികുതികളും നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതവും കണക്കാക്കിയതിനാൽ ആദായനികുതി 224356 രൂപയും വിൽപനനികുതി 224356 രൂപയും ക്ഷേമനിധി വിഹിതം 101980 രൂപയും കുറവുണ്ട്.

12) മണ്ണ് പരിശോധനയ്ക്കും ഡിസൈനിനും ടെണ്ടർ അംഗീകരിച്ച സ്ഥാപനത്തെ ഒഴിവാക്കി സ്വകാര്യ വ്യക്തികളെ ഏൽപ്പിച്ചതിനാൽ 11200 രൂപയുടെ അധിക ചെലവ് കാണുന്നു.

13) പദ്ധതിയുടെ മൊത്തം ചെലവ് വിശദീകരിക്കുന്ന രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല 12/2000 ൽ തുടങ്ങി 3.10.2002 പൂർത്തിയാക്കേണ്ടിയിരുന്ന പണി 3/2006 കഴിഞ്ഞിട്ടും പൂർത്തിയായിട്ടില്ല.

14) ദേവസ്വം ഗസ്റ്റ് ഹൗസുകൾ 40 ലക്ഷം പ്രതിവർഷ നഷ്ടം ഉണ്ടാക്കുമ്പോൾ ഈ കോംപ്ലക്സും നിത്യബാധ്യതയാകാൻ സാധ്യതയുണ്ട്.

മേൽ വിശദാംശങ്ങളിലേക്ക് ഭരണവകുപ്പിന്റേയും ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 6.3.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

48. ദേവസ്വം കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ 27.04.2021-ന് നടന്ന ഓഡിറ്റ് റിവ്യൂ മീറ്റിംഗിൽ ചില അപാകതകൾ കണ്ടെത്തിയിരുന്നുവെന്നും തുടർനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

49. രേഖകൾ നൽകുന്നതിൽ വീഴ്ച വരുത്തിയെന്നാണ് ഓഡിറ്റ് [illegible] ഗവൺമെന്റ് തീരുമാനം അനുസരിക്കുവാൻ അവർ ബാധ്യസ്ഥരാണെന്നും [illegible] ചൂണ്ടിക്കാട്ടി. പ്രസ്തുത പരാമർശം ഒഴിവാക്കിയിട്ടില്ലെന്നും ഉ[illegible]ദികളായവർക്കെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതിന് അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും തുടർ നടപടികൾ സ്വീകരിച്ച ശേഷം റിപ്പോർട്ട് ലഭ്യമാക്കാമെന്നും റവന്യൂ(ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

50. ദേവസ്വം ഗസ്റ്റ്ഹൗസുകൾക്ക് പ്രതിവർഷം 40 ലക്ഷം രൂപ നഷ്ടം ഉണ്ടാകുമ്പോൾ സത്രം ഓഡിറ്റോറിയം കോംപ്ലക്സും നിത്യബാധ്യതയാകാൻ സാധ്യതയുണ്ടെന്നുള്ള ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് പ്രസ്തുത കോംപ്ലക്സ് ഉപയോഗിക്കാതെ കിടന്നതിനാൽ നഷ്ടത്തിലായിരുന്നുവെന്നും എന്നാൽ, നിലവിൽ കല്യാണങ്ങൾ ഓഡിറ്റോറിയത്തിൽ നടത്തുന്നതുവഴി വരുമാനം ലഭിക്കുന്നുണ്ടെന്നും റവന്യൂ(ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

51. ദേവസ്വം ബോർഡിൽ കാലാകാലങ്ങളായി നടന്നുവന്നിരുന്ന പിൻവാതിൽ നിയമനത്തിനെതിരെ ഗവൺമെന്റ് ശക്തമായ നിയമം കൊണ്ടുവന്നെങ്കിലും ഗുരുവായൂർ ദേവസ്വം ബോർഡ് മാത്രം ഇതിനെ എതിർത്തെന്നും പ്രസ്തുത ബോർഡിൽ മാനേജ്മെന്റ് കമ്മിറ്റിയായിരുന്നു കാര്യങ്ങൾ തീരുമാനിച്ചിരുന്നതെന്നും എന്നാൽ കോടതി ആ അധികാരം റദ്ദ് ചെയ്യുകയും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് മാത്രമേ നിയമനം നടത്താൻ അധികാരമുള്ളൂ എന്ന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ടെന്നും എല്ലാ ദേവസ്വങ്ങളിലും പ്രസ്തുത ഉത്തരവ് നടപ്പിലാക്കാനുള്ള ശക്തമായ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**52. സത്രം ഓഡിറ്റോറിയം കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിയുടെ ഫൈനൽ ബില്ലും അനുബന്ധ രേഖകളും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കാൻ 27.04.2021-ൽ ചേർന്ന ദേവസ്വം കമ്മീഷണറുടെ അധ്യക്ഷതയിൽ യോഗത്തിൽ തീരുമാനിച്ചിരുന്നെങ്കിലും ആയത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത രേഖകൾ അടിയന്തരമായി ഓഡിറ്റിന് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ശ്രീശങ്കരനാരായണ ക്ഷേത്രം, രാമന്തളി, കണ്ണൂർ**

**വായ്പ തിരിച്ചടവ് തുക അപഹരിച്ചു**

*(1997-2004 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 30)*

വായ്പ തിരിച്ചടയ്ക്കാനായി പിൻവലിച്ച 18,636/- രൂപ ദേവസ്വത്തിൽ ഒടുക്കാതെ ധനാപഹരണം.

ഓഡിറ്റ് വർഷം ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർക്ക് ശ്രീ. ചിറക്കാവ് ഭഗവതി ക്ഷേത്രത്തിന്റെയും അധികച്ചുമതലയുണ്ടായിരുന്നു. ശ്രീ. ചിറക്കാവ് ദേവസ്വത്തിലേക്ക് വായ്പ തിരിച്ചടയ്ക്കാൻ വൗച്ചർ 62/28.07.2002 പ്രകാരം 18,636/- രൂപ ചെലവെഴുതിയെങ്കിലും തുക ശ്രീ.ചിറക്കാവ് ദേവസ്വത്തിൽ ഒടുക്കിയിട്ടില്ല (ശ്രീ.ചിറക്കാവ് ക്ഷേത്രത്തിന്റെ 2002 ഓഡിറ്റിൽ തുക ക്ഷേത്രഫണ്ടിൽ വരവു കാണുന്നില്ല). തുക പലിശസഹിതം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക നമ്പർ 6.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

53. വായ്പ തിരിച്ചടയ്ക്കാനായി പിൻവലിച്ച 18,636/- രൂപ ദേവസ്വത്തിൽ ഒടുക്കാതെ ധനാപഹരണം നടത്തിയെന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മലബാർ ദേവസ്വം ബോർഡിന്റെ ഭാഗമായ ശ്രീ ചിറക്കാവ് ഭഗവതി ക്ഷേത്രത്തിൽ ശമ്പളം നൽകാൻ ഫണ്ടില്ലാതെ വന്നപ്പോൾ എക്സിക്യൂട്ടീവ് ഓഫീസറുടെ കൺട്രോളിലുള്ള ക്ഷേത്രത്തിൽ നിന്നും തുക വകമാറ്റി ചെലവഴിച്ചുവെന്നതാണ് ഓഡിറ്റ് പരാമർശമെന്നും മേൽശാന്തിമാർക്ക് ശമ്പളം കൊടുക്കാൻ പറ്റാത്ത സാഹചര്യം വന്നതുകൊണ്ടാകാം അങ്ങനെ ചെയ്തതെന്നും അത് തെറ്റാണെന്നും 18,636/- രൂപ തിരിച്ചടച്ചിട്ടുള്ളതായി ഓഡിറ്റ് വകുപ്പിന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും പലിശ ഇതുവരെ അടച്ചിട്ടില്ലെന്നും പ്രസ്തുത ബോർഡിലെ ചില ക്ഷേത്രങ്ങളിൽ വരുമാനമുണ്ടെന്നും ചില ക്ഷേത്രങ്ങളിൽ മേൽശാന്തിമാർക്ക് ശമ്പളം കൊടുക്കാൻപോലും നിർവ്വാഹം ഇല്ലെന്നും

റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. ടി വിഷയത്തിൽ ഏകീകൃത നിയമനിർമ്മാണം ആവശ്യമാണെന്നും നിയമനിർമ്മാണത്തിലൂടെ മാത്രമേ പരിഹാരം കാണാൻ സാധിക്കുകയുള്ളൂവെന്നും അഭിപ്രായപ്പെട്ട സമിതി പ്രസ്തുത മറുപടി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

## നിഗമനങ്ങൾ/ശിപാർശകൾ

**54. തുക തിരിച്ചടച്ചതായുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചാലാട് ശ്രീ ധർമ്മശാസ്താ ക്ഷേത്രം, കണ്ണൂർ**

**വാവ് ഉത്സവം: കണക്കുകൾ ഹാജരാക്കിയിട്ടില്ല**

(2002-2003 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 21)

ചാലാട് ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിൽ വാവ് ഉത്സവവുമായി ബന്ധപ്പെട്ട് ക്ഷേത്രസേവാ സമിതി ഓഡിറ്റ് കാലയളവിൽ ആകെ 27,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. തുകയുടെ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. 27,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 6.5.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

55. ക്ഷേത്രസേവാ സമിതി ഓഡിറ്റ് കാലയളവിൽ ആകെ 27,000/- രൂപ കൈപ്പറ്റിയിട്ടുണ്ടെന്നും തുകയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ലെന്നുമുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് എക്സിക്യൂട്ടീവ് ഓഫീസർക്കെതിരെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് നിർദ്ദേശിച്ച സമിതി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് തീരുമാനിച്ചു.

## ശിപാർശകൾ

56. ഓഡിറ്റ് തടസ്സപ്പെടുത്തിയ 27000/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ലെങ്കിൽ [illegible] തുക ദേവസ്വം അക്കൗണ്ടിൽ തിരിച്ചടയ്ക്കാൻ മുൻ കമ്മിറ്റി ഭാരവാഹികൾക്ക് ദേവസ്വം മാനേജർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തിരിച്ചടവ് പുരോഗതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത റിപ്പോർട്ട് ഓഡിറ്റിന്റെ പരിശോധനകൾക്ക് ഹാജരാക്കുന്നതിനും ഓഡിറ്റിന് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ശ്രീമുണ്ടയാംപറമ്പ് ക്ഷേത്രം, കണ്ണൂർ**

**കയ്യിരിപ്പ് പണം അപഹരിച്ചു**

(2000-2004 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക. 27)

മുൻ എക്സിക്യൂട്ടീവ് ഓഫീസർ കയ്യിരിപ്പ് പണം 12885/- രൂപ പുതിയതായി ചാർജെടുത്ത എക്സിക്യൂട്ടീവ് ഓഫീസർക്ക് കൈമാറാതെ അപഹരിച്ചു.

മുൻ എക്സിക്യൂട്ടീവ് ഓഫീസർ ചാർജ്ജ് കൈമാറാത്തതിനെത്തുടർന്ന് പുതിയതായി വന്ന എക്സിക്യൂട്ടീവ് ഓഫീസർ, ഭരണ വകുപ്പ് ഉദ്യോഗസ്ഥർ, പോലീസ്, വില്ലേജ് ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ക്ഷേത്രത്തിന്റെ ചാർജ്ജ് 1.06.2004-ന് ഏറ്റെടുത്തു. മുൻ എക്സിക്യൂട്ടീവ് ഓഫീസർ 5/2004 ലെ ക്യാഷ് ബുക്ക് ക്ലോസ് ചെയ്തിരുന്നില്ല. ഓഡിറ്റിൽ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ 5/04 ലെ കയ്യിരിപ്പ് പണം 12,885.30 രൂപയാണെന്ന് കാണുന്നു. എന്നാൽ തുക പുതിയതായി ചാർജെടുത്ത എക്സിക്യൂട്ടീവ് ഓഫീസറെ ഏൽപ്പിക്കുകയോ ദേവസ്വം ഫണ്ടിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. ഇത് ദേവസ്വം ഫണ്ടിന്റെ അപഹരണമാണ്. തുക ഉത്തരവാദിയിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്. അനന്തര നടപടികൾക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 6.6.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാ[illegible]ന്നു[illegible] ചേർത്തിരിക്കുന്നു.

57. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമി[illegible]ാഞ്ഞതിന് പുതിയ[illegible] ചാർജെടുത്ത എക്സിക്യൂട്ടീവ് ഓഫീസർക്ക് മുൻ എക്സിക്യൂട്ടീവ് ഓഫീസർ കയ്യിരിപ്പ് പണം കൈമാറാത്തതിനെ തുടർന്ന് 16.07.19-ന് ടിയാന് രജിസ്റ്റേർഡ് നോട്ടീസ് അയയ്ക്കുകയും അതുപ്രകാരം ടിയാൻ 30.07.19-ന് പലവക രസീത് നമ്പർ 2907 പ്രകാരം ക്ഷേത്ര ഫണ്ടിലേക്ക് തുക തിരികെ ഒടുക്കിയിട്ടുണ്ടെന്നും റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

58. 2003-04 കാലയളവിൽ സംഭവിച്ച കാര്യങ്ങളാണെന്നും ഇത്തരം കേസുകൾ ഇനി ആവർത്തിക്കരുതെന്നും സമിതി നിർദ്ദേശിച്ചപ്പോൾ ഭാവിയിൽ ഇത്തരം വിഷയങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് ഓഫീസർമാർ ഫയലിൽ തിരിമറി നടത്തിയാലും ഓഡിറ്റ് കർശന നടപടികൾ സ്വീകരിക്കുന്നതുകൊണ്ട് ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നില്ലെന്നും വിരമിച്ച ജീവനക്കാരിൽ നിന്നും തുക തിരിച്ചുപിടിക്കാൻ സാധിക്കില്ലെന്നും എന്നാൽ സർവ്വീസിലുള്ളവരെ ടെർമിനേറ്റ് ചെയ്യുന്നതുപോലുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടതുണ്ടെന്നും റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

59. തിരിച്ചടച്ച തുക ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല എന്നതാണ് ഓഡിറ്റ് പരാമർശമെന്ന് ചൂണ്ടിക്കാട്ടിയ സമിതി തിരിച്ചടച്ച തുക പലവക രസീത് പ്രകാരം രേഖപ്പെടുത്തുന്നുണ്ടോയെന്ന് ആരാഞ്ഞു. തിരിച്ചടച്ച തുക പലവക രസീതിലാണ് രേഖപ്പെടുത്തുന്നതെന്നും ക്ഷേത്രങ്ങളിലുണ്ടാകുന്ന ക്രമക്കേടുകളെ കുറിച്ച് അന്വേഷണം നടത്താൻ ദേവസ്വത്തിന് ഒരു വിജിലൻസ് ടീം ഉണ്ടെന്നും ഭണ്ഡാരത്തിലും കണക്കുകളിലും ക്രമക്കേടുകൾ സംഭവിക്കാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ അറിവില്ലായ്മയും പരിചയക്കുറവും കൊണ്ട് ക്രമക്കേടുകൾ സംഭവിക്കാറുണ്ടെന്നും എല്ലാ ദേവസ്വം ബോർഡുകളിലും ഏകീകൃതമായ രീതിയിൽ നിയമനം നടത്തുന്നതിന് നിയമപരമായ നടപടികൾ സ്വീകരിച്ചുവരികയാണെന്നും റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

60. നഷ്ട തുക തിരികെ ഒടുക്കിയിട്ടുണ്ടെന്നും മാറിയിൽ ഇത്തരം വിഷയങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് ഓഫീസർമാർ ഫയലിൽ തിരിമറി നടത്തിയാലും ഓഡിറ്റ് കർശന നടപടികൾ സ്വീകരിക്കുന്നതുകൊണ്ട് ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നില്ലെന്നും ഭണ്ഡാരത്തിലും കണക്കുകളിലും ക്രമക്കേടുകൾ സംഭവിക്കാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും എല്ലാ ദേവസ്വം ബോർഡുകളിലും ഏകീകൃതമായ രീതിയിൽ നിയമനം നടത്തുന്നതിന് നിയമപരമായ നടപടികൾ സ്വീകരിച്ച് വരികയാണെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഉദ്യാവര ശ്രീമഹാദേവ ക്ഷേത്രം, കാസർഗോഡ്**

**ഉത്സവ കമ്മിറ്റിയുടെ കണക്കുകൾ ഹാജരാക്കിയില്ല**

(1996-2003 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 23)

ക്ഷേത്രത്തിലെ വാർഷികോത്സവം നടത്തുന്നതിന് പ്രാദേശിക ഉത്സവ കമ്മിറ്റിക്ക് ക്ഷേത്രഫണ്ടിൽ നിന്നും ഓഡിറ്റ് കാലയളവിൽ (1996-2003) 90,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. പുറമേ " തുറന്ന ഭണ്ഡാരം " വഴി ഉത്സവകമ്മിറ്റി ഉത്സവവേളയിൽ വൻ തുക സമാഹരിച്ചിട്ടുള്ളതായും ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഉത്സവകമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. " തുറന്ന ഭണ്ഡാരം " വഴി വരവ് വന്നിട്ടുള്ള തുക ക്ഷേത്ര ഫണ്ടിൽ ഒടുക്കാതെ നേരിട്ട് കൈകാര്യം ചെയ്യുന്നതും, ഉത്സവവുമായി ബന്ധപ്പെട്ട വരവ്-ചെലവ് കണക്ക് ഹാജരാക്കാത്തതും ഗുരുതരമായ സാമ്പത്തിക ക്രമക്കേട് ആണ്, വിശദമായ അന്വേഷണം ഭരണ വകുപ്പ് നടത്തേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 6.8.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

61. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഓഡിറ്റ് പരാമർശം 1996-2003 വരെയുള്ള കാലയളവിലെ സംഭവങ്ങളെക്കുറിച്ചാണെന്നും നിലവിൽ ക്ഷേത്ര ഫണ്ടിന്റെ വിനിയോഗം, വരവ് ചെലവ് കണക്കുകൾ, വൗച്ചർ സൂക്ഷിക്കൽ എന്നിവയിൽ വ്യക്തമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടെന്നും പ്രസ്തുത മാർഗരേഖ അനുസരിച്ചാണ് മുന്നോട്ട് പോകുന്നതെന്നും റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബോധിപ്പിച്ചു.

62. മലബാർ ദേവസ്വം ബോർഡിൽ ഇതുപോലുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്നും ഭാവിയിൽ ഇത്തരം വിഷയങ്ങൾ ആവർത്തിക്കാതിരിക്കാൻ വകുപ്പ് സഹായകരമായ ഇടപെടൽ നടത്തണമെന്നും സമിതി നിർദ്ദേശിച്ചതിന് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പ് നൽകി.

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**63. നിലവിൽ ക്ഷേത്രഫണ്ടിന്റെ വിനിയോഗം, വരവ് ചെലവ് കണക്കുകൾ, വൗച്ചർ സൂക്ഷിക്കൽ എന്നിവയിൽ വ്യക്തമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടെന്നും പ്രസ്തുത മാർഗ്ഗരേഖ അനുസരിച്ചാണ് മുന്നോട്ട് പോകുന്നതെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഭാവിയിൽ ഇത്തരം വിഷയങ്ങൾ ആവർത്തിക്കാതിരിക്കാൻ വകുപ്പ് ജാഗ്രത പുലർത്തണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## <u>സാംസ്കാരികകാര്യ വകുപ്പ്</u>

ഓഡിറ്റ് ഖണ്ഡിക

**കേരള സാഹിത്യ അക്കാദമി**

**പുസ്തക വില ഈടാക്കുന്നില്ല; കുടിശ്ശിക 25.6 ലക്ഷം**

(2003-04 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 23)

സാഹിത്യ അക്കാദമി വിവിധ സ്ഥാപനങ്ങൾക്ക് ക്രെഡിറ്റ് വ്യവസ്ഥയിൽ വിതരണം നൽകുന്ന പുസ്തകങ്ങളുടെ വില ഈടാക്കുന്നില്ല.

2003-2004 വരെയുള്ള കണക്ക് അനുസരിച്ച് 2559439.50 രൂപയാണ് കുടിശ്ശിക.

2003-2004 ൽ കിട്ടാനുള്ള 105315 രൂപയും 24.04.2002 വരെ കിട്ടാനുള്ള 2454124.50 (2002-2003 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 19) ഉൾപ്പെടെയാണിത്. സ്വകാര്യ പുസ്തക വില്പനശാലയ്ക്ക് ക്രെഡിറ്റ് വ്യവസ്ഥയിൽ വില്പനയ്ക്ക് നൽകിയ പുസ്തകങ്ങളുടെ വിലയാണ് കുടിശ്ശികയായത്.

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 5.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

64. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നിലവിൽ കുടിശ്ശിക 8,05,681 രൂപയായിട്ടുണ്ടെന്നും 11 പുസ്തകശാലകൾക്കാണ് അക്കാദമി ക്രെഡിറ്റ് വ്യവസ്ഥയിൽ പുസ്തകങ്ങൾ നൽകിയിട്ടുള്ളതെന്നും നിലവിൽ പുസ്തകശാലകൾക്ക് ക്രെഡിറ്റ് പരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ ക്രെഡിറ്റ് പർച്ചേസ് മാത്രമേ അവർ നടത്തുന്നുള്ളൂ എന്നും പ്രമുഖ ബുക്ക് സ്റ്റാളുകളുമായിട്ടും ലൈബ്രറികളുമായിട്ടും ചർച്ച നടത്തി പുസ്തകങ്ങളുടെ കുടിശ്ശിക തുക അഡ്ജസ്റ്റ് ചെയ്ത് കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കേരള സാഹിത്യ അക്കാദമി സെക്രട്ടറി മറുപടി നൽകി. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**65. കേരള സാഹിത്യ അക്കാദമി സെക്രട്ടറി ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗവേഷണ ധനസഹായം : പ്രബന്ധങ്ങൾ സമർപ്പിച്ചിട്ടില്ല**
(2003-04 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 11)

അക്കാദമിയിൽ നിന്നും ഗവേഷണ ധനസഹായം കൈപ്പറ്റിയവർ ഗവേഷണ പ്രബന്ധങ്ങൾ സമർപ്പിച്ചിട്ടില്ല. ഗവേഷണ ധനസഹായമായി വിവിധ വ്യക്തികൾക്ക് നൽകിയ 144000 രൂപ ഇതിനാൽ സാധൂകരിക്കാനുണ്ട്.

99-2000 മുതൽ 2003-2004 വരെ 18 പേർക്ക് നൽകിയതാണീ തുക. ധനസഹായം കൈപ്പറ്റിയവർ ഒരു വർഷത്തിനകം ഗവേഷണ പ്രബന്ധം അക്കാദമിക്ക് സമർപ്പിക്കണമെന്നാണ് വ്യവസ്ഥ. ഇത് ലംഘിച്ചിട്ടും തുടർനടപടിയില്ല. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 5.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

66. 18 പേരിൽ 15 പേർ പ്രബന്ധം തയ്യാറാക്കി അക്കാദമിയിൽ സമർപ്പിച്ചിട്ടുള്ളതിനാലും 3 പേർ കൈപ്പറ്റിയ തുക തിരിച്ചടച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പിന് ബോധ്യപ്പെട്ടിട്ടുള്ളതിനാലും പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>**നിഗമനങ്ങൾ/ശിപാർശകൾ**</u>

**67. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക
**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്:**
**പുസ്തക വില : 12.6 ലക്ഷം കുടിശ്ശിക**
(2001-2002 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 9(1))

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ വില്പന നടത്തിയതിൽ ബുക്ക് സ്റ്റാളുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും 12,62,686 രൂപ കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാനുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 5.3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

68. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഓഡിറ്റ് വ്യവസ്ഥയിൽ നിലവിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കുടിശ്ശികയായി തുക ലഭിക്കാനില്ലെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറിയും സർക്കാർ സ്ഥാപനമായ ബുക്ക് മാർക്കിന്

മാത്രമാണ് കുടിശ്ശികയുള്ളതെന്നും സ്വകാര്യ സ്ഥാപനങ്ങൾക്ക് ക്രെഡിറ്റ് വ്യവസ്ഥയിൽ പുസ്തകങ്ങൾ നൽകാറില്ലെന്നും കാലാകാലങ്ങളിൽ ബുക്ക്മാർക്ക് തുക ലഭ്യമാക്കുകയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ അനുവദിച്ചു വരുന്നുണ്ടെന്നും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും സമിതിയെ ബോധ്യപ്പെടുത്തി.

69. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

<u>**നിഗമനങ്ങൾ/ശിപാർശകൾ**</u>

**70. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ അംഗീകാരമില്ലാതെ അധിക തസ്തികകൾ സൃഷ്ടിച്ചു**

(2001-2002 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 16)

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലേയും വിജ്ഞാന മുദ്രണം പ്രസ്സിലേക്കും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടാത്ത 14 അധിക തസ്തികകൾ സർക്കാർ അനുമതി ഇല്ലാതെ സൃഷ്ടിച്ചു

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 5.3.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

71. അംഗീകാരമില്ലാത്ത തസ്തികകളിൽ നിലവിൽ ആരും ജോലി ചെയ്യുന്നില്ലെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>**നിഗമനങ്ങൾ/ശിപാർശകൾ**</u>

**72. പരാമർശത്തിൽ പ്രതിപാദിച്ചിട്ടുള്ള തസ്തികകളിൽ നിലവിൽ ആരും ജോലി ചെയ്യുന്നില്ലെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിജ്ഞാനകൈരളി: തപാൽ സൗജന്യം പുതുക്കിയില്ല; 21,000/- രൂപ നഷ്ടം**

(2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 21)

സാധാരണ നിരക്ക് 1 രൂപയ്ക്ക് പകരം 35 പൈസ സൗജന്യ നിരക്കിൽ വിജ്ഞാനകൈരളി മാസിക വരിക്കാർക്ക് അയച്ചുകൊടുക്കുന്നതു സംബന്ധിച്ച തപാൽ വകുപ്പ് രജിസ്ട്രേഷൻ കാലാവധി 31.03.2001-ൽ അവസാനിച്ചത് പുതുക്കാത്തതിനാൽ 21001 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 5.3.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

73. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2001-2002 കാലഘട്ടത്തിലെ വിഷയമായതിനാലും അന്നത്തെ ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാലും ഭരണസമിതിയിൽ വച്ച് സാധൂകരണം വാങ്ങിക്കുന്നതാണെന്ന വിവരം ഓഡിറ്റ് വകുപ്പിനെ കത്ത് മുഖേന അറിയിച്ചിരുന്നെന്നും അടുത്ത ഭരണ സമിതിയിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണെന്നും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

74. ആയതു സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>**നിഗമനങ്ങൾ/ശിപാർശകൾ**</u>

**75. ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടം വന്ന തുക എഴുതിത്തള്ളുന്നതിന് ഭരണസമിതിയിൽ വച്ച് തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ അടിയന്തരമായി ഭരണസമിതിയിൽ സമർപ്പിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

**മഹാത്മാഗാന്ധി സർവ്വകലാശാല**

**ആനുകൂല്യങ്ങൾ നിയമങ്ങൾ പാലിക്കാതെ; ലക്ഷങ്ങൾ ചോരുന്നു**

(ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 14, 22, 24, 26, 7, 19)

(28.06.2006 എൽ.എഫ്.എം.ജി.യു ഓഡിറ്റ് 75/05 നമ്പർ കത്ത്)

സ്റ്റാറ്റ്യൂട്ടും, സർവ്വീസ് നിയമങ്ങളും സർക്കാർ ഉത്തരവുകളും ലംഘിച്ച് സർവ്വകലാശാല ജീവനക്കാർക്ക് സേവനാനുകൂല്യങ്ങൾ നൽകുന്നു. ഇതുവഴി ലക്ഷങ്ങളാണ് ചോരുന്നത്.

ഓഡിറ്റിൽ വ്യക്തമായ വിവരങ്ങളിൽ നിന്നും തെരഞ്ഞെടുത്തവ താഴെ വിവരിക്കുന്നു.

**i) പെൻഷൻ ഓഡിറ്റ് പരിശോധനയില്ലാതെ**

സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററായ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയില്ലാതെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് (സെക്ഷൻ 52) വിലക്കുന്നു. ഇതിന് വിരുദ്ധമായി 5/2001 മുതൽ പെൻഷൻ ഫയലുകൾ/സേവനപുസ്തകങ്ങൾ ഓഡിറ്റിന് സമർപ്പിക്കുന്നില്ല.

ഓഡിറ്റിൽ ശമ്പളം, ഗ്രേഡ് നിർണ്ണയങ്ങളിൽ അപാകതകൾ വ്യക്തമാക്കിയ ജീവനക്കാരുടെ പെൻഷൻ ഫയലുകൾ അവ പരിഹരിക്കാതെ തീർപ്പാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമപരമായി സേവനകാലമായി കണക്കാക്കാൻ പാടില്ലാത്ത ശൂന്യവേതനാവധി, താല്ക്കാലിക സേവനം എന്നിവ പരിഗണിച്ച് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചതായി കാണുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.2(1)(i))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

76. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് സർവ്വീസിൽ നിന്ന് വിരമിക്കുന്നവരുടെ പെൻഷൻ ഫയൽ/സേവനപുസ്തകം എന്നിവ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടെന്നും

നിലവിൽ വിരമിക്കുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ ഓഡിറ്റ് വകുപ്പിന്റെ ശിപാർശ പ്രകാരമാണ് നൽകുന്നതെന്നും പെൻഷൻ ഓഡിറ്റിന്റെ കാര്യത്തിലും നടപടികൾ തുടർന്നുവരുന്നുണ്ടെന്നും നിലവിൽ പ്രശ്നങ്ങളൊന്നും ഇല്ലാത്തതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്നും മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർ സമിതിയോട് അഭ്യർത്ഥിച്ചു.

77. നിലവിൽ സർവ്വകലാശാലയിലെ പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന്റെ പരിശോധന പൂർത്തിയായതിനുശേഷമാണ് വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ അനുവദിക്കുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് മഹാത്മാഗാന്ധി സർവ്വകലാശാല ഓഡിറ്റ് ജോയിന്റ് ഡയറക്ടറും സമിതി മുൻപാകെ ബോധിപ്പിച്ചു.

78. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു

**<u>നിഗമനങ്ങൾ/ശിപാർശകൾ</u>**

**79. നിലവിൽ സർവ്വകലാശാലയിലെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിലാണ് എന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അമ്മൻചേരി ഹൗസിംഗ് കോളനി വാങ്ങൽ; സർവകലാശാലയുടെ താൽപ്പര്യം സംരക്ഷിച്ചില്ല**

(ഓഡിറ്റ് റിപ്പോർട്ട് : ഖണ്ഡിക 35(1)) (28.06.2006 എൽ.എഫ്.എം.ജി.യു ഓഡിറ്റ് 75/05 നമ്പർ കത്ത്)

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ അമ്മൻചേരി ഹൗസിംഗ് കോളനി വാങ്ങുന്നതിന് ചമച്ച കരാറിൽ സർവകലാശാലയുടെ താല്പര്യം സംരക്ഷിച്ചില്ല. ഏകപക്ഷീയമായ കരാർ വ്യവസ്ഥകളിലെ അപാകം ചൂണ്ടിക്കാട്ടിയിട്ടും സർവകലാശാല തിരുത്തിയില്ല. കരാർ വ്യവസ്ഥകൾ ബോർഡിന് അനുകൂലമായതിനാൽ കോളനിയുടെ വില 2.25 കോടിയും അറ്റകുറ്റപ്പണി ചെലവ് 620258 രൂപയും ഉൾപ്പെടെ 23120258 രൂപ സർവകലാശാലക്ക് നഷ്ടമായേക്കാം.

സർവകലാശാല ക്വാർട്ടേഴ്സിന് വേണ്ടി 22.3.95 മുതൽ 29.5.2000 വരെ 5 ഗഡുക്കളായാണ് സർവകലാശാല 2.25 കോടി കോളനിയുടെ വിലയായി ബോർഡിന് നൽകിയത്. പണം നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും കോളനിയിലെ വീടുകളും പ്ലോട്ടുകളും സർവകലാശാലയുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും കൈവശത്തിൽ എടുക്കുകയും ചെയ്തില്ല. നിയമപരമായി ഉടമസ്ഥത കൈവരും മുമ്പ് വീടുകളുടെ അറ്റകുറ്റപ്പണിക്ക് 620258 രൂപ സർവകലാശാല ചെലവഴിച്ചതായും കാണുന്നു.

കോളനി വാങ്ങൽ ഇടപാടിലെ മറ്റ് പ്രധാന അപാകതകൾ

1. സ്ഥലപരിശോധന, രേഖകളുടെ പരിശോധന എന്നിവ നടത്താതെയും നിയമോപദേശം തേടാതെയുമാണ് സർവ്വകലാശാല കോളനി വാങ്ങാൻ തീരുമാനിച്ചത്.
2. പ്രാഥമിക കരാർ ചമയ്ക്കാതെ വിലയിൽ 1.75 കോടി ബോർഡിന് കൈമാറി ഇതിന് ശേഷമാണ് കരാർ ഒപ്പിട്ടത്.
3. ബോർഡ് വീടുകളുടെ എണ്ണം കുറച്ച് വില വർദ്ധിപ്പിച്ചിട്ടും സർവകലാശാല നിയമ നടപടി സ്വീകരിച്ചില്ല
4. കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ചതിനാൽ കോളനിയിൽ പണിത 42 വീടുകൾക്ക് കുമാരനെല്ലൂർ ഗ്രാമപഞ്ചായത്ത് അംഗീകാരം നിഷേധിച്ചിട്ടും സർവ്വകലാശാല നടപടി സ്വീകരിച്ചതിന് തെളിവില്ല
5. ബോർഡിന് നൽകുവാനുള്ള തുകയിൽ വീഴ്ച വരുത്തിയാൽ അടച്ച തുക മുഴുവൻ കണ്ടുകെട്ടുമെന്ന കരാർവ്യവസ്ഥ 2.25 കോടി നഷ്ടമാക്കിയിട്ടും സർവകലാശാല തുടർനടപടികൾ സ്വീകരിച്ചില്ല. കോളനി വാങ്ങൽ ഇടപാട് സമഗ്രമായ അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.2.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

80. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ അമ്മൻചേരി ഹൗസിംഗ് കോളനി വാങ്ങുന്നതിന് ചമച്ച കരാറിൽ സർവ്വകലാശാലയുടെ താൽപര്യം സംരക്ഷിച്ചില്ലെന്നും

ഏകപക്ഷീയമായ കരാർ വ്യവസ്ഥകളിലെ അപാകം ചൂണ്ടിക്കാട്ടിയിട്ടും സർവ്വകലാശാ തിരുത്തിയില്ലെന്നുമുള്ള ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ 20.10.2008-ൽ ഒപ്പുവച്ച കരാർ പ്രകാരവും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2004-06)യുടെ 115-ാമത് റിപ്പോർട്ടിന്മേലുള്ള ശിപാർശ അനുസരിച്ച് ചീഫ് സെക്രട്ടറിയുടെ 11.01.2007-ലെ നിർദ്ദേശപ്രകാരവും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും വസ്തുവകകൾ കെട്ടിടങ്ങളോടൊപ്പം തിരികെ ഏറ്റെടുക്കുകയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ക്യാമ്പസ് ബ്രാഞ്ചിൽ ഫിനാൻസ് ഓഫീസറുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് 2.25 കോടി രൂപ തിരികെ അടക്കുകയും ചെയ്ത് പ്രസ്തുത വിഷയം തീർപ്പ് കൽപിച്ചിട്ടുള്ളതാണെന്ന് മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർ മറുപടി നൽകി.

81. ഇതുസംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും അവർ പരിശോധിച്ചതിനുശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ കഴിയുമോ എന്ന് പരിശോധിക്കാമെന്നും സമിതി അറിയിച്ചു.

<u>കോളനി വാങ്ങൽ ഇടപാടിലെ മറ്റ് പ്രധാന അപാകതകൾ</u>

82. സ്ഥല പരിശോധന, രേഖകളുടെ പരിശോധന എന്നിവ നടത്താതെയും നിയമോപദേശം തേടാതെയുമാണ് സർവ്വകലാശാല കോളനി വാങ്ങാൻ തീരുമാനിച്ചതെന്നും പ്രാഥമിക കരാർ ഒപ്പുവയ്ക്കാതെ 1.75 കോടി രൂപ ബോർഡിന് കൈമാറിയതിനുശേഷമാണ് കരാർ ഒപ്പിട്ടതെന്നും വീടുകളുടെ എണ്ണം കുറച്ച് വില വർദ്ധിപ്പിച്ചിട്ടും സർവ്വകലാശാല നിയമനടപടി സ്വീകരിച്ചില്ലെന്നും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചതിനാൽ 42 വീടുകൾക്ക് പഞ്ചായത്ത് അംഗീകാരം നിഷേധിച്ചിട്ടും സർവ്വകലാശാല നടപടി സ്വീകരിച്ചതിന് തെളിവില്ലെന്നുമുള്ള ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ചീഫ് സെക്രട്ടറിയുടെ 11.01.2007-ലെ നിർദ്ദേശപ്രകാരം സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും വസ്തുവകകൾ കെട്ടിടങ്ങളോടൊപ്പം തിരികെ ഏറ്റെടുക്കുകയും 2.25 കോടി രൂപ സർവ്വകലാശാലയുടെ അക്കൗണ്ടിലേയ്ക്ക് തിരികെ അടയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർ വിശദീകരിച്ചു.

83. എല്ലാ വിവരവും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മറുപടി, ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശത്തിന് ലഭ്യമാക്കാം എന്ന് മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർ ഉറപ്പ് നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

**84. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും വസ്തുവകകൾ കെട്ടിടങ്ങളോടൊപ്പം തിരികെ ഏറ്റെടുത്തതിന്റെയും 2.25 കോടി രൂപ സർവകലാശാലയുടെ അക്കൗണ്ടിലേക്ക് തിരികെ അടച്ചതിന്റെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ റിപ്പോർട്ട് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല**

**മോഷണംപോയ പണം ഈടാക്കിയില്ല**

*(2002-2003 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 19)*

സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിലെ ഉദ്യോഗസ്ഥരുടെ അനാസ്ഥയാൽ മോഷണം പോയ 90290 രൂപ ഈടാക്കിയില്ല. അനാസ്ഥ കാട്ടിയ ഉദ്യോഗസ്ഥർക്ക് എതിരെ ശിക്ഷണനടപടി സ്വീകരിച്ചുമില്ല.

പ്രവേശന വേളയിൽ വിദ്യാർത്ഥികളിൽ നിന്നും പിരിച്ച ഫീസ് തുകയാണ് 9.7.03-ൽ ഓഫീസ് സമയത്തിനുശേഷം സെക്ഷൻ അസിസ്റ്റന്റിന്റെ മേശയിൽ നിന്നും മോഷണം പോയതായി പറയുന്നത്. മോഷണം പോലീസിൽ അറിയിച്ചെങ്കിലും മോഷണമാണോ ധനാപഹരണമാണോയെന്ന് പോലും കണ്ടെത്താനായില്ല.

ക്യാഷ് ചെസ്റ്റില്ലാത്ത ഓഫീസിൽ ഓഫീസ് സമയത്തിന് ശേഷം ഇത്രയധികം തുക സൂക്ഷിച്ചത് കേരള ട്രഷറി കോഡിനും കേരള ഫിനാൻഷ്യൽ കോഡിനും വിരുദ്ധമാണ്. നിയമപ്രകാരം പണം ക്യാഷ്ബുക്കിൽ ചേർത്ത് ഓഫീസ് മേലധികാരിക്ക് കൈമാറുകയായിരുന്നു വേണ്ടത്.

ഉദ്യോഗസ്ഥ അനാസ്ഥയും കൃത്യവിലോപവും വ്യക്തമായതിനാൽ സർവകലാശാലയ്ക്കുണ്ടായ നഷ്ടം ഇവരിൽനിന്ന് ഈടാക്കണം. ഒപ്പം ഉത്തരവാദികൾക്കെതിരെ നിയമ നടപടി സ്വീകരിക്കണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സഞ്ചിത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

85. മോഷണം പോയ പണം ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കിയിട്ടുള്ളതാണെങ്കിലും ഇത് മോഷണമാണോ ധനാപഹരണമാണോ എന്ന കാര്യത്തിൽ വ്യക്തതയില്ലെന്നും മോഷണം പോയ തുക തിരിച്ചടച്ചാലും മോഷണമാണെങ്കിൽ അത് ക്രിമിനൽ കുറ്റമാണെന്നുമുള്ള സമിതിയുടെ പരാമർശത്തിന് ഓഡിറ്റ് പരാമർശം മോഷണമാണെന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേര് ഉൾപ്പെടുത്തിക്കൊണ്ടുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

86. മോഷണം പോയ പണം തിരിച്ചടച്ചാലും മോഷണം ക്രിമിനൽ കുറ്റമാണെന്ന് അഭിപ്രായപ്പെട്ട സമിതി ഉത്തരവാദികളായവർക്കെതിരെ തുടർനടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**87. മോഷണം പോയ പണം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കിയിട്ടുള്ളതായി സർക്കാർ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മോഷണം പോയ പണം തിരിച്ചടച്ചാലും ക്രിമിനൽ കുറ്റം നിലനിൽക്കുമെന്നതിനാൽ ഉത്തരവാദികളായവർക്കെതിരെ തുടർനടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കരാറുകാരന്റെ താത്പര്യത്തിന് എസ്റ്റിമേറ്റ് ഭേദഗതി; 3.03 ലക്ഷം അധിക ചെലവ്**

*(2002-2003 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 125)*

കരാറുകാരന്റെ താത്പര്യത്തിനനുസരിച്ച് പണിക്കിടെ എസ്റ്റിമേറ്റ് ഭേദഗതി വരുത്തിയതിനാൽ സർവകലാശാലയ്ക്ക് 303277/- രൂപയുടെ അധിക ചെലവ്.

ഇന്റർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ് കെട്ടിടനിർമ്മാണത്തിനിടയിലാണ് മാർബിളിന്റെ അളവ് കരാറുകാരന്റെ താൽപ്പര്യത്തിനനുസരിച്ച് ഇളവ് വരുത്തിയത്. കരാർ പ്രകാരം കെട്ടിടം പണി പൂർത്തിയാകേണ്ട 23.2.2001 ന് ശേഷം 28.5.2001 ലായിരുന്നു ഇത്.

25 മി.മീ. ഘനമുള്ള മാർബിൾ പതിക്കുവാനായിരുന്നു എസ്റ്റിമേറ്റ്. വിപണിയിൽ ലഭ്യമല്ലാത്തതിനാൽ ഘനം 20 മി.മീ. ആയി കുറയ്ക്കണമെന്ന കരാറുകാരന്റെ അപേക്ഷ സിൻഡിക്കേറ്റ് അംഗീകരിച്ചു. ഇതിന് 10 ച.മീറ്ററിന് 10865.66 രൂപ എന്ന അധിക നിരക്കും അനുവദിച്ചു. അംഗീകൃത നിരക്ക് 10 ച.മീറ്ററിന് 8186.06 രൂപ മാത്രമാണ്.

അധിക നിരക്കിൽ 826.65 ച.മീറ്റർ പണിക്ക് 36.91% ടെണ്ടർ അധികം ഉൾപ്പെടെയാണ് 303277 രൂപ അധികം നൽകിയത്.

ഇതു സംബന്ധിച്ച ഓഡിറ്റ് കുറിപ്പിന് വിപണിയിൽ ലഭ്യമായ 20 മി.മീ. വെള്ള മാർബിൾ കുറഞ്ഞ നിരക്കിൽ അനുവദിക്കുവാൻ മാത്രമാണ് ശുപാർശ ചെയ്തതെന്നും നിയമവിരുദ്ധ തീരുമാനത്തിൽ പങ്കില്ലെന്നും എഞ്ചിനീയറിങ് വിഭാഗം മറുപടി നൽകി.

നിയമവിരുദ്ധമായി അധികം നൽകിയ തുക നിയമാനുസൃതമല്ലാത്ത തീരുമാനമെടുത്തവരിൽ നിന്ന് ഈടാക്കണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.3.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

88. കരാറുകാരന്റെ താൽപര്യത്തിനനുസരിച്ച് പണിക്കിടെ എസ്റ്റിമേറ്റ് ഭേദഗതി വരുത്തിയതിനാൽ സർവ്വകലാശാലയ്ക്ക് 3,03,277/- രൂപയുടെ അധികച്ചെലവുണ്ടായെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഇന്റർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ് കെട്ടിട നിർമ്മാണത്തിന് 25 എം.എം. മാർബിൾ ഉപയോഗിക്കാനാണ് എഗ്രിമെന്റ് പ്രകാരം വ്യവസ്ഥ ചെയ്തിരുന്നതെന്നും പ്രസ്തുത പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ 25 എം.എം. മാർബിൾ മാർക്കറ്റിൽ ലഭ്യമല്ലാതിരുന്നതിനാൽ ഘനം കുറയ്ക്കണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടതിനെത്തുടർന്ന് 2002 ജനുവരി 25-ന് ചേർന്ന സിൻഡിക്കേറ്റ് യോഗം 20 എം.എം. മാർബിളുപയോഗിച്ച് പ്രവൃത്തി

പൂർത്തിയാക്കാനും കസാറ്റിൽ അതേ സമയം നടന്ന മറ്റൊരു നിർമ്മാണ പ്രവൃത്തിയിലുപയോഗിച്ച 20 എം.എം. മാർബിളിന്റെ റേറ്റ് നൽകാനും സിൻഡിക്കേറ്റ് തീരുമാനിച്ചുവെന്ന് കൊച്ചിൻ യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ മറുപടി നൽകി.

89. പ്രസ്തുത പ്രവൃത്തിയിൽ വ്യത്യാസം വന്ന തുക കരാറുകാരനിൽ നിന്ന് ഈടാക്കാൻ സർവ്വകലാശാല നടപടി സ്വീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പരാമർശം നിലനിൽക്കുന്നതാണെന്ന് കസാറ്റ് ഓഡിറ്റ് വിംഗ് ജോയിന്റ് ഡയറക്ടർ സമിതി മുൻപാകെ ബോധ്യപ്പെടുത്തി.

90. 20 എം.എം. മാർബിൾ തന്നെയാണോ ഉപയോഗിച്ചിരിക്കുന്നതെന്നും ഷെഡ്യൂൾഡ് റേറ്റ് അനുസരിച്ചാണോ തുക നിശ്ചയിച്ചതെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് 20 എം.എം. മാർബിൾ ആണ് ഉപയോഗിച്ചതെന്ന് ഉറപ്പാണെന്നും ആ സമയത്ത് നടന്ന ഒരു പ്രവൃത്തിയിലുപയോഗിച്ച 20 എം.എം. മാർബിളിന്റെ നിരക്കിൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാനാണ് സിൻഡിക്കേറ്റ് തീരുമാനിച്ചതെന്നും കൊച്ചിൻ യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ മറുപടി നൽകി.

91. സർവ്വകലാശാല എഞ്ചിനീയറിംഗ് വിംഗിന്റെ അഭിപ്രായം ഓഡിറ്റ് വിഭാഗവും കസാറ്റും പറയുന്നതിന് കടകവിരുദ്ധമാണെന്നും 20 എം.എം. എന്നത് കൈപ്പിഴ തെറ്റ് കൊണ്ട് സംഭവിച്ചതാണെന്നാണ് പറഞ്ഞിരിക്കുന്നതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു. തുടർന്ന്, അക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ വകുപ്പിനോടും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**92. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർവകലാശാല എഞ്ചിനീയറിംഗ് വിംഗിന്റെ അഭിപ്രായവും ഓഡിറ്റിന്റെയും കസാറ്റിന്റെയും അഭിപ്രായവും തമ്മിൽ വൈരുദ്ധ്യമുള്ളതിനാൽ, വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ വകുപ്പിനോടും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഓഡിറ്റ് വകുപ്പിനോടും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പ്രൊവിഡന്റ് ഫണ്ട് ട്രഷറിയിൽ നിക്ഷേപിച്ചില്ല; 44.6 ലക്ഷം പലിശ നഷ്ടം**

(2003-04 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 16)

ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് വിഹിതം ട്രഷറിയിൽ നിക്ഷേപിക്കാതെ സർവകലാശാല 4463041 രൂപയുടെ പലിശ നഷ്ടപ്പെടുത്തി.

ദേശസാൽകൃത ബാങ്കുകളിൽ കാലാവധി നിക്ഷേപങ്ങളായാണ് സർവകലാശാല ഇപ്പോൾ പ്രൊവിഡന്റ് ഫണ്ട് സൂക്ഷിക്കുന്നത്. 2002-2003-2005-2006 കണക്കുകൾ പ്രകാരം പ്രൊവിഡന്റ് ഫണ്ട് ബാങ്ക് പലിശ നിരക്കുകളിലെ വ്യത്യാസമാണ് നഷ്ടമായ തുക.

പ്രൊവിഡന്റ് ഫണ്ട് ട്രഷറി നിക്ഷേപത്തിന് 9% പലിശ ലഭിക്കുമ്പോൾ ബാങ്ക് പലിശ നിരക്ക് 6.8% മുതൽ 7.8% വരെയാണ്. മാത്രമല്ല ബാങ്കുകളിൽ സ്ഥിരനിക്ഷേപം നടത്താതെ കാലാവധി നിക്ഷേപം നടത്തിയതുവഴി പലിശനിരക്കിലെ വ്യത്യാസം കൂടി പരിഗണിക്കുമ്പോൾ നഷ്ടം 46 ലക്ഷത്തോളം വരും. സാമ്പത്തിക നഷ്ടത്തിനു പുറമേ സർവകലാശാല നടപടി ട്രഷറി സേവിംഗ്സ് ചട്ടങ്ങളുടെ ലംഘനം കൂടിയാണ്.

പണമിടപാടിൽ ബാങ്കുകൾ നൽകുന്ന സൗജന്യ സേവനം പരിഗണിക്കുമ്പോൾ പലിശ നഷ്ടം കണക്കിലെടുത്താലും മെച്ചമാണെന്ന് സർവകലാശാലയുടെ വിശദീകരണം ചട്ടപ്രകാരമുള്ള നിക്ഷേപം നടത്താതെ ജീവനക്കാർക്ക് അർഹമായ പലിശയിൽ 46 ലക്ഷത്തോളം രൂപ നഷ്ടപ്പെടുത്തിയതിന് വിശദീകരണം അംഗീകരിക്കാനാവില്ല. പലിശ നഷ്ടം സർവകലാശാലക്ക് ബാധ്യതയാകാതിരിക്കാൻ ജാഗ്രതാ നടപടികൾ ക്ഷണിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.3.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

93. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് മുമ്പ് എസ്.ബി.ഐ.യിൽ ആയിരുന്ന സർവ്വകലാശാലയുടെ പ്രൊവിഡന്റ് ഫണ്ട് തുകയായ 76 കോടി 56 ലക്ഷം രൂപ നിക്ഷേപിച്ചിരുന്നതെന്നും അതിൽ 75 കോടി 45 ലക്ഷം രൂപയും ട്രഷറിയിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും പി.എഫ്. തുക പിൻവലിക്കുന്ന

ജീവനക്കാർക്ക് കൊടുക്കുന്നതിനായി നിലവിൽ ഒരു കോടി രൂപ എസ്.ബി.ഐ.യുടെ സേവിംഗ്സ്, കറന്റ് അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുള്ളതാണെന്നും മൊത്തം ഫണ്ടിന്റെ 98.50 ശതമാനം തുകയും ട്രഷറിയിൽ ഫിക്സ്ഡ് ഡെപ്പോസിറ്റാക്കി മാറ്റിയിട്ടുണ്ടെന്നും കൊച്ചിൻ യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ മറുപടി നൽകി.

94. ട്രഷറിയിൽ പണം നിക്ഷേപിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻ ആരാണെന്ന് ആരാഞ്ഞ സമിതി നിലവിൽ ജീവനക്കാരുടെ പി.എഫ്. തുക ട്രഷറിയിൽ നിക്ഷേപിക്കുന്നുണ്ടെങ്കിലും മുമ്പ് ട്രഷറിയിൽ നിക്ഷേപിക്കാത്തതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് തടസമുള്ളതെന്നും ചൂണ്ടിക്കാട്ടി. തദവസരത്തിൽ പ്രസ്തുത വിഷയം പരിശോധിച്ച് മറുപടി നൽകാമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

95. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ പ്രോവിഡന്റ് ഫണ്ട് തുക കൃത്യസമയത്ത് ട്രഷറിയിൽ അടയ്ക്കാത്തതുമൂലം പലിശയിനത്തിൽ 46 ലക്ഷം രൂപ നഷ്ടം സംഭവിച്ചിട്ടുള്ളതിനാൽ നേരത്തേ ട്രഷറിയിൽ തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരാണെന്നും അതിനുള്ള സാഹചര്യം എന്താണെന്നും പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ഇതു സംബന്ധിച്ച വിശദീകരണം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ലഭിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് വാങ്ങി സമിതി മുമ്പാകെ സമർപ്പിക്കാമെന്ന് ടൂറിസം ആന്റ് ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി ഉറപ്പ് നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

**96. കൊച്ചിൻ യൂണിവേഴ്സിറ്റി പ്രോവിഡന്റ് ഫണ്ട് തുക കൃത്യസമയത്ത് ട്രഷറിയിൽ അടയ്ക്കാത്തതുമൂലം പലിശയിനത്തിൽ വൻ തുക നഷ്ടം സംഭവിച്ചുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പ് വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ട്രഷറിയിൽ തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരായിരുന്നെന്നും അതിനുള്ള സാഹചര്യം എന്തായിരുന്നുവെന്നും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**'കൃസെക്' ' കാമ്പസ് നിർമ്മാണത്തിൽ അപാകതകൾ**

(2003-04 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 97, 98)

പുളിങ്കുന്ന് എഞ്ചിനീയറിംഗ് കോളേജി(കൃസെക്)ന് കാമ്പസ് ഒരുക്കാൻ സ്ഥലം നികത്തിയതിലും കെട്ടിടം പണിതതിലും ഗുരുതരമായ അപാകതകൾ

1. സ്ഥലം നികത്തുന്നതിന് പൊതുമരാമത്ത് നിരക്കിൽ മണ്ണ് ഉറപ്പിക്കൽ ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് യഥാർത്ഥകടത്ത് ദൂരം അടിസ്ഥാനമാക്കി മാറ്റി മറിച്ചു. കാരണം വ്യക്തമാക്കാതെ ഉറപ്പിക്കൽ ഒഴിവാക്കുകയും ചെയ്തു.
2. മൂല്യനിർണ്ണയ പ്രകാരം ആകെ നികത്തിയ മണ്ണിന്റെ അളവ് 34127.80 ഘനമീറ്ററാണ്. എന്നാൽ കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള 'ഷ്രിംഗേജ്' കുറച്ചില്ല. സ്പെസിഫിക്കേഷനിലെ ഖണ്ഡിക 4.5 പ്രകാരം ലൂസായി സ്റ്റോക്ക് ചെയ്ത മണ്ണിന്റെ അളവിൽ 20% കുറവ് വരുത്തണം. ഉറച്ച മണ്ണായാൽ പോലും നിശ്ചിത ശതമാനം കുറയ്ക്കണം ശരാശരി 12.5% നിരക്കിൽ കിഴിവ് വരുത്തിയാൽ പോലും 738057 രൂപ അധികം വരും.
3. ചെളിപ്രദേശം നികത്തി കെട്ടിടം പണിതപ്പോൾ സാങ്കേതിക വശങ്ങൾ പരിഗണിച്ചതിനും തെളിവില്ല. ഇതിനാൽ കെട്ടിടങ്ങൾക്ക് വിള്ളൽ സംഭവിക്കുകയും നിർമ്മാണത്തിനിടയിൽ എസ്റ്റിമേറ്റ് മാറ്റി മറിക്കുകയും ക്ലാസ് മുറികൾ വർക്ക്ഷോപ്പായി മാറ്റുകയും ചെയ്തിട്ടുണ്ട്.
4. കരാറുകാരന്റെ ബില്ലിൽ നിന്നും വിൽപന നികുതി ഈടാക്കി സർക്കാരിൽ ഒടുക്കിയില്ല. അപാകതകൾ അന്വേഷിച്ച് സർവകലാശാലയ്ക്ക് ഉണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.3.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

97. യൂണിവേഴ്സിറ്റിയിലും മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങളിലും കൺസൾട്ടൻസി പ്രവൃത്തി ചെയ്യുന്ന മൂന്ന് അദ്ധ്യാപകർ ഭൂമിയുടെ 13 സ്ഥലങ്ങളിൽ നിന്നും കോർ കട്ടർ ഉപയോഗിച്ച്

മണ്ണ് പരിശോധിച്ചതിൻ പ്രകാരം 95.58 ശതമാനം ഉറപ്പുള്ള ഭൂമിയാണെന്ന് റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പേമെന്റ് നൽകിയിട്ടുള്ളതെന്നും സെയിൽസ് ടാക്സ് റൂൾ പ്രകാരം എർത്ത് വർക്ക് മാത്രമാണുള്ളതെങ്കിൽ പ്രസ്തുത തുക ടേണോവറായി കണക്കാക്കാത്തതിനാലാണ് വിൽപ്പനനികുതി പിരിക്കാതിരുന്നതെന്നും കൊച്ചിൻ യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ സമിതി മുൻപാകെ വ്യക്തമാക്കി.

98. ചെളിപ്രദേശം നികത്തി കെട്ടിടം പണിതപ്പോൾ സാങ്കേതിക കാര്യങ്ങൾ പരിശോധിക്കാത്തതിനാൽ കെട്ടിടങ്ങൾക്ക് വിള്ളൽ സംഭവിക്കുകയും ക്ലാസ് മുറികൾ വർക്ക് ഷോപ്പാക്കി മാറ്റുകയും ചെയ്തെന്ന പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വർക്ക്ഷോപ്പ് കെട്ടിടത്തിലാണ് ക്ലാസ് മുറികൾ പ്ലാൻ ചെയ്തിരുന്നതെന്നും എന്നാൽ കെട്ടിട നിർമ്മാണത്തിൽ കാലതാമസം വന്നതിനാൽ വേറെ കെട്ടിടങ്ങൾ നിർമ്മിച്ച് ക്ലാസ് മുറികൾ തുടങ്ങിയതുകൊണ്ടാണ് വർക്ക്ഷോപ്പ് കെട്ടിടങ്ങളിൽ ക്ലാസ് മുറികൾ നിർമ്മിക്കാതിരുന്നതെന്നും വർക്ക്ഷോപ്പ് കെട്ടിടമായാണ് പ്രസ്തുത കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളതെന്നും കൊച്ചിൻ യൂണിവേഴ്സിറ്റി എഞ്ചിനീയർ വിശദീകരിച്ചു.

99. കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഷ്രിംഗേജ് കുറച്ചിട്ടില്ലെന്നും മണ്ണിന്റെ അളവിൽ നിശ്ചിത ശതമാനം കുറവ് വരുത്തിയെന്നുമുള്ള ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് പുളിങ്കുന്ന് പോലുള്ള പ്രദേശം വെള്ളക്കെട്ടുള്ള സ്ഥലമാണെന്നും 3 മീറ്ററോളം മണ്ണിട്ട് നികത്തിയതിനുശേഷമാണ് ലാൻഡ് ഡെവലപ്പ് ചെയ്തിട്ടുള്ളതെന്നും ലാബ് റിസൾട്ടിൽ 95.58 ശതമാനം കൺസോളിഡേഷൻ വന്നിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും കൊച്ചിൻ യൂണിവേഴ്സിറ്റി എഞ്ചിനീയർ വ്യക്തമാക്കി.

100. ലൂസായി സ്റ്റോക്ക് ചെയ്ത മണ്ണിന്റെ അളവിൽ 20 ശതമാനവും ഉറച്ച മണ്ണാണെങ്കിൽ നിശ്ചിത ശതമാനവും കുറവ് വരുത്തണമെന്നാണ് ഓഡിറ്റ് കണ്ടെത്തിയതെന്ന് സമിതി ചൂണ്ടിക്കാട്ടി. ഇത് സംബന്ധിച്ച് ലാബ് റിപ്പോർട്ടുകളോ സാങ്കേതിക റിപ്പോർട്ടുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലെന്നും പ്രസ്തുത സ്ഥലത്ത് നടത്തിയ പരിശോധനയിൽ കെട്ടിടങ്ങൾക്ക് വിള്ളലുള്ളതായും മണ്ണിന് ബലക്കുറവുള്ളതായും ബോധ്യപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത പരാമർശത്തിന്മേൽ ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ലെന്നും ഓഡിറ്റ് റിപ്പോർട്ട്

പ്രകാരമുള്ള തുക ഈടാക്കണമെന്നാണ് നിലപാടെന്നും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഡിറ്റ് ജോയിന്റ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

101. പ്രസ്തുത പരാമർശത്തിന്മേൽ ഒരു മാസത്തിനുള്ളിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**102. 'കൃസെക്' കാമ്പസ്' നിർമ്മാണത്തിൽ ഓഡിറ്റ് കണ്ടെത്തിയ ഗുരുതരമായ അപാകതകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അന്തർസർവ്വകലാശാല സ്ഥലംമാറ്റം ജീവനക്കാരുടെ ഹയർഗ്രേഡുകൾ തെറ്റായ ശമ്പള നിർണ്ണയം**

അന്തർസർവകലാശാല സ്ഥലംമാറ്റത്തിലൂടെ സർവകലാശാലയിൽ ജോലിക്ക് ചേരുന്നവരുടെ നിയമനങ്ങൾ ജി.ഒ.(എം.എസ്.)/120/91, 22.6.91 പ്രകാരം വ്യത്യാസപ്പെടുത്തിയിട്ടുള്ള ഒന്നാം സ്റ്റാറ്റ്യൂട്ടിലെ അധ്യായം 3 ഭാഗം ഒന്നിലെ ആറുമുതലുള്ള നിയമങ്ങൾക്ക് വിധേയമാണ്. ഇതനുസരിച്ച് മുൻലാവണത്തിലെ വരുമാനത്തിന് സംരക്ഷണമുണ്ട്. ഏറ്റവും താഴ്ന്ന കാറ്റഗറിയിൽ സർവ്വകലാശാലയിലേക്ക് മാറ്റം വാങ്ങിവരുന്നവർക്ക് മുൻലാവണത്തിലെ ഉയർന്ന തസ്തികയിലെ അടിസ്ഥാനശമ്പളം പരിരക്ഷിച്ച് നൽകുകവഴി അനർഹമായി കെ.എസ്.ആർ. പാർട്ട് 1 ചട്ടം 28 എ പ്രകാരമുള്ള ആനുകൂല്യങ്ങൾ അനധികൃതമായി വീണ്ടും നേടുകയും ചെയ്യുന്നുണ്ട്.

അധ്യാപകേതര ജീവനക്കാർക്ക് സമയബന്ധിത ഗ്രേഡ് നൽകുന്നതും കാലാകാലങ്ങളിൽ സർക്കാർ നിർദേശിച്ച നിബന്ധനകൾക്ക് വിരുദ്ധമായാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.3.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

103. 17.05.2012-ലെ സിൻഡിക്കേറ്റ് തീരുമാനപ്രകാരം 2011 ജനുവരി 10 വരെ നടത്തിയ എല്ലാ ഫിക്സേഷനുകളും സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുള്ളതാണെന്നും

ഇത്തരത്തിൽ ഫിക്സേഷൻ നടത്തിയ തുക റിക്കവർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് സുപ്രീംകോടതി സ്റ്റേ കൊടുത്തിട്ടുള്ളതിനാൽ റിക്കവറി നടത്തുന്നത് അസാദ്ധ്യമാണെന്നും കൂടാതെ 2014-ലെ സിവിൽ അപ്പീൽ 11527-ലെ പാര 12 പ്രകാരം 5 വർഷത്തിൽ കൂടുതൽ കാലയളവിൽ ഇത്തരത്തിൽ അധികതുക കൊടുത്തിട്ടുണ്ടെങ്കിൽ റിക്കവറി നടത്തരുതെന്ന വിധിന്യായം നിലനിൽക്കുന്നുണ്ടെന്നും കുറച്ച് ജീവനക്കാർ റിട്ടയർ ചെയ്യുകയും മറ്റ് ചിലർ റിട്ടയർ ആകേണ്ട ഘട്ടത്തിലുമാണെന്നും കൊച്ചിൻ യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ സമിതി മുൻപാകെ വിശദീകരിച്ചു.

104. ഒരു ജീവനക്കാരൻ ഏറ്റവും താഴ്ന്ന കാറ്റഗറിയിൽ നിന്നും ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫറായി വരുന്ന കാലത്ത് ഇരട്ട ബെനിഫിറ്റ് കൊടുക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സത്തെ പറ്റിയുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടറുടെ ചോദ്യത്തിന് പ്രസ്തുത വിഷയം സംബന്ധിച്ച് പലതവണ സർവ്വകലാശാലയ്ക്ക് അറിയിപ്പ് കൊടുത്തിട്ടുള്ളതാണെന്നും 2003-04 ലെ കേസാണിതെന്നും ആ കാലഘട്ടം മുതൽ ഇന്നുവരെയും അധികമായി വാങ്ങിയ തുക ജീവനക്കാരിൽ നിന്നും ഈടാക്കാനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും ഇവരുടെ റിട്ടയർമെന്റ് ആനുകൂല്യവും കൊടുത്തിട്ടുണ്ടെന്നും ഇനിയും റിട്ടയർ ചെയ്യാനുള്ള ജീവനക്കാരിൽ നിന്നും തുക ഈടാക്കാവുന്നതാണെന്നും യൂണിവേഴ്സിറ്റി ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുള്ളതിനാൽ അവരിൽനിന്നും തുക ഈടാക്കിയതിനുശേഷം മാത്രമേ പിരിഞ്ഞുപോകുമ്പോഴുള്ള ആനുകൂല്യം നൽകാൻ പാടുള്ളുവെന്ന നിലപാട് സ്വീകരിക്കണമെന്നും കുസാറ്റ് ഓഡിറ്റ് വിംഗ് ജോയിന്റ് ഡയറക്ടർ സമിതിയെ ബോദ്ധ്യപ്പെടുത്തി.

105. പ്രസ്തുത പരാമർശത്തിന് വകുപ്പിൽനിന്നും മറുപടി ലഭിച്ചശേഷം തുടർനടപടി സ്വീകരിക്കാമെന്ന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**106. അധികമായി കൈപ്പറ്റിയ തുക ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും സർവകലാശാല സ്വീകരിച്ചിട്ടില്ലെന്നും ഇതുമൂലം സർവകലാശാലയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കരാർ/ദിവസക്കൂലി നിയമനം വ്യാപകം**

സർവ്വകലാശാലയിൽ കരാർ ദിവസക്കൂലി നിയമനം വ്യാപകമാകുന്നു.

ഗവേഷണം, അന്യജോലി എന്നിവക്ക് അദ്ധ്യാപകർ നീണ്ട അവധിയെടുക്കുന്നത് അദ്ധ്യാപനത്തിന് കരാർ നിയമനം അനിവാര്യമാകുന്നു. ഇങ്ങനെ നിയമിക്കപ്പെടുന്നവർക്ക് യോഗ്യതയും പരിചയവും ഉണ്ടാകണമെന്നില്ല. അദ്ധ്യയന നിലവാര തകർച്ചയാണിതിന്റെ ഫലം.

അനുവദിക്കപ്പെട്ടതും ഒഴിഞ്ഞ് കിടക്കുന്നതുമായ തസ്തികകളിലാണോ ദിവസക്കൂലിക്ക് അദ്ധ്യാപകേതര ജീവനക്കാരെ നിയമിക്കുന്നതെന്ന് വ്യക്തമല്ല. സ്ഥിരനിയമനത്തിന് സാധ്യത തേടാതെ ദിവസക്കൂലി നിയമനം അഴിമതിക്കും സ്വജനപക്ഷപാതത്തിനും വഴിതെളിയ്ക്കും. അത്യാവശ്യവും അതോടൊപ്പം അപ്രധാനവുമായ തസ്തികകളിലേക്കും ഇങ്ങനെ നിയമനം നടക്കുന്നുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.3.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

107. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർവ്വകലാശാലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണം ആവശ്യപ്പെടണമെന്നും കരാർ/ദിവസക്കൂലി അധ്യാപകരെ നിയമിക്കുന്നതിൽ ഒരു വ്യവസ്ഥയുണ്ടാക്കാൻ എന്താണ് ചെയ്യേണ്ടതെന്ന് പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. അദ്ധ്യാപകർ നീണ്ട അവധിയെടുത്താൽ യോഗ്യതയില്ലാത്തവരെ നിയമിക്കുന്നു എന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് അദ്ധ്യാപക തസ്തികയിലല്ല അദ്ധ്യാപകേതര തസ്തികകളിലാണ് യോഗ്യതയില്ലാത്തവരെ നിയമിക്കുന്നതെന്നാണ് ഓഡിറ്റ് വകുപ്പ് പരാമർശിച്ചിട്ടുള്ളതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

108. ഗവൺമെന്റ് അംഗീകരിച്ച തസ്തികകൾ ഉണ്ടെന്നും അതിനനുസരിച്ചല്ല നിയമനം നടത്തുന്നതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ചൂണ്ടിക്കാട്ടി.

109. ഗവേഷണം, അന്യജോലി എന്നിവയ്ക്ക് അധ്യാപകർ ഒഴികെ [illegible] കരാർ നിയമനം അനിവാര്യമായി വരുമെങ്കിലും ഇത്തരത്തിൽ നിയമിക്കപ്പെ[illegible] നിശ്ചിത യോഗ്യതയും പരിചയവും ഉണ്ടാകണമെന്നില്ലെന്നും തന്മൂലം അദ്ധ്യയന നിലവാരത്തകർച്ച സംഭവിക്കാമെന്നും സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അങ്ങനെ സംഭവിക്കില്ലെന്നും യോഗ്യതയുള്ളവരെ മാത്രമേ ഗസ്റ്റ് അദ്ധ്യാപകരായി നിയമിക്കാറുള്ളൂവെന്നും മണിക്കൂർ കണക്കാക്കിയാണ് അവർക്ക് ശമ്പളം നൽകുന്നതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

110. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് വിശദമായി പരിശോധിച്ചതിനുശേഷം പരാമർശം ഒഴിവാക്കുന്ന കാര്യം തീരുമാനിക്കാമെന്ന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**111. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർവ്വകലാശാലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണം ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിൽ ഒരു വ്യവസ്ഥയുണ്ടാക്കുന്ന കാര്യം പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**യു.ജി.സി. നിർദ്ദേശങ്ങൾ പാലിക്കുന്നില്ല; പരീക്ഷാജോലികൾക്കും പ്രതിഫലം**

യു.ജി.സി. സ്കീം ശുപാർശ ചെയ്ത 21.12.99-ലെ ജി.ഒ.പി.171/ 99/ഉന്നതവിദ്യാഭ്യാസം സർക്കാർ ഉത്തരവിന്റെ അനുബന്ധം 7-ലെ പ്രൊഫഷണൽ എത്തിക്സ് പ്രകാരം അദ്ധ്യാപകർ കോളേജ് പ്രവേശനത്തിനുള്ള അപേക്ഷകൾ പരിശോധിക്കുക, കൗൺസിലിംഗിനു സഹായിക്കുക പരീക്ഷ നടത്തിപ്പിലും സൂപ്പർവിഷൻ, ഇൻവിജിലേഷൻ, വാല്യേഷൻ തുടങ്ങിയവയിൽ സഹകരിക്കേണ്ടതും ഇതിന് പ്രത്യേകപ്രതിഫലം നൽകാൻ പാടില്ലാത്തതുമാണ്. എന്നാൽ, ചോദ്യപേപ്പർ തയ്യാറാക്കുന്നതിനും വാല്യേഷൻ നടത്തുന്നതിനും യൂണിവേഴ്സിറ്റിയിൽ പ്രത്യേകം പ്രതിഫലം കൊടുത്തുവരുന്നുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.3.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

112. നിലവിൽ പരീക്ഷാ ജോലികൾക്ക് പ്രതിഫലം നൽകുന്നില്ലെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**113. നിലവിൽ പരീക്ഷാ ജോലികൾക്ക് പ്രതിഫലം നൽകുന്നില്ലെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

ഓഡിറ്റ് ഖണ്ഡിക

**മൈത്രി/സുവർണ്ണജൂബിലി മൈത്രി ഭവന പദ്ധതി: വീടുകൾ പൂർത്തീകരിച്ചില്ല; ബോർഡിന് 79.63 ലക്ഷം നഷ്ടം**

(2003-04 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 60, 66, 136, 142, 143, 157, 173, 174, 213)

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സ്വന്തം ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് ഭവനനിർമ്മാണ ബോർഡിൽ നിന്നും മൈത്രി/ സുവർണ്ണജൂബിലി മൈത്രി പദ്ധതികൾ പ്രകാരം വിവിധ ബ്രാഞ്ച് ഓഫീസുകൾ, ഡിവിഷൻ ഓഫീസുകൾ വഴി വായ്പ നൽകിയിരുന്നു. വായ്പ ഏതാനും ഗഡുക്കൾ മാത്രം കൈപ്പറ്റുകയും ഭവനനിർമ്മാണം പൂർത്തീകരിക്കാതിരിക്കുകയും ചെയ്തിട്ടുള്ള ഒട്ടേറെ ഗുണഭോക്താക്കളുടെ വിവരം ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഗുണഭോക്താക്കൾ ബോർഡുമായി ചെയ്യുന്ന ഉടമ്പടി അനുസരിച്ച് വായ്പ ആദ്യ ഗഡു കൈപ്പറ്റി നിശ്ചിതസമയത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കേണ്ടതും ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം കൈപ്പറ്റിയ വായ്പാതുക മുഴുവനും പലിശ, പിഴപലിശ സഹിതം തിരിച്ചടയ്ക്കേണ്ടതുമാണ്.

ഗുണഭോക്താക്കൾ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചതിനാൽ ഭീമമായ നഷ്ടമാണ് ബോർഡിനു നേരിട്ടിരിക്കുന്നത്. നഷ്ടം നികത്തുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദമായ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | വായ്പ അനുവദിച്ച ഓഫീസ് | ഗുണഭോക്താക്കളുടെ എണ്ണം | ഖണ്ഡിക | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1.മൈത്രിഭവന നിർമ്മാണ പദ്ധതി | ബ്രാഞ്ച് ഓഫീസ്, ബാലരാമപുരം | 16 | 60 | 1,44,000 |
| 2.സുവർണ്ണ ജൂബിലി മൈത്രി ഭവന നിർമ്മാണ പദ്ധതി | ബ്രാഞ്ച് ഓഫീസ്, ബാലരാമപുരം | 100 | 66 | 19,20,000 |
| 3.സുവർണ്ണ ജൂബിലി മൈത്രി ഭവന നിർമ്മാണ പദ്ധതി | ഡിവിഷൻ ഓഫീസ്, ഇടുക്കി | 97 | 136 | 18,08,000 |
| 4.മൈത്രി, സുവർണ്ണജൂബിലി | ബ്രാഞ്ച് ഓഫീസ്, അങ്കമാലി | 50 | 142 | 8,51,000 |
| 5. മൈത്രി | ബ്രാഞ്ച് ഓഫീസ്, തിരുവമ്പാടി | 65 | 157 | 10,25,000 |
| 6. മൈത്രി | ബ്രാഞ്ച് ഓഫീസ്, മണ്ണാർക്കാട് | 15 | 173 | 2,65,000 |
| 7.സുവർണ്ണ ജൂബിലി | ബ്രാഞ്ച് ഓഫീസ്, മണ്ണാർക്കാട് | 44 | 174 | 12,71,000 |
| 8.സുവർണ്ണ ജൂബിലി | ബ്രാഞ്ച് ഓഫീസ്, വെള്ളരിക്കുണ്ട് | 47 | 213 | 6,79,000 |
| | | | ആകെ | 79,63,000 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 5.5.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

114. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മൈത്രി ഭവന പദ്ധതി 1995-96 വർഷത്തിലും സുവർണ്ണ ജൂബിലി മൈത്രി ഭവന നിർമ്മാണ പദ്ധതി 1999-2000 ലുമാണ് ആരംഭിച്ചതെന്നും പ്രസ്തുത പദ്ധതിയിലെ കടിശ്ശിക തുകയായ 1773 കോടി രൂപ 08.11.2011-ലെ സർക്കാർ ഉത്തരവ് പ്രകാരം പൂർണ്ണമായും എഴുതിത്തള്ളിയിട്ടുള്ളതാണെന്നും ഭാഗികമായി വാങ്ങിയവരുടെ കടിശ്ശിക

04.12.2015-ലെ ജി.ഒ.(എം.എസ്) നം. 29/15/ഭവന ഉത്തരവ് പ്രകാരം എഴുതിത്തള്ളിയിട്ടുണ്ടെന്നും നിലവിൽ ഭവന നിർമ്മാണ ബോർഡിന് സാമ്പത്തിക ബാധ്യതയില്ലെന്നും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

115. സർക്കാർ ഉത്തരവിൻപ്രകാരം പണയാധാരങ്ങൾ തിരിച്ചുനൽകിയോ എന്നും വായ്പാതുകയും പലിശയും എഴുതിത്തള്ളിയപ്പോൾ ഭവനനിർമ്മാണ ബോർഡിനുണ്ടായ നഷ്ടം ആരാണ് നികത്തിയതെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് പണയാധാരങ്ങൾ തിരിച്ച് നൽകിയിട്ടുണ്ടെന്നും ഭവനനിർമ്മാണ ബോർഡിന് ലഭിക്കേണ്ട 283 കോടി രൂപ സർക്കാർ ലഭ്യമാക്കിയിട്ടുണ്ടെന്നും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി മറുപടി നൽകി.

116. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

**<u>നിഗമനങ്ങൾ/ശിപാർശകൾ</u>**

**117. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വായ്പ അനുവദിച്ചതിൽ ക്രമക്കേട്: 3 ലക്ഷം രൂപയും പലിശയും നഷ്ടം**

ഭവനനിർമ്മാണ ബോർഡിന്റെ പിലാത്തറ ബ്രാഞ്ച് ഓഫീസിൽ 3 ലക്ഷം രൂപ വ്യവസ്ഥ ലംഘനത്തിലൂടെ എച്ച്.ഐ.ജി. ഭവനനിർമ്മാണ വായ്പയായി അനുവദിച്ചതിൽ തിരിച്ചടവ് മുടങ്ങിയതിനാൽ 22.5.2002-ൽ റവന്യൂ റിക്കവറി വഴി 6,24,353 രൂപ ഈടാക്കാൻ ശ്രമിച്ചെങ്കിലും വായ്പ എടുത്ത വ്യക്തിക്ക് തളിപ്പറമ്പ് വില്ലേജിൽ സ്ഥാവരജംഗമ വസ്തുക്കൾ ഒന്നും തന്നെയില്ല എന്ന് തഹസിൽദാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. വിശദമായ അന്വേഷണം നടത്തി നഷ്ടം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2003-04 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 185)

എറണാകുളം റവന്യൂ ടവർ നിർമ്മാണത്തിന് 2003-04 ൽ നിർവഹണ ഏജൻസിയ്ക്ക് നൽകിയ 42,83,993 രൂപ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ

തടസ്സപ്പെടുത്തുന്നു. ഹഡ്കോയിൽ നിന്നും കോടിക്കണക്കിന് വായ്പയെടുത്താണ് റവന്യൂ ടവർ നിർമ്മിക്കുന്നത്. നിർമ്മാണത്തിലുണ്ടാകുന്ന അസാധാരണമായ കാലതാമസം പലിശയുടെ വ്യാപ്തി വർദ്ധിപ്പിക്കും. നഷ്ടപരിഹാരം ഈടാക്കുന്നതോടൊപ്പം ഭാവിയിൽ കാലതാമസം ഒഴിവാക്കാൻ വേണ്ട മുൻകരുതലുകൾ ബോർഡ് തലത്തിൽ സ്വീകരിക്കേണ്ടതാണ്.

(2003-04 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 92, 93)

കെ.എസ്.ഇ.ബി (തിരുവനന്തപുരം)യുടെ "പാറ്റൂർ എച്ച്.എസ്സിൽ അഗ്നിശമന സംവിധാനം സ്ഥാപിക്കൽ" എന്ന പ്രവൃത്തി 22,45,938/- രൂപയ്ക്ക് 6.4.2000-ൽ പൂർത്തീകരിക്കാൻ "പവ്വർ ടെക്നിക്കൽ സിസ്റ്റം" എന്ന സ്ഥാപനവുമായി കരാർ ഉടമ്പടി ചെയ്തെങ്കിലും പ്രവൃത്തി 3½ വർഷത്തിന് ശേഷം 35,28,091/- രൂപയ്ക്കാണ് പൂർത്തിയാക്കിയത്. സമയപരിധി ലംഘിച്ചതിനാൽ കരാറുകാരിൽ നിന്നും നിയമപരമായ പിഴ ഈടാക്കേണ്ടതാണ്.

(2003-04 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 52)

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 5.5.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

118. വായ്പ അക്കൗണ്ട് അവസാനിപ്പിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

119. റവന്യൂ ടവറിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയത് കമ്മീഷൻ ചെയ്തതിന് ശേഷം എല്ലാ ഓഫീസ് മുറികളും കടമുറികളും വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി അറിയിച്ചപ്പോൾ എവിടെയാണ് ഇത് സ്ഥിതിചെയ്യുന്നതെന്നും 77 കടമുറികൾ വാടകയ്ക്ക് നൽകാൻ കഴിയാത്തതെന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞു. പനമ്പിള്ളി നഗറിലെ സുഭാഷ് പാർക്കിലാണ് ടവർ സ്ഥിതി ചെയ്യുന്നതെന്നും അന്ന് എല്ലാ മുറികളും വാടകയ്ക്ക് നൽകിയിരുന്നതാണെന്നും കോവിഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വന്നപ്പോഴാണ് ചില

ആളുകൾ ഒഴിഞ്ഞുപോയതെന്നും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി മറുപടി നൽകി.

120. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

121. പാറ്റൂർ ഭവന നിർമ്മാണ പദ്ധതിയിലെ ഫ്ലാറ്റുകളിൽ അഗ്നിശമന ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്ന പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തുകയായ 36,01,075 രൂപ 17.07.2003 ലെ ബോർഡ് തീരുമാന പ്രകാരം നൽകുന്നതിന് ഉത്തരവാകുകയും അവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്നും 198 ഫ്ലാറ്റുകളിൽ 197 എണ്ണത്തിന്റെ വില്പന നടത്തിയിട്ടുണ്ടെന്നും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി സമിതിയെ അറിയിച്ചു.

122. പ്രസ്തുത റിവൈസ്ഡ് ബഡ്ജറ്റ് ബോർഡ് അംഗീകരിച്ചുവെന്ന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**123. തുക തിരിച്ചടച്ച് വായ്പ അക്കൗണ്ട് അവസാനിപ്പിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നുള്ള ഓഡിറ്റിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**124. എറണാകുളം റവന്യൂ ടവറിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയത് കമ്മീഷൻ ചെയ്തതിന് ശേഷം എല്ലാ ഓഫീസ് മുറികളും കടമുറികളും വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**125. പാറ്റൂർ ഭവനനിർമ്മാണ പദ്ധതിയിലെ ഫ്ലാറ്റുകളിൽ അഗ്നിശമന ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്ന പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തുകയായ 36,01,075 രൂപ 17.07.2003 ലെ ബോർഡ് തീരുമാന പ്രകാരം അംഗീകരിച്ചതാണെന്ന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബോർഡിന് വിവിധ ഇനങ്ങളിൽ നഷ്ടം**

ഭവനനിർമ്മാണ ബോർഡ് ചെയർമാൻ തന്റെ മുൻജോലിയായ വൈദ്യുതി ബോർഡിലേതു പോലെ ദിനംപ്രതി 750 രൂപ നിരക്കിൽ 26.2.04 ൽ 9000 രൂപയും 19.03.2004 ൽ 7500 രൂപയും നൈറ്റ് ഔട്ട് അലവൻസ് കൈപ്പറ്റിയിട്ടുണ്ട്. കെ.എസ്.എച്ച്.ബി.യുടെ പ്രവർത്തനരീതി കെ.എസ്.ഇ.ബി.യിൽ തികച്ചും വ്യത്യസ്തമായതിനാൽ ആനുകൂല്യത്തിന് അർഹതയില്ല. സർക്കാർഅനുമതിയില്ല. ഭവനനിർമ്മാണ ബോർഡിന് ബാധകമായ ദിനബത്തയും മറ്റ് അലവൻസുകളും മാത്രമേ വാങ്ങാൻ അർഹതയുള്ളൂ.

(2003-04 ഓഡിറ്റ് റിപ്പോർട്ട്;ഖണ്ഡിക 40)

കെ.എസ്.എച്ച്.ബി. (കൊച്ചി) വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളുടെ വാടക കുറവ് ചെയ്ത് ഈടാക്കിയതു മൂലം 91872 രൂപയുടെ നഷ്ടം.

(2003-04 ഓഡിറ്റ് റിപ്പോർട്ട്;ഖണ്ഡിക 79,83)

കെ.എസ്.എച്ച്.ബി. (കൊച്ചി) 31.12.1995 ൽ പണി പൂർത്തീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് നാളിതുവരെ വാടകയ്ക്ക് നൽകിയിട്ടില്ല. വാടകയിനത്തിൽ നഷ്ടം.

(2003-04 ഓഡിറ്റ് റിപ്പോർട്ട്;ഖണ്ഡിക 79,83)

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 5.5.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

126. 08.11.2003 ലെ ബോർഡ് തീരുമാനപ്രകാരമാണ് അന്നത്തെ ചെയർമാന്മാരായ ശ്രീ.ഇ.പി.സെബാസ്റ്റ്യനും ശ്രീ.പി.എം.ജോണും നൈറ്റ് ഔട്ട് അലവൻസ് കൈപ്പറ്റിയിട്ടുള്ളതെന്നും സർക്കാർ അനുമതി ലഭിക്കാതെ ഇത് നൽകിയത് ചട്ടവിരുദ്ധമാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ തടസ്സവാദം 2005-ൽ മാത്രമാണുണ്ടായിട്ടുള്ളതെന്നും പ്രസ്തുത തുക തിരിച്ച് പിടിക്കുന്നതിൽ നിന്ന് ടിയാളുകളെ ഒഴിവാക്കാമെന്ന് 14.02.2013-ലെ 3929/എ1/11/ഭവന എന്ന ഉത്തരവ് പ്രകാരം സർക്കാർ അറിയിക്കുകയും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 29.05.2013-ലെ എൽ.എഫ്.എച്ച്.ബി.എ/11/224/2013 നമ്പർ കത്ത് പ്രകാരം 2003-04 ലെ പരാമർശം

2005-06 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ആയത് ഒഴിവാക്കാനുള്ള അധികാരം നിയമസഭാ സമിതിക്കാണെങ്കിലും റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാമെന്ന് ഓഡിറ്റ് വിഭാഗം അറിയിക്കുകയും ചെയ്തുവെന്നും ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടെന്നും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി സമിതിയെ അറിയിച്ചു. എന്താണ് കേസ് എന്ന് സമിതി ആരാഞ്ഞതിന് പി.എം.ജോണിന് എതിരെയുള്ള നടപടിക്ക് ടിയാൻ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസാണെന്നും അത് നിലവിൽ പെന്റിംഗാണെന്നും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി മറുപടി നൽകി. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ, അത് തീരാതെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കില്ലെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് പരാതിക്കാരനുമായി ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സമിതി നിർദ്ദേശിക്കുകയും അപ്രകാരം റിപ്പോർട്ട് സമർപ്പിക്കാമെന്ന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് അഡീഷണൽ സെക്രട്ടറി ഉറപ്പ് നൽകുകയും ചെയ്തു.

<u>കെ.എസ്.എച്ച്.ബി (കൊച്ചി)</u>

127. ടാക്കോ കേബിൾ കമ്പനിയാണ് കെട്ടിടം ഉപയോഗിച്ചിരുന്നതെന്നും 31.01.2021 ൽ അവർ ഓഫീസ് കെട്ടിടം ഒഴിഞ്ഞുവെന്നും പലിശ ഇനത്തിലെ തുകയായ 58,728 രൂപ പിരിച്ചെടുക്കുന്നതിന് നോട്ടീസ് നൽകുന്നതാണെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി സമിതിയെ അറിയിച്ചു.

128. വാടകയിനത്തിൽ നഷ്ടം ഉണ്ടായിട്ടില്ല എന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>കെ.എസ്.എച്ച്.ബി (കൊച്ചി) 31.12.1995 ൽ പണി പൂർത്തീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് നാളിതുവരെ വാടകയ്ക്ക് നൽകിയിട്ടില്ല- വാടകയിനത്തിൽ നഷ്ടം.</u>

129. ചങ്ങമ്പുഴ നഗർ പദ്ധതിയിലെ 25 സെന്റ് സ്ഥലവും 3727 ചതു.അടി കെട്ടിടവും വാടകയ്ക്ക് നൽകുന്നതിന് കാലതാമസം വന്നത് സംബന്ധിച്ചാണ് പരാമർശമെന്നും പ്രസ്തുത കെട്ടിടവും സ്ഥലവും 27.07.2007 ൽ 4.1 കോടി രൂപയ്ക്ക് വിജി. പി. ഐസക്ക് എന്നയാൾക്ക് പൊതുലേലത്തിലൂടെ വിറ്റഴിച്ചുവെന്നും കെട്ടിടത്തിന് ചെലവായ

തുകയെക്കാൾ കൂടിയ തുക ലേലത്തിലൂടെ ലഭിച്ചിട്ടുണ്ടെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി സമിതിയെ അറിയിച്ചു.

130. കെട്ടിടം നിർമ്മിച്ചത് എത്ര രൂപയ്ക്കാണെന്ന സമിതിയുടെ ചോദ്യത്തിന് 1.24 കോടി രൂപ കെട്ടിട നിർമ്മാണത്തിനായി ചെലവായെന്നും 4.1 കോടി രൂപയ്ക്കാണ് കെട്ടിടവും സ്ഥലവും വിറ്റതെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

131. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**<u>നിഗമനങ്ങൾ/ശിപാർശകൾ</u>**

**132. സർക്കാർ അനുമതി നേടാതെ, നെറ്റ് ഔട്ട് അലവൻസ് ഇനത്തിൽ കൈപ്പറ്റിയ തുക തിരിച്ചുപിടിക്കുന്നതിൽ നിന്ന് പരാമർശവിധേയനായ ബോർഡ് ചെയർമാനെ ഒഴിവാക്കാമെന്ന് 14.02.2013-ൽ ഉത്തരവായതായി സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നില നിൽക്കുന്നതിനാൽ അത് തീരാതെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കില്ലെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് പരാതിക്കാരനുമായി ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു.**

**133. വാടകയിനത്തിൽ നഷ്ടം ഉണ്ടായിട്ടില്ല എന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാടക കുറവ് ചെയ്ത് ഈടാക്കിയത് മൂലം നഷ്ടം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**134. കെ.എസ്.എച്ച്.ബി.(കൊച്ചി) 31.12.1995-ൽ പണി പൂർത്തീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് നാളിതുവരെ വാടകയ്ക്ക് നൽകിയില്ലെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## നഗരപാലികാസ്ഥാപനങ്ങൾ

### തൃശ്ശൂർ നഗരസഭ

- ഓഡിറ്റ് ഖണ്ഡിക

**ടാർ വാങ്ങിയതിൽ അപാകതകൾ**

(2001-2002 ചെലവ് ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 2-14)

ഫയൽ പി.ഡബ്ല്യു.5-250064/02 പരിശോധിച്ചതിൽ 13.09.2001-ൽ ഭാരത് പെട്രോളിയം കോർപ്പറേഷനിൽ നിന്ന് ലഭിച്ച സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ടിൽ 2,00,454/-രൂപ നഗരസഭയുടേതായി ബാക്കി കാണുന്നുണ്ട്. ഈ തുകയ്ക്ക് ടാർ നഗരസഭ വാങ്ങിയിട്ടുണ്ടോ അഥവാ തുക ഇപ്പോഴും സ്ഥാപനത്തിൽ അവശേഷിക്കുന്നുണ്ടോ എന്നാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. മേൽ തുക ഭാരത് പെട്രോളിയം കോർപ്പറേഷനിൽ നിന്ന് ലഭിക്കാൻ നടപടി സ്വീകരിക്കുകയോ അല്ലാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

135. പ്രസ്തുത പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് ഭാരത് പെട്രോളിയം കോർപ്പറേഷനിൽ നിന്ന് 2000-2001 വർഷങ്ങളിൽ ടാർ വാങ്ങുന്നതിന് അധികമായി 2,00,454/- രൂപ നൽകിയതുമായി ബന്ധപ്പെട്ട് ബി.പി.സി.എൽ.-ൽ നേരിട്ട് പരിശോധിച്ചതിൽ ടാർ വാങ്ങുന്നത് സംബന്ധിച്ച് തയ്യാറാക്കിയ സോഫ്റ്റ്വെയറിൽ ലഭ്യമായ 1.12.2005 മുതലുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം തൃശ്ശൂർ നഗരസഭയുടെ ഓപ്പണിംഗ് ബാലൻസ് പൂജ്യം ആയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ഡെപ്പോസിറ്റ് ചെയ്ത തുകയ്ക്കുള്ള ടാർ, തൃശ്ശൂർ കോർപ്പറേഷൻ വാങ്ങിയിട്ടുണ്ടെന്നും പ്രസ്തുത സ്റ്റേറ്റ്മെന്റ് സഹിതം ഓഡിറ്റ് വിഭാഗത്തിന് മറുപടി നൽകിയിട്ടുണ്ടെന്നും തൃശ്ശൂർ നഗരസഭ സെക്രട്ടറി മറുപടി നൽകി.

136. 2,00,454 രൂപയുടെ ടാർ ഏത് ഇൻവോയിസ് പ്രകാരം വാങ്ങിയെന്നതിന്റെയും പ്രസ്തുത ടാർ ഏത് വർക്കിനാണ് ഉപയോഗിച്ചതെന്നതിന്റെയും രേഖകൾ ലഭ്യമല്ലെന്നും അവ ഹാജരാക്കാനാണ് ഓഡിറ്റ് വിഭാഗം ആവശ്യപ്പെട്ടിരിക്കുന്നതെന്നും തൃശ്ശൂർ ഓഡിറ്റ്

വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. സാധാരണ ഗതിയിൽ ടാർ വാങ്ങുന്നതിന് ഡെപ്പോസിറ്റ് ചെയ്യുന്ന തുകയും, ടാർ വാങ്ങുന്നതിന് ചെലവാകുന്ന തുകയും തമ്മിൽ വ്യത്യാസം വരാറുണ്ടെന്നും ചിലപ്പോൾ 10 ലക്ഷം രൂപയുടെ ടാർ വാങ്ങുമ്പോൾ 9 ലക്ഷം രൂപയുടെ ടാർ മാത്രമേ ലഭിക്കാറുള്ളൂവെന്നും, സ്ഥിരമായി വാങ്ങുന്നത് കൊണ്ട് തുക പിന്നീട് അഡ്ജസ്റ്റ് ചെയ്യാറാണ് പതിവെന്നും നഗരസഭയുടെ കണക്ക് പ്രകാരം 2005 ൽ തൃശ്ശൂർ നഗരസഭയുടെ ഓപ്പണിംഗ് ബാലൻസ് പൂജ്യമായിരുന്നുവെന്നും 2 ലക്ഷം രൂപയുടെ കൃത്യമായ കണക്കില്ലെന്നും ടാർ സ്ഥിരമായി വാങ്ങുന്നതുകൊണ്ട് പിന്നീടുള്ള വാങ്ങലിൽ അഡ്ജസ്റ്റ് ചെയ്യുവെന്നാണ് മറുപടി നൽകിയിരിക്കുന്നതെന്നും എല്ലാ വർഷവും ടാർ വാങ്ങുന്നതാണെന്നും ഇഷ്യൂ ചെയ്യുന്ന സമയത്തെ വില കണക്കാക്കിയാണ് ടാർ ലഭിക്കുന്നതെന്നും ചിലപ്പോൾ കൂടുതലും ചിലപ്പോൾ കുറച്ചുമാണ് ലഭിക്കാറുള്ളതെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

137. പർച്ചേസ് ചെയ്ത ടാറിന്റെ അളവ്, ഡിസ്ട്രിബ്യൂഷൻ, സ്റ്റോക്ക് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ ചൂണ്ടിക്കാട്ടിയപ്പോൾ രേഖകൾ എത്രയും വേഗം ഓഡിറ്റ് വിഭാഗത്തിന് ഹാജരാക്കാനും നഗരസഭ നൽകുന്ന മറുപടി ഓഡിറ്റ് വിഭാഗം പരിശോധിച്ചതിനശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണോ എന്ന കാര്യം പരിശോധിക്കാമെന്നും സമിതി തീരുമാനിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

**138. നഗരസഭ ബി.പി.സി.എൽ.ൽ നിന്നും ഓഡിറ്റ് പരാമർശിച്ച കാലയളവിൽ വാങ്ങിയ ടാറിന്റെ അളവ്, ഡിസ്ട്രിബ്യൂഷൻ, സ്റ്റോക്ക് എന്നിവ സംബന്ധിച്ച രേഖകൾ അടിയന്തരമായി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കരാറുകാരന്റെ സ്വന്തം മണ്ണിന് അധിക നിരക്ക്**

(2001-2002 ചെലവ് ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2-17)

കോർപ്പറേഷനിൽ 2001-2002 ൽ നടത്തിയ മരാമത്ത് പ്രവർത്തികൾക്ക് കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ് വേണ്ടി വന്നപ്പോൾ

അനുവദിക്കാവുന്ന നിരക്ക് (1.7.1999 ലെ നിരക്ക്) കരാറുകാർക്ക് 10 ഘനമീറ്റർ ന് 803/- രൂപ, ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് 10 ഘനമീറ്റർ ന് 730/- രൂപ എന്ന പ്രകാരമാണ്. മരാമത്ത് പണികളിലെ മണ്ണ് നിറയ്ക്കൽ ഇനത്തിന് കൂടിയ നിരക്ക് അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ആകെ നൽകിയ അധികം തുക 44,291/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

139. മണ്ണിന് നൽകിയ അധിക നിരക്കായ 44,291 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞു. മണ്ണിന്റെ വില വ്യത്യാസമാണ് പരാമർശിച്ചിരിക്കുന്നതെന്നും ഇരുപതോളം കരാറുകാർക്കാണ് അധിക തുക നൽകിയിട്ടുള്ളതെന്നും ഓരോരുത്തരിൽ നിന്നും 2000 രൂപയിൽ താഴെയാണ് ഈടാക്കേണ്ടതെന്നും പല കരാറുകാരും മരണപ്പെട്ടുപോയതിനാൽ തുക ഈടാക്കാൻ കഴിയില്ലെന്നുമാണ് നഗരസഭ അറിയിച്ചിട്ടുള്ളതെന്ന് നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

140. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**141. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മൊബൈൽ ഫോൺചാർജ്ജ് കോർപ്പറേഷൻ ഫണ്ടിൽ നിന്ന്**

(2001-2002 ചെലവ് ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2-22)

സർക്കാർ അനുമതിയില്ലാതെ മൊബൈൽ ഫോൺ ചാർജ്ജ് കോർപ്പറേഷൻ ഫണ്ടിൽ നിന്ന് അടച്ചു. നഗരസഭാ മേയർ, ഡെപ്യൂട്ടി മേയർ, സെക്രട്ടറി എന്നിവർ

മൊബൈൽ ഫോൺ ഉപയോഗിച്ചതിന് 2001-2002 ൽ ആകെ 36409/- രൂപ കോർപ്പറേഷൻ ഫണ്ടിൽ നിന്ന് അടച്ചിട്ടുണ്ട്. 2001-2002 ൽ ഔദ്യോഗികാവശ്യത്തിന് മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ലാത്തതിനാൽ ചെലവ് 36409/- രൂപ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.4.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

142. 2001-2002 ൽ ഔദ്യോഗികാവശ്യത്തിന് മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ലാത്തതിനാൽ 36,409/- രൂപ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കണമെന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മുമ്പ് അങ്ങനെയൊരു ഉത്തരവില്ലായിരുന്നുവെന്നും നിലവിൽ മേയർമാർക്കും സെക്രട്ടറിമാർക്കും മൊബൈൽ ഫോൺ ചാർജ്ജ് കോർപ്പറേഷൻ ഫണ്ടിൽ നിന്ന് വഹിക്കുന്നതിന് ഉത്തരവുണ്ടെന്നും അന്ന് മൊബൈൽ ഫോൺ ഔദ്യോഗികാവശ്യത്തിനാണ് ഉപയോഗിച്ചിട്ടുള്ളതെന്നും അതിൽ ഒരാൾ കുറച്ച് തുക തിരിച്ചടച്ചിട്ടുണ്ടെന്നും അന്നത്തെ സെക്രട്ടറി കോടതിയിൽ ഫയൽ ചെയ്ത കേസിന്മേൽ റിട്ടയർ ചെയ്ത് 3 വർഷം കഴിഞ്ഞതിനാൽ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് നിലനിൽക്കുന്നതല്ലെന്നാണ് കോടതി ഉത്തരവായിട്ടുള്ളതെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

143. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**144. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## തിരുവനന്തപുരം ജില്ല

ഓഡിറ്റ് ഖണ്ഡിക

**നെയ്യാറ്റിൻകര നഗരസഭ**

**മെറ്റലിംഗ് നടത്തിയതിൽ കൂടുതൽ ദൂരം ടാറിംഗ് നടത്തി**

(2000-2001 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2(28))

നെയ്യാറ്റിൻകര നഗരസഭ വക റോഡ് മെറ്റലിംഗ് നടത്തിയതിൽ കൂടുതൽ ദൂരം ടാറിംഗ് നടത്തിയതുമൂലം 80,082/- രൂപയുടെ നഷ്ടം സംഭവിച്ചു.

റോഡ് രജിസ്റ്ററിലുൾപ്പെടാത്ത പിണമാട്ടുകുഴി പേഴുവിള റോഡ് ടാറിംഗിൽ എസ്റ്റിമേറ്റ് തയ്യാറാക്കാതെ പുതുതായി 894.7 $m^2$ ഏരിയ മെറ്റലിംഗ് നടത്തിയശേഷം 2198.2 $m^2$ റോഡ് 36mm മെറ്റലുപയോഗിച്ച് ടാറിംഗ് നടത്തിയതായി കാണുന്നു. 36 എം.എം. മെറ്റൽ ടാറിംഗിന് ഉപയോഗിക്കാറില്ല. പിന്നെ എങ്ങനെ ടാറിംഗ് നടത്തിയെന്ന് വ്യക്തമല്ല. അനുവദനീയമായ നിരക്കിൽ കണക്കാക്കുമ്പോൾ 80082 രൂപ അധികം ചെലവായി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.6.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

145. നെയ്യാറ്റിൻകര നഗരസഭ വക റോഡ് മെറ്റലിംഗ് നടത്തിയതിനേക്കാൾ കൂടുതൽ ദൂരം ടാറിംഗ് നടത്തിയതുമൂലം 80,082/- രൂപയുടെ നഷ്ടം സംഭവിച്ചുവെന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിന് പ്രസ്തുത റോഡിൽ ഒരു തവണ മെറ്റലിംഗ് നടത്തിയതിനാലാണ് രണ്ടാമത് 36 എം. എം. മെറ്റലുപയോഗിച്ച് ടാർ ചെയ്തതെന്ന് നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു തുടർന്ന് കുന്നും കുഴിയുമുള്ള റോഡിൽ മാത്രമേ 36 എം. എം. മെറ്റലുപയോഗിക്കേണ്ടതുള്ളൂവെന്നും അല്ലെങ്കിൽ 12/6 എം. എം. ആണ് ഉപയോഗിക്കേണ്ടതെന്നും 36 എം. എം. മെറ്റലുപയോഗിച്ചതുകൊണ്ടാണ് അധിക തുക വേണ്ടി വന്നതെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

146. രണ്ട് മെറ്റലിംഗ് ചെയ്തിടത്ത് ടാറിംഗ് മാത്രമേ നടത്തിയിട്ടുള്ളുവെന്നും മെറ്റലിംഗ് ചെയ്ത് കുറേ നാളായത് കൊണ്ട് ഒരു മെറ്റലിംഗ് ചെയ്തഭാഗത്ത് 36 എം. എം. മെറ്റലുപയോഗിച്ച് ടാർ ചെയ്തുവെന്നും റോഡ് ഉപയോഗയോഗ്യമാക്കാനും കൂടുതൽ സ്ഥലം ടാർ ചെയ്യാനും സാധിച്ചിട്ടുണ്ടെന്നും 2000-ൽ നടന്ന വർക്കാണിതെന്നും പ്രസ്തുത റോഡ് ഉപയോഗയോഗ്യമായിട്ടുണ്ടെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

147. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**148. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതിഫണ്ടിൽ നിന്നും വകമാറ്റി ചെലവഴിച്ച**

**(2000-2001 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 2(23))**

23.1.2001 ലെ 22153/പി1/2000/എൽ.എ.ഡി. നമ്പർ സർക്കാർ സർക്കുലർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി തുക വകമാറ്റി ചെലവഴിച്ചു.

ഡി.പി.സി. അംഗീകരിച്ച പ്രോജക്ടുകൾക്ക് മാത്രം ഉപയോഗിക്കേണ്ട 6,50,000/- രൂപ ഷോപ്പിംഗ് കോംപ്ലക്സിന്റെ ബിൽ തുക അടയ്ക്കുവാനായി നിയമവിരുദ്ധമായി ചെലവഴിച്ചു. കൂടാതെ ടി തുക 9.8.2004 വരെ തിരിച്ചടവ് നടത്തിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.6.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

149. അക്ഷയ കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരൻ കോടതിയിൽ കേസ് ഫയൽ ചെയ്തതിനെത്തുടർന്ന് അത്യാവശ്യമായി തുക നൽകിയില്ലെങ്കിൽ വർക്ക് നിന്നുപോകുമെന്ന സ്ഥിതി വന്നപ്പോഴാണ് തുക പ്ലാൻ ഫണ്ടിൽ നിന്നും വകമാറ്റി

ചെലവഴിച്ചതെന്നും പ്രവൃത്തി പൂർത്തിയാക്കി ഇപ്പോൾ ഉപയോഗയോഗ്യമാണെന്നുമാണ് നഗരസഭ മറുപടി നൽകിയിരിക്കുന്നതെന്ന് നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു പ്രസ്തുത വിഷയത്തിൽ ഗവൺമെന്റ് സാധൂകരണത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമായിട്ടില്ല എന്നും നഗരസഭ അറിയിച്ചിരിക്കുന്നതായി ഓഡിറ്റ് വകുപ്പ് അറിയിച്ചതിനാൽ, ആയത് സംബന്ധിച്ച് എന്താണ് അറിയിക്കാനുള്ളതെന്ന് സമിതി ആരാഞ്ഞു. ഓഡിറ്റ് അധികാരികൾക്കാണ് അപേക്ഷ നൽകിയിട്ടുള്ളതെന്ന് നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി. സാധൂകരണത്തിനുള്ള അപേക്ഷ ഗവൺമെന്റിൽ ലഭിച്ചിട്ടില്ലെന്നും ഓഡിറ്റ് വിഭാഗത്തിന്റെ കമന്റോടുകൂടി വരികയാണെങ്കിൽ പരിശോധിക്കാമെന്നും തദ്ദേശസ്വയഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചതിന് പഞ്ചായത്ത്/കോർപ്പറേഷൻ വകുപ്പ് മേധാവി സാധൂകരണത്തിന് സർക്കാരിലേയ്ക്ക് അപേക്ഷ അയയ്ക്കുകയും സർക്കാർ ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായമാരായുകയാണ് ചെയ്യുന്നതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി.

150 സാധൂകരണത്തിന് അപേക്ഷ ഒന്നുകൂടി സമർപ്പിക്കുന്നതാണെന്ന് നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചു.

151. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ടുകളാണ് സമിതി മുമ്പാകെ ഏറ്റവും കൂടുതൽ വരുന്നതെന്നും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും കൃത്യമായ മറുപടി ലഭ്യമാക്കുകയോ സാധൂകരണത്തിന് സമർപ്പിച്ച അപേക്ഷകളിന്മേൽ തീരുമാനമെടുക്കുകയോ ചെയ്യുന്നില്ലെന്നും സർക്കാർ റിപ്പോർട്ട് സമിതി മുമ്പാകെ വന്നാൽ മാത്രമേ ആ തീരുമാനത്തോട് യോജിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കാൻ സാധിക്കുകയുള്ളുവെന്നും സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ കാലതാമസം വരുത്തരുതെന്നും ഇക്കാര്യത്തിൽ ശാശ്വതമായ പരിഹാരം സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചതിന് സമയബന്ധിതമായി റിപ്പോർട്ട് നൽകാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ഉറപ്പ് നൽകി.

**നിഗമനങ്ങൾ/ശിപാർശകൾ**

**152. നെയ്യാറ്റിൻകര നഗരസഭയുടെ അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം യഥാസമയം പൂർത്തീകരിക്കുന്നതിന് വേണ്ടിയാണ് പദ്ധതി തുക വക മാറ്റി ചെലവഴിച്ചതെന്നും പ്രസ്തുത നടപടിയുടെ സാധൂകരണത്തിനായി ഓഡിറ്റ് വകുപ്പിന് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ് എന്നും സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. സാധൂകരണത്തിനുള്ള അപേക്ഷ സർക്കാരിലേക്കാണ് അയക്കേണ്ടത് എന്നതിനാൽ നഗരസഭ സർക്കാരിലേക്ക് യഥാവിധി അപേക്ഷ സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻകൂറും ഭാഗികബില്ലും കൈപ്പറ്റി റോഡ് നിർമ്മാണം ഉപേക്ഷിച്ചു**

(2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2(35))

നഗരസഭയുടെ ഊത്തുട്ടുകാല പാണംവിളാകം-ചുണ്ടവിളാകം റോഡ് നിർമ്മാണത്തിന് എം.എൽ.ഇ.സി.യുടെ സാങ്കേതികാനുമതി ലഭ്യമാക്കാതെ ഗുണഭോക്തൃ സമിതിയുമായി കരാർ വെച്ച് പണി ആരംഭിച്ച് സമാഹരണ മുൻകൂർ 31250 രൂപയും ഭാഗിക ബിൽ 65403 രൂപയും ഉൾപ്പെടെ 96653 രൂപ നൽകിയെങ്കിലും പൂർത്തിയാക്കാതെ പണി ഉപേക്ഷിച്ചു. ചെലവ് തുക കൺവീനറിൽ നിന്ന് ഈടാക്കാണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.6.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

153. ഗുണഭോക്തൃ സമിതി മുഖാന്തരമാണ് പ്രവൃത്തി നടപ്പിലാക്കിയതെന്നും ചെറിയ നടപ്പാത വീതി കൂട്ടി സൈഡ് വാൾ കെട്ടി മണ്ണ് നിറച്ച് സഞ്ചാരയോഗ്യമാക്കുന്നതിനാണ് അടങ്കൽ തയ്യാറാക്കിയതെന്നും വിവിധ കക്ഷികളുടെ ഉടമസ്ഥതയിലുള്ള സ്ഥലമാണെന്നും അടങ്കൽ തുക പ്രകാരം 185 മീറ്റർ നീളത്തിൽ റോഡ് നിർമ്മിക്കുന്നതിന് പകരം 163 മീറ്റർ നീളമുള്ള റോഡ് നിർമ്മിച്ചുവെന്നതാണ് പരാമർശമെന്നും സ്ഥലം ലഭിക്കാത്തതിനാലാണ് ബാക്കി റോഡിന്റെ നിർമ്മാണം

പൂർത്തിയാക്കാൻ സാധിക്കാത്തതെന്നും അതിനുള്ള തുകയാണ് ഗുണഭോക്തൃ സമിതിയ്ക്ക് നൽകിയിട്ടുള്ളതെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ ലഭ്യമല്ലാത്തതുകൊണ്ടാണ് രേഖകൾ ഹാജരാക്കാൻ സാധിക്കാത്തതെന്നും നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു

154. രേഖകൾ കൃത്യമായി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും രേഖകൾ നഷ്ടപ്പെടാനുള്ള കാരണമെന്താണെന്നും അതിനുള്ള ഉത്തരവാദി ആരാണെന്നുമുള്ളത് വിശദീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു

155. രേഖയില്ലെന്ന പരാമർശം ശരിയല്ലെന്നും 185 മീറ്റർ നീളത്തിൽ നിർമ്മിക്കേണ്ടിയിരുന്ന റോഡിന്റെ പ്രവൃത്തി 163 മീറ്റർ നീളത്തിൽ നിർമ്മിച്ചുവെന്നും പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാത്തതുകൊണ്ട് ചെലവ് ക്രമീകരിച്ചിട്ടില്ലെന്നതാണ് പരാമർശമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ചൂണ്ടിക്കാട്ടി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി മുൻപാകെ പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചപ്പോൾ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു

<u>**നിഗമനങ്ങൾ/ശിപാർശകൾ**</u>

**156. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നെടുമങ്ങാട് നഗരസഭ**

**മുൻസിപ്പൽ കെട്ടിടങ്ങളുടെ വാടക ഈടാക്കുന്നതിൽ വീഴ്ച**

(1999-2000 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 35(എ))

മുൻസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിലെ 13-ാം നമ്പർ മുറി കെ.എസ്.എഫ്.ഇ.യ്ക്ക് വാടകയ്ക്ക് നൽകിയിരുന്നതിന് ഒഴിഞ്ഞുപോയ ശേഷം 1998-1999, 1999-2000

വർഷങ്ങളിൽ വാടകയ്ക്ക് നൽകാത്തതിനാൽ 131124/- രൂപയുടെയും കെ.എസ്.എഫ്.ഇ.യിൽ നിന്നും വാടക കുടിശ്ശിക ഇനത്തിൽ ബാക്കി ലഭിക്കാനുള്ള 27644/- രൂപയുടേയും നഷ്ടം സംഭവിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

157. മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിലെ 13-ാം നമ്പർ മുറി കെ. എസ്. എഫ്. ഇ.യുമായുള്ള വാടക കരാർ കാലാവധി അവസാനിച്ചതിനുശേഷം 2 വർഷത്തോളം ആരും തന്നെ ലേലത്തിന് എടുക്കാത്തതിനാൽ പ്രസ്തുത കാലയളവിൽ വാടകയിനത്തിൽ നഷ്ടം സംഭവിച്ചതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും അതിനു ശേഷം വീണ്ടും മുറികൾ ലേലത്തിനുപോവുകയും വാടക ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു. അതേ ഓഡിറ്റ് പരാമർശം സംബന്ധിച്ച് കെ. എസ്. എഫ്. ഇ. യിൽ നിന്നും വാടക കുടിശ്ശിക ലഭിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് കെ.എസ്.എഫ്.ഇ.ക്ക് നോട്ടീസ് നൽകിയെങ്കിലും വാടക കുടിശ്ശിക ലഭിച്ചിട്ടില്ല എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. തുടർന്ന്, വാടക കുടിശ്ശിക വാങ്ങുന്ന കാര്യത്തിൽ കെ. എസ്. എഫ്. ഇ.യോട് വിട്ടുവീഴ്ച ചെയ്യാൻ സാധിക്കില്ലെന്നും കെ.എസ്.എഫ്.ഇ-ക്ക് തരാൻ കഴിയുമെന്നുള്ളതുകൊണ്ട് ലഭിക്കാനുള്ള വാടക അവരിൽ നിന്നു ഈടാക്കണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**158. കെ.എസ്.എഫ്.ഇ.ൽ നിന്നും ലഭിക്കാനുള്ള വാടക കുടിശ്ശിക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഷോപ്പിംഗ് കോംപ്ലക്സ്: വാടക കുടിശിക ഈടാക്കിയില്ല**

(1999-2000 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 35(ബി))

ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക കുടിശിക ഈടാക്കിയിട്ടില്ല. 1.5 ലക്ഷം രൂപ ഡിപ്പോസിറ്റ് വാങ്ങി വാടകയ്ക്ക് നൽകിയ എ ബ്ലോക്ക് 154-ാം നമ്പർ മുറിയുടെ വാടക ഈടാക്കാത്തതുമൂലം 31.03.2000 വരെ 2,16,450 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

159. സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

**160. സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വർക്കല നഗരസഭ**

**പദ്ധതി അംഗീകാരമില്ലാതെ 38 ലക്ഷം ക്രമവിരുദ്ധമായി ചെലവാക്കി**

(1999-2000 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.47)

ഐ.ഡി.എസ്സ്.എം.ടി. സ്കീമിൽ അംഗീകാരമില്ലാതെ 38 ലക്ഷം രൂപയുടെ പദ്ധതി തുക ക്രമവിരുദ്ധമായി ചെലവഴിച്ചു

ഐ.ഡി.എസ്സ്.എം.ടി. സ്കീമിൽ ധനസഹായം ലഭിക്കുമ്പോൾ പദ്ധതി വിഹിതത്തിൽ തിരികെ അടയ്ക്കാമെന്ന വ്യവസ്ഥയിൽ പദ്ധതി വിഹിതത്തിൽ നിന്നും 20 ലക്ഷം രൂപ ചെക്ക് 831882/17.2.99 പ്രകാരവും 31.3.2004 811877 ചെക്ക് പ്രകാരവും 18 ലക്ഷം രൂപയും

ചേർത്ത് 38 ലക്ഷം രൂപ ഐ.ഡി.എസ്സ്.എം.ടി. സ്കീം ചെലവിലേക്ക് നൽകിയിട്ടുണ്ട്. 5/99 ൽ 38.5 ലക്ഷം രൂപ സ്കീമിന് ലഭിച്ചെങ്കിലും ഒരു തുക പോലും ഫണ്ടിൽ തിരിച്ചടച്ചിട്ടില്ല. അതിനാൽ 38 ലക്ഷം രൂപ പദ്ധതി ചെലവായി അംഗീകരിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

161. ഓഡിറ്റ് റിപ്പോർട്ടിന്മേൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രാദേശിക പരിശോധന നടത്താൻ സമിതി നിർദ്ദേശിച്ചു

<u>**നിഗമനങ്ങൾ/ശിപാർശകൾ**</u>

**162. പ്രസ്തുത പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രാദേശിക പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി തുക കൈപ്പറ്റിയെങ്കിലും കയർപിരിയന്ത്രം സ്ഥാപിച്ചില്ല**

(1999-2000 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 50(2))

കയർ വ്യവസായ സഹകരണസംഘം വഴി കയർപിരിയന്ത്രം സ്ഥാപിക്കൽ പദ്ധതി തുക കൈപ്പറ്റിയ ശേഷം പദ്ധതി ഉപേക്ഷിച്ചു

കയർവ്യവസായ സഹകരണ സംഘത്തിന് ഷെഡ് നിർമാണം, കയർപിരിയന്ത്രം സ്ഥാപിക്കൽ എന്നീ പദ്ധതിക്ക് 160000 രൂപ 17.1.2000 ൽ നൽകുകയുണ്ടായി. കരാർ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കുമെന്നും വീഴ്ച വരുത്തിയാൽ നൽകിയ തുക പലിശസഹിതം സംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി, ഭരണസമിതിയംഗങ്ങൾ എന്നിവരിൽ നിന്ന് റവന്യു റിക്കവറി ഉൾപ്പെടെയുള്ള നടപടികളിലൂടെ വസൂലാക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

60000 രൂപ ഉപയോഗിച്ച് ഷെഡ് നിർമ്മിച്ചുവെന്നും ഗുണഭോക്തൃ വിഹിതം 80000 രൂപ ചെലവഴിച്ച് വസ്തു വാങ്ങിയിട്ടുണ്ടെന്നും പുതിയ കയർപിരി റാട്ടുകൾ കയർ വികസന ഡയറക്ടറുടെ അനുമതി ലഭിച്ചാലുടൻ വാങ്ങി പ്രവർത്തനം ആരംഭിക്കുമെന്നും പ്രസ്താവിച്ചിട്ടുണ്ടെങ്കിലും പുതിയ റാട്ടുകൾ വാങ്ങിയതിന്റെ രേഖകളില്ല. ലഭിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് വ്യവസായ വികസന ഓഫീസർ കയർ സംഘം സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ പദ്ധതി നടത്തിപ്പിനായി അനുവദിച്ച തുക പ്രയോജനകരമല്ലാതെയും പ്രവർത്തനത്തിനായി വിനിയോഗിക്കാതെയും സംഘത്തിന്റെ കൈവശമാണുള്ളത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

163. രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**164. വ്യവസായ സഹകരണ സംഘത്തിന് നൽകിയ തുക വിനിയോഗിച്ച് വസ്തു വാങ്ങി ഷെഡ് നിർമ്മിക്കുകയും കയർപിരിയന്ത്രം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം സംഘം സെക്രട്ടറി ഹാജരാക്കിയിട്ടുണ്ട് എന്ന് സർക്കാർ മറുപടിയിൽ അറിയിച്ചിരിക്കുന്നു. ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ഓഡിറ്റിന് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പരമാർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

തിരുവനന്തപുരം,
2023 മാർച്ച് 16

**ടി. പി. രാമകൃഷ്ണൻ,**
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

# അനുബന്ധം - I

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നം. | ഖണ്ഡിക | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| 1 | 23, 24, 25, 26, 27, 28, 29 | വിനോദ സഞ്ചാര വകുപ്പ് | നിലവിൽ സമാന്തര അക്കൗണ്ടിംഗ് രീതിയില്ലെന്നും എല്ലാ ഡി.റ്റി.പി.സി.കളിലും ഏകീകൃത അക്കൗണ്ടിംഗ് സിസ്റ്റം നിലവിലുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ സമാന്തര അക്കൗണ്ടിംഗ് വ്യാപകം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br>രജിസ്റ്ററുകൾ തയ്യാറാക്കുന്നത് ബാഹ്യ ഏജൻസികൾ എന്ന പരാമർശം സംബന്ധിച്ച് നിലവിൽ മലപ്പുറം ഡി.റ്റി.പി.സി.യിൽ അക്കൗണ്ടന്റ് തന്നെയാണ് അക്കൗണ്ടിംഗ് ജോലികൾ നിർവഹിക്കുന്നതെന്ന ടൂറിസം വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br>ഡി.റ്റി.പി.സി.യുടെ കീഴിലുള്ള എല്ലാ ടൂറിസം ഡെസ്റ്റിനേഷൻ പോയിന്റുകളിലും ജംഗമസാധന രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കണമെന്ന നിർദ്ദേശത്തോടെ ജംഗമസാധന രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br>വരവ് നഷ്ടം കണക്കാക്കാനാകുന്നില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br>ഡി.റ്റി.പി.സി.യുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് മാത്രമേ ഉണ്ടാകാൻ പാടുള്ളൂ എന്നും എല്ലാ ഇടപാടുകളും ഒറ്റ അക്കൗണ്ടിലൂടെ ആകണമെന്നുമുള്ള നിർദ്ദേശം എല്ലാ കൗൺസിലുകൾക്കും നൽകിയിട്ടുണ്ട് എന്ന മറുപടിയുടെ അടിസ്ഥാനത്തിൽ എല്ലാ |

| | | | |
|---|---|---|---|
| | | | ഡി.റ്റി.പി.സി. യൂണിറ്റുകളും ഇക്കാര്യം കർശനമായി നടപ്പിലാക്കുന്നുണ്ടെന്ന് വകുപ്പ് ഉറപ്പു വരുത്തണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br>എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് കൃത്യമായ കണക്കില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് ടൂറിസം വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br>2016-17 വരെയുള്ള ഓഡിറ്റിംഗ് ഡി.റ്റി.പി.സി.കളിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഒരു വർഷം ഓഡിറ്റ് ചെയ്ത റിപ്പോർട്ടുകൾ ഗവേണിംഗ് ബോഡിയിൽ വച്ച് പാസാക്കിയതിനുശേഷം മാത്രമേ അടുത്ത വർഷത്തെ ഓഡിറ്റ് നടത്താൻ സാധിക്കുകയുള്ളുവെന്നുമുള്ള ടൂറിസം വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 34 | ,, | സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട നികുതികളും നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതവും എം. ബുക്കിൽ നിർണ്ണയിച്ച് ഈടാക്കാതെ ബില്ലുകൾ തീർപ്പാക്കിയതുമൂലം സർക്കാരിന് നഷ്ടം സംഭവിച്ചതായി സമിതി മനസ്സിലാക്കുന്നു. തൊഴിലാളികളുടെ വിഹിതം ക്ഷേമനിധിയിൽ അടയ്ക്കാത്തത് അവരുടെ നിലനിൽപ്പിനെ ബാധിക്കുന്ന വിഷയമാണെന്നും സമിതി നിരീക്ഷിക്കുന്നു. കൗൺസിലുകൾ നടപ്പാക്കുന്ന മരാമത്ത് വേലകൾക്ക് 15.06.2020-ലെ പരിപത്രം പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായി സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിരിക്കുന്നതിനാൽ, പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നടപടി സ്വീകരിക്കുന്നതിനും ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ അടിയന്തരമായി പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| 3 | 41 | ,, | സബ്സിഡി സംബന്ധിച്ച വിഷയത്തിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി നൽകിയ മറുപടി തൃപ്തികരമാണെന്നും തുക വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് കണക്കുകൾ ഹാജരാക്കിയിട്ടില്ല എന്നുള്ള ഓഡിറ്റിന്റെ |

| | | | |
|---|---|---|---|
| | | | വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ തുക വകമാറ്റി ചെലവഴിച്ചതുമായി ബന്ധപ്പെട്ട് കൃത്യമായ കണക്കുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കാൻ സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഡി.റ്റി.പി.സി.യുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ രേഖകൾ കൃത്യമായി സൂക്ഷിക്കണമെന്നും ഓഡിറ്റ് കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 43 | ,, | നിലവിൽ കൗൺസിലിന്റെ ടെലിഫോൺ ചാർജ്ജ് പരിമിതപ്പെടുത്തിയിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 45 | റവന്യൂ (ദേവസ്വം) വകുപ്പ് | 28.04.2010 ലെ മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാടക പുതുക്കി ഉത്തരവായിട്ടുണ്ടെന്ന റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 47 | ,, | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 52 | ,, | സത്രം ഓഡിറ്റോറിയം കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിയുടെ ഫൈനൽ ബില്ലും അനുബന്ധ രേഖകളും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ദേവസ്വം കമ്മീഷണറുടെ അധ്യക്ഷതയിൽ 27.04.2021-ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നെങ്കിലും ആയത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത രേഖകൾ അടിയന്തരമായി ഓഡിറ്റിന് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 54 | ,, | തുക തിരിച്ചടച്ചതായുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 56 | ,, | ഓഡിറ്റ് തടസ്സപ്പെടുത്തിയ 27000/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ലെങ്കിൽ പ്രസ്തുത തുക ദേവസ്വം അക്കൗണ്ടിൽ തിരിച്ചടയ്ക്കാൻ മുൻ കമ്മിറ്റി ഭാരവാഹികൾക്ക് ദേവസ്വം മാനേജർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തിരിച്ചടവ് പുരോഗതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു സ്പെഷ്യൽ ടീമിനെ |

| | | | |
|---|---|---|---|
| | | | നിയോഗിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത റിപ്പോർട്ട് ഓഡിറ്റിന്റെ പരിശോധനകൾക്ക് ഹാജരാക്കുന്നതിനും ഓഡിറ്റിന് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 60 | ” | നഷ്ട തുക തിരികെ ഒടുക്കിയിട്ടുണ്ടെന്നും ഭാവിയിൽ ഇത്തരം വിഷയങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് ഓഫീസർമാർ ഫയലിൽ തിരിമറി നടത്തിയാലും ഓഡിറ്റ് കർശന നടപടികൾ സ്വീകരിക്കുന്നതുകൊണ്ട് ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നില്ലെന്നും ഭണ്ഡാരത്തിലും കണക്കുകളിലും ക്രമക്കേടുകൾ സംഭവിക്കാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും എല്ലാ ദേവസ്വം ബോർഡുകളിലും ഏകീകൃതമായ രീതിയിൽ നിയമനം നടത്തുന്നതിന് നിയമപരമായ നടപടികൾ സ്വീകരിച്ചു വരികയാണെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 63 | ” | നിലവിൽ ക്ഷേത്രഫണ്ടിന്റെ വിനിയോഗം, വരവ് ചെലവ് കണക്കുകൾ, വൗച്ചർ സൂക്ഷിക്കൽ എന്നിവയിൽ വ്യക്തമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടെന്നും പ്രസ്തുത മാർഗ്ഗരേഖ അനുസരിച്ചാണ് മുന്നോട്ട് പോകുന്നതെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഭാവിയിൽ ഇത്തരം വിഷയങ്ങൾ ആവർത്തിക്കാതിരിക്കാൻ വകുപ്പ് ജാഗ്രത പുലർത്തണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 65 | സാംസ്കാരിക കാര്യ വകുപ്പ് | കേരള സാഹിത്യ അക്കാദമി സെക്രട്ടറി ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 67, 70 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 14 | 72 | ,, | പരാമർശത്തിൽ പ്രതിപാദിച്ചിട്ടുള്ള തസ്തികകളിൽ നിലവിൽ ആരും ജോലി ചെയ്യുന്നില്ലെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 75 | ,, | ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടം വന്ന തുക എഴുതിത്തള്ളുന്നതിന് ഭരണസമിതിയിൽ വച്ച് തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ അടിയന്തരമായി ഭരണസമിതിയിൽ സമർപ്പിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 79 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | നിലവിൽ സർവ്വകലാശാലയിലെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിലാണ് എന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 84 | ,, | സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും വസ്തുവകകൾ കെട്ടിടങ്ങളോടൊപ്പം തിരികെ ഏറ്റെടുത്തതിന്റെയും 2.25 കോടി രൂപ സർവകലാശാലയുടെ അക്കൗണ്ടിലേക്ക് തിരികെ അടച്ചതിന്റെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ റിപ്പോർട്ട് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 87 | ,, | മോഷണം പോയ പണം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കിയിട്ടുള്ളതായി സർക്കാർ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മോഷണം പോയ പണം തിരിച്ചടച്ചാലും ക്രിമിനൽ കുറ്റം നിലനിൽക്കുമെന്നതിനാൽ ഉത്തരവാദികളായവർക്കെതിരെ തുടർനടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 92 | ,, | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർവകലാശാല എഞ്ചിനീയറിംഗ് വിംഗിന്റെ അഭിപ്രായവും ഓഡിറ്റിന്റെയും കൺസൾട്ടന്റിന്റെയും അഭിപ്രായവും തമ്മിൽ വൈരുദ്ധ്യമുള്ളതിനാൽ, വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ വകുപ്പിനോടും |

| | | | |
|---|---|---|---|
| | | | ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഓഡിറ്റ് വകുപ്പിനോടും സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 96 | ,, | കൊച്ചിൻ യൂണിവേഴ്സിറ്റി പ്രൊവിഡന്റ് ഫണ്ട് തുക കൃത്യസമയത്ത് ട്രഷറിയിൽ അടയ്ക്കാത്തതുമൂലം പലിശയിനത്തിൽ വൻ തുക നഷ്ടം സംഭവിച്ചുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പ് വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ട്രഷറിയിൽ തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരായിരുന്നെന്നും അതിനുള്ള സാഹചര്യം എന്തായിരുന്നുവെന്നും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 21 | 102 | ,, | 'കുസാക്' കാമ്പസ് നിർമ്മാണത്തിൽ ഓഡിറ്റ് കണ്ടെത്തിയ ഗുരുതരമായ അപാകതകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |
| 22 | 106 | ,, | അധികമായി കൈപ്പറ്റിയ തുക ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും സർവ്വകലാശാല സ്വീകരിച്ചിട്ടില്ലെന്നും ഇതുമൂലം സർവകലാശാലയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 111 | ,, | ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർവ്വകലാശാലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണം ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിൽ ഒരു വ്യവസ്ഥയുണ്ടാക്കുന്ന കാര്യം പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 113 | ,, | നിലവിൽ പരീക്ഷാ ജോലികൾക്ക് പ്രതിഫലം നൽകുന്നില്ലെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 25 | 117 | ഭവനനിർമ്മാണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 26 | 123, 124, 125 | ,, | തുക തിരിച്ചടച്ച് വായ്പ അക്കൗണ്ട് അവസാനിപ്പിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നുള്ള ഓഡിറ്റിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br>എറണാകുളം റവന്യൂ ടവറിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയത് കമ്മീഷൻ ചെയ്തതിന് ശേഷം എല്ലാ ഓഫീസ് മുറികളും കടമുറികളും വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br>പാറ്റൂർ ഭവനനിർമ്മാണ പദ്ധതിയിലെ ഫ്ലാറ്റുകളിൽ അഗ്നിശമന ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്ന പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തുകയായ 36,01,075 രൂപ 17.07.2003 ലെ ബോർഡ് തീരുമാന പ്രകാരം അംഗീകരിച്ചതാണെന്ന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 132, 133, 134 | ,, | സർക്കാർ അനുമതി നേടാതെ, നൈറ്റ് ഔട്ട് അലവൻസ് ഇനത്തിൽ കൈപ്പറ്റിയ തുക തിരിച്ചുപിടിക്കുന്നതിൽ നിന്ന് പരാമർശവിധേയമായ ബോർഡ് ചെയർമാനെ ഒഴിവാക്കാമെന്ന് 14.02.2013-ൽ ഉത്തരവായതായി സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ, ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നില നിൽക്കുന്നതിനാൽ അത് തീരാതെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കില്ലെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് പരാതിക്കാരനുമായി ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു.<br>വാടകയിനത്തിൽ നഷ്ടം ഉണ്ടായിട്ടില്ല എന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാടക കുറവ് ചെയ്ത് ഈടാക്കിയത് മൂലം നഷ്ടം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | കെ.എസ്.എച്ച്.ബി.(കൊച്ചി) 31.12.1995-ൽ പണി പൂർത്തീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് നാളിതുവരെ വാടകയ്ക്ക് നൽകിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 138 | തദ്ദേശസ്വയംഭരണ വകുപ്പ് | നഗരസഭ ബി.പി.സി.എൽ.ൽ നിന്നും ഓഡിറ്റ് പരാമർശിച്ച കാലയളവിൽ വാങ്ങിയ ടാറിന്റെ അളവ്, ഡിസ്ട്രിബ്യൂഷൻ, സ്റ്റോക്ക് എന്നിവ സംബന്ധിച്ച രേഖകൾ അടിയന്തരമായി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 141 | തദൈവ | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 144, 148 | " | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 31 | 152 | " | നെയ്യാറ്റിൻകര നഗരസഭയുടെ അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം യഥാസമയം പൂർത്തീകരിക്കുന്നതിന് വേണ്ടിയാണ് പദ്ധതി തുക വക മാറ്റി ചെലവഴിച്ചതെന്നും പ്രസ്തുത നടപടിയുടെ സാധൂകരണത്തിനായി ഓഡിറ്റ് വകുപ്പിന് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ് എന്നും സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. സാധൂകരണത്തിനുള്ള അപേക്ഷ സർക്കാരിലേക്കാണ് അയക്കേണ്ടത് എന്നതിനാൽ നഗരസഭ സർക്കാരിലേക്ക് യഥാവിധി അപേക്ഷ സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 32 | 156 | " | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 33 | 158 | " | കെ.എസ്.എഫ്.ഇ.ൽ നിന്നും ലഭിക്കാനുള്ള വാടക കുടിശ്ശിക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 34 | 160 | " | സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 35 | 162 | ,, | പ്രസ്തുത പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രാദേശിക പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 36 | 164 | ,, | വ്യവസായ സഹകരണ സംഘത്തിന് നൽകിയ തുക വിനിയോഗിച്ച് വസ്തു വാങ്ങി ഷെഡ് നിർമ്മിക്കുകയും കയർപിരിയന്ത്രം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം സംഘം സെക്രട്ടറി ഹാജരാക്കിയിട്ടുണ്ട് എന്ന് സർക്കാർ മറുപടിയിൽ അറിയിച്ചിരിക്കുന്നു. ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ഓഡിറ്റിന് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |

29-11-2022

File No.TOUR-A4/124/2021-TOUR

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി (2021 – 23): ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005 – 06 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| നമ്പർ | ഖണ്ഡിക നമ്പർ | ശുപാർശ/നിർദേശം | സ്വീകരിച്ച നടപടി |
|---|---|---|---|
| | | **വിനോദ സഞ്ചാര വാരാഘോഷം ഓഡിറ്റ്:** | |
| | **1. പൊതു പരാമർശങ്ങൾ** | | |
| | 1 | **അക്കൗണ്ട്സ് റൂളില്ല; കണക്കുകൾ കത്തഴിഞ്ഞ നിലയിൽ**<br>നിലവിൽ വന്ന 18 വർഷം കഴിഞ്ഞിട്ടും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് അക്കൗണ്ട്സ് റൂൾസില്ല. അക്കൗണ്ട് റൂളില്ലാത്തതിനാൽ കണക്കുകൾ കത്തഴിഞ്ഞ നിലയിലാണ്. മാത്രമല്ല, ധനവിനിയോഗങ്ങളുടെ കൃത്യമായ ഓഡിറ്റും ദുഷ്കരമാകുന്നു.<br>കണക്കുകൾ സൂക്ഷിക്കുന്നതിനും ധനവിനിയോഗത്തിനും നിശ്ചിത മാനദണ്ഡങ്ങളോ നിർദേശങ്ങളോ നിലവിലില്ലാത്തതിനാൽ കൗൺസിലുകൾ വ്യത്യസ്ത രീതിയിൽ കണക്കുകൾ സൂക്ഷിക്കുന്നതായി കാണുന്നു.<br>ഓഡിറ്റിൽ കണ്ടെത്തിയ പ്രസക്ത വിവരങ്ങൾ താഴെ: | നിലവിൽ സമാന്തര അക്കൗണ്ടിങ് രീതിയില്ലെന്നും ഗ്രാന്റുകൾ അടക്കം മുഴുവൻ ധനവിനിയോഗവും അക്കൗണ്ടിൽ രേഖപ്പെടുത്തുന്നതായും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ അറിയിച്ചിട്ടുണ്ട്.<br>ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ കണക്ക് സൂക്ഷിക്കുന്നതിനും ധനവിനിയോഗത്തിനും മറ്റുമുള്ള മാർഗ നിർദേശങ്ങൾ 15.06.2020 ലെ ഐ & ബി 2 - 12626/2018 നമ്പർ പരിപത്ര പ്രകാരം വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ നൽകിയിരുന്നു. |
| | | **(i) <u>സമാന്തര അക്കൗണ്ടിംഗ് വ്യാപകം</u>**<br>*(2003 – 04 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 7)*<br>കൗൺസിലുകളിൽ സമാന്തര അക്കൗണ്ടിംഗ് വ്യാപകമാണ്. ഇതിനാൽ കൗൺസിലുകളുടെ മുഴുവൻ ധനവിനിയോഗ ക്ലേം അക്കൗണ്ടിൽ പ്രതിഫലിക്കുന്നില്ല. ചിലയിനം ഗ്രാന്റുകൾ പ്രധാന അക്കൗണ്ടിൽ നിന്നും വേറിട്ട് സൂക്ഷിച്ചു വരുന്നു. ഇവയുടെ ധനവിനിയോഗം ഓഡിറ്റിന് വിധേയമാക്കാൻ കഴിയുന്നില്ല. സമാന്തര അക്കൗണ്ടിംഗ് ധനാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ സുഗമമാക്കാവുന്നതിനാൽ ഈ വിഷയത്തിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.<br>ഉദാ: എറണാകുളം ഡി. റ്റി. പി. സി. എസ്റ്റാബ്ലിഷ് മെന്റ് ഗ്രാന്റ് കൗൺസിൽ അക്കൗണ്ടിൽ ഉൾക്കൊള്ളിക്കാതെ വേറിട്ട് സൂക്ഷിക്കുന്നു. | എറണാകുളം ഡി. ടി. പി. സിക്ക് എസ്റ്റാബ്ലിഷ് മെന്റ് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഡി. ടി. പി. സി. സെക്രട്ടറിയുടെ ശമ്പളം മാത്രമാണ്; 2002 – 2004 കാലത്ത് പ്രസ്തുത തുക പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. 2005 മുതൽ സെക്രട്ടറിമാരുടെ ശമ്പളവും തനത് അക്കൗണ്ടിൽ വകയിരുത്തുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ട്.<br>വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന ഗ്രാന്റ് കൃത്യമായി പദ്ധതി റജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഇപ്രകാരം പദ്ധതി റജിസ്റ്റർ തയാറാക്കി സൂക്ഷിക്കുന്നതിനാൽ വരവ്, ചെലവ്, കാലഹരണപ്പെട്ട ഗ്രാന്റ് എന്നിവ കൃത്യമായി അറിയാനുമാവും. |
| | | **(ii) <u>റജിസ്റ്ററുകൾ തയാറാക്കുന്നത് ബാഹ്യ ഏജൻസികൾ</u>**<br>*(മലപ്പുറം ഡി. റ്റി. പി. സി., 2002 – 03 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 41)*<br>കൗൺസിലുകളുടെ അടിസ്ഥാന റജിസ്റ്ററുകളായ ക്യാഷ് ബുക്ക്, ലെഡ്ജർ തുടങ്ങിയവ ചാർട്ടേഡ് അക്കൗണ്ടന്റുമാർ ഉൾപ്പെടെയുള്ള ബാഹ്യ ഏജൻസികൾ തയാറാക്കുന്നതായി കാണുന്നു. കൗൺസിൽ സ്റ്റാഫിന്റെ ഉത്തരവാദിത്വമാണ് റജിസ്റ്ററുകൾ കാലികമായും കൃത്യമായും എഴുതി സൂക്ഷിക്കുക എന്നത്. ഇതിന് വിരുദ്ധമായി ധനവിനിയോഗം കഴിഞ്ഞ് വർഷങ്ങൾക്ക് ശേഷമാണ് ബാഹ്യ | റജിസ്റ്ററുകൾ തയാറാക്കാനും മറ്റും ആവശ്യമായ നിർദേശങ്ങൾ 15.06.2020 ലെ ഐ & ബി 2 - 12626/2018 നമ്പർ പരിപത്ര പ്രകാ[രം] വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ജില്ലാ ടൂറിസം പ്രമോ[ഷൻ] കൗൺസിലുകൾക്ക് നൽകിയിരുന്നു.<br>മലപ്പുറം ഡി. ടി. പി. സിയിൽ 2002 – 2003 കാലത്ത് |

| | | | |
|---|---|---|---|
| | | ഏജൻസികളെ കൊണ്ട് റജിസ്റ്ററുകൾ തയാറാക്കുന്നത്. ഇവർ തന്നെയാണ് ഓഡിറ്റിന് അക്കൗണ്ടുകൾ തയാറാക്കി അയയ്ക്കുന്നതും. ഇതാകട്ടെ ഗുരുതരമായ ക്രമക്കേടുകൾ മൂടിവയ്ക്കാനും ഇടയാക്കുന്നു. | കൈകാര്യം ചെയ്യാനായി കലക്ടറേറ്റിൽ നിന്നു വിരമിച്ച ഉദ്യോഗസ്ഥൻ മാത്രമാണ് ഉണ്ടായിരുന്നത്. ഈ സാഹചര്യത്തിലാണ് അക്കൗണ്ടിങ് കാര്യങ്ങളിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ സഹായം തേടിയിരുന്നത്. എന്നാൽ 2006 മുതൽ മലപ്പുറം ഡി. ടി. പി. സി. അക്കൗണ്ടന്റിനെ നിയമിക്കുകയും തുടർന്ന് ക്യാഷ് ബുക്ക്, ലെഡ്ജർ തുടങ്ങിയ രേഖകളെല്ലാം സ്വന്തം നിലയിൽ എഴുതി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. |
| | | <u>(iii) ജംഗമസാധന റജിസ്റ്റർ സൂക്ഷിക്കുന്നില്ല</u><br>വിലപിടിപ്പുള്ള ജംഗമസാധനങ്ങളുടെ റജിസ്റ്റർ ഒരു കൗൺസിലിലും സൂക്ഷിക്കുന്നതായി കാണുന്നില്ല. റജിസ്റ്റർ ഇല്ലാത്തതിനാൽ ഇവ കാലാന്തരത്തിൽ അന്യാധീനപ്പെടുന്നതിനോ നഷ്ടപ്പെടുന്നതിനോ ഇടയാക്കും. റജിസ്റ്ററില്ലാത്തത് ക്രമക്കേടുകൾക്കും പഴുതാകും. റജിസ്റ്റർ അടിയന്തിരമായി തയാറാക്കേണ്ടതാണ്. | ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളിൽ ജംഗമ റജിസ്റ്റർ സൂക്ഷിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്; എല്ലാ കൗൺസിലുകളും നിലവിൽ ഈ വ്യവസ്ഥ പാലിക്കുന്നുമുണ്ട്. |
| | | <u>(iv) വരവ് നഷ്ടം കണക്കാക്കാനാകുന്നില്ല</u><br>*(2003 – 04 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 5)*<br>കണക്കുകൾ കൃത്യമല്ലാത്തതിനാൽ കൗൺസിലുകളുടെ വരവിനത്തിലെ ചോർച്ച കൃത്യമായി കണക്കാക്കാനാവുന്നില്ല.<br>കണ്ണൂർ ഡി. റ്റി. പി. സി. പാർലറുകൾ, ബീച്ച് കഫെറ്റീരിയകൾ, ബോട്ടുകൾ, റിസോർട്ടുകൾ എന്നിവയുടെ വാടക കൃത്യമായി പിരിക്കുന്നില്ല.<br>വാടകക്കാരുമായി നിയമപ്രകാരമുള്ള കരാർ ചമയ്ക്കാത്തിനാൽ വാടക കുടിശിക ഈടാക്കുന്നതിനോ, പിഴ പലിശ ചുമത്തുന്നതിനോ കഴിയുന്നില്ല.<br>*(കണ്ണൂർ ഡി. റ്റി. പി. സി. 2002 – 03 ഓഡിറ്റ് റിപ്പോർട്ട്; തൃശൂർ ഡി. റ്റി. പി. സി. 2001 – 02 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 12, 13, 14).* | നിലവിൽ കണക്കുകൾ കൃത്യമായി പരിപാലിച്ചു വരുന്നുണ്ടെന്ന് ഡി. ടി. പി. സികൾ അറിയിച്ചിട്ടുണ്ട്.<br>റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കണ്ണൂർ ഡി. ടി. പി. സിയിലും കണക്കുകൾ കൃത്യമായി ഡേ ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. കണക്കുകൾ കൃത്യമായി ഓഡിറ്റിനു വിധേയമാക്കുകയും റിപ്പോർട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. 2015 – 16 സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റുകളിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധന ഇതിനോടകം പൂർത്തിയായിട്ടുണ്ട്.<br>ഇപ്പോൾ സ്ഥാപനങ്ങൾ ലീസിനു നൽകുമ്പോൾ നിശ്ചിത തുക സെക്യൂരിറ്റി ഡിപ്പോസിറ്റായി ഈടാക്കുകയും മാസവാടക കൃത്യമായി അടയ്ക്കാത്ത പക്ഷം 18% പലിശ ചുമത്തുകയും ചെയ്യുന്നുണ്ട്. ലീസിനെടുത്തവരുമായി 200 രൂപയിൽ കുറയാത്ത മുദ്രപത്രത്തിൽ കരാർ ഉടമ്പടിയും തയാറാക്കുന്നുണ്ട്.<br>***<u>ഖണ്ഡിക 12:</u>*** തൃശൂർ വിലങ്ങൻകുന്ന് വിനോദ സഞ്ചാര കേന്ദ്രത്തിലെ കഫെറ്റീരിയ 2000 മെയ് മുതൽ 2001 ഏപ്രിൽ വരെ ഏറ്റെടുത്ത് നടത്താനായി ടെൻഡർ ക്ഷണിച്ചപ്പോൾ ഉയർന്ന തുകയായ 4,500/- രൂപ വാഗ്ദാനം ചെയ്ത മുളങ്കുന്നത്തുകാവ് കല്ലിട്ടേഴി വീട്ടിൽ ശ്രീ. കെ. ആർ. സദാനന്ദന് ഡി. ടി. പി. സി. കരാർ നൽകിയിരുന്നു. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് മൂലം കഫെറ്റീരിയ ഏറ്റെടുത്തു നടത്താനാവില്ലെന്ന് 30.08.2000 തീയതിയായി ശ്രീ. സദാനന്ദൻ കത്ത് നൽകി. നാലു മാസത്തെ വാടകയായി 18.000 രൂപ ഡി. ടി. പി. സിക്ക |

ലഭിക്കേണ്ടതാണെങ്കിലും 10,000/- രൂപ മാത്രമാണ് ശ്രീ. സദാനന്ദൻ അടച്ചത്. അവശേഷിക്കുന്ന 8,000/- രൂപ ലഭിക്കാനായി 28.07.2000, 26.07.2005, 02.08.2005 തീയതികളിൽ ഡി. ടി. പി. സി. ശ്രീ. സദാനന്ദന് കത്ത് നൽകിയിരുന്നു.

വിലങ്ങൻകുന്നിലെ കഫെറ്റീരിയ നടത്തുന്നതിൽ നിന്നു ശ്രീ. സദാനന്ദൻ പിൻമാറിയ സാഹചര്യത്തിൽ ഡി. ടി. പി. സി. പുതിയ കരാറുകാരെ കണ്ടെത്താൻ ശ്രമിച്ചു. പുതിയ ദർഘാസ് ക്ഷണിച്ചതിനെ തുടർന്ന് പ്രതിമാസം 3,000/- രൂപ വാടകയ്ക്ക് പേരാമംഗലം വടേക്കാട് വീട്ടിൽ ശ്രീ. വി. എം. ബാബു മൂന്നു മാസത്തേക്ക് താൽക്കാലികമായി കഫെറ്റീരിയ ഏറ്റെടുത്തു. സെക്യൂരിറ്റിയായി ശ്രീ. ബാബു 10,000/- രൂപ ഡി. ടി. പി. സിയിൽ അടയ്ക്കുകയും ചെയ്തു.

പിന്നീട് നിലവിലെ വാടക നിരക്കിൽ തന്നെ 11 മാസം കൂടി കഫെറ്റീരിയ നടത്താൻ ശ്രീ. ബാബുവിനെ അനുവദിക്കാൻ ഡി. ടി. പി. സിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു.

എന്നാൽ ലീസ് നിരക്കിൽ ഇളവ് നൽകണമെന്ന ആവശ്യം ഡി. ടി. പി. സി. നിരസിച്ചതോടെ ശ്രീ. ബാബു 28.04.2001ൽ ശ്രീ. ബാബുവും കഫെറ്റീരിയ പ്രവർത്തിപ്പിക്കാതെ സ്വയം ഒഴിഞ്ഞു പോയി. ഇതോടെ 2001 ഫെബ്രുവരി മുതൽ ഏപ്രിൽ വരെയുള്ള ലീസ് തുകയായ 9,000/- രൂപയും 2001 ഏപ്രിൽ വരെയുള്ള വൈദ്യുതി ചാർജ് തുകയായ 3,817/- രൂപയും ചേർത്ത് 12,817/- രൂപ അടയ്ക്കാൻ ശ്രീ. ബാബുവിനോട് 04.07.2001, 28.07.2003, 26.07.2005 തീയതികളിലെ കത്തുകൾ പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതാണ്.

***ഖണ്ഡിക 13:*** ഡി. ടി. പി. സിയുടെ ഉടമസ്ഥതയിലുള്ള അതിരപ്പിള്ളി വഴിയോര വിശ്രമകേന്ദ്രം 01.08.2001 മുതൽ 28.02.2003 വരെ പ്രതിമാസം 5,500/- രൂപ വാടക നിശ്ചയിച്ച് ഇരിങ്ങാലക്കുട കോ ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ 1038 എന്ന സ്ഥാപനം ഏറ്റെടുത്തു നടത്തിയിരുന്നു. 28.02.2003 വരെയുള്ള കാലത്തിനിടെ വാടകയായി 1,04,500/- രൂപ അടയ്ക്കേണ്ടയിൽ 69,042/- രൂപ മാത്രമാണു ഡി. ടി. പി. സിക്കു ലഭിച്ചിട്ടുള്ളത്. അവശേഷിക്കുന്ന തുകയായ 34,458/- രൂപയ്ക്കായി 24.04.2003 ലും 26.10.2005 ലും സൊസൈറ്റിക്കു കത്ത് നൽകിയിരുന്നു.

***ഖണ്ഡിക 14:*** ഡി. ടി. പി. സിയുടെ കീഴിലെ ചേറ്റുവ വഴിയോര വിശ്രമകേന്ദ്രം 01.01.2002 മുതൽ 11 മാസത്തേക്ക് ഏറ്റെടുത്ത് നടത്താൻ ചാവക്കാട് പ്രവാസി സംഘം കരാർ ഒപ്പിടുകയും 55,750/- രൂപ അടയ്ക്കുകയും ചെയ്തിരുന്നു. അവശേഷിക്കുന്ന തുക ആവശ്യപ്പെട്ട് 08.05.2002, 12.06.2002 തീയതികളിൽ സംഘത്തിനു കത്ത് നൽകിയിരുന്നു.

| | | | |
|---|---|---|---|
| | | | പ്രവാസി സംഘം കഫെറ്റീരിയയുടെ പ്രവർത്തനം അവസാനിപ്പിച്ച ശേഷം വൈദ്യുതി, ജല കണക്ഷനുകൾ ഡി. ടി. പി. സിയാണ് കുടിശിക തീർത്തു പുനഃസ്ഥാപിച്ചത്. ഇതടക്കം 78,493/- രൂപ അടയ്ക്കാനായി സംഘത്തിനു റവന്യൂ റിക്കവറി നോട്ടീസ് അയച്ചിരുന്നു. |
| | | **(v) <u>ബാങ്ക് അക്കൗണ്ടുകൾ നിരവധി</u>**<br>കൗൺസിലുകൾ ഒരേ സമയം നിരവധി ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നതായി കാണുന്നു. ബാങ്ക് അക്കൗണ്ടുകളുടെ ബാഹുല്യം ന്യായീകരിക്കാവുന്നതല്ല. അക്കൗണ്ടുകളുടെ പെരുപ്പം ചില അക്കൗണ്ടുകൾ ഓഡിറ്റ് പരിധിക്ക് പുറത്താക്കാനും അതുവഴി ധനാപഹരണം വ്യാപകമാക്കാനും ഇടയാക്കിയേക്കും. | ഡി. ടി. പി. സിയുടെ പേരിൽ ഒറ്റ അക്കൗണ്ട് മാത്രമേ ഉണ്ടാകാൻ പാടുള്ളൂ എന്നും ഒന്നിലധികം അക്കൗണ്ടുള്ള ഡി. ടി. പി. സികൾ അവ അവസാനിപ്പിക്കണമെന്നും ഇടപാടുകൾ എല്ലാം ഒറ്റ അക്കൗണ്ടിലൂടെ മാത്രമാക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്.<br>കേരള ഫിനാൻഷ്യൽ കോഡിലെയും ട്രഷറി കോഡിലെയും ചട്ടങ്ങളും വ്യവസ്ഥകളും പാലിച്ചു വേണം ഇടപാടുകളെന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br>ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചതായി ഡി. ടി. പി. സികൾ അറിയിച്ചിട്ടുണ്ട്. |
| | | **(vi) <u>എസ്റ്റാബ്ലിഷ് മെന്റ് ഗ്രാന്റ് കൃത്യമായ കണക്കില്ല</u>**<br>സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന എസ്റ്റാബ്ലിഷ് മെന്റ് ഗ്രാന്റുകളുടെ കൃത്യമായ കണക്കുകൾ കൗൺസിലുകൾ സൂക്ഷിക്കുന്നില്ല. ഇതിനാൽ വരവ്, ചെലവ്, ബാക്കി, കാലഹരണപ്പെട്ട ഫണ്ട് എന്നീ വിവരങ്ങൾ അറിയാൻ കഴിയുന്നില്ല. | സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന എസ്റ്റാബ്ലിഷ് മെന്റ് ഗ്രാന്റുകളുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതും അവ ഡി. ടി. പി. സികളുടെ വാർഷിക കണക്കുകൾക്കൊപ്പം ഓഡിറ്റിനു വിധേയമാക്കാനും 15.06.2020 ലെ ഐ & ബി 2 - 12626/2018 നമ്പർ പരിപത്രത്തിൽ നിർദേശിച്ചിട്ടുണ്ട്.<br>നിലവിൽ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതായി ഡി. ടി. പി. സികൾ അറിയിച്ചിട്ടുണ്ട്. |
| | | **(vii) <u>വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുന്നില്ല</u>**<br>വാർഷിക കണക്കുകൾ ഓഡിറ്റിന് സമയബന്ധിതമായി അയയ്ക്കുന്നതിൽ പല കൗൺസിലുകളും വൈമുഖ്യം കാട്ടുന്നു. ഇത് കോടികളുടെ ധനവിനിയോഗങ്ങളിൽ ഓഡിറ്റ് പരിശോധന വൈകിക്കുന്നു.<br>കോഴിക്കോട്, വയനാട് കൗൺസിലുകൾ 2002 — 03 മുതലുള്ള കണക്കുകൾ ഓഡിറ്റിന് ഹാജരാക്കാനുണ്ട്.<br>പൊതു പണം കോടികളാണു ജില്ലാ ടൂറിസം പ്രമോഷനുകളിലൂടെ വിനിയോഗിക്കപ്പെടുന്നത്. ഇവയുടെ കണക്ക് കൃത്യമായി എഴുതി സൂക്ഷിക്കാൻ അക്കൗണ്ട് റൂളും സ്ഥിരം ഉദ്യോഗസ്ഥ സംവിധാനവും അത്യാവശ്യമാണ്. സർക്കാരിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. | നിലവിൽ വാർഷിക കണക്കുകൾ കൃത്യമായി ഓഡിറ്റിനു വിധേയമാക്കുന്നുണ്ടെന്ന് ഡി. ടി. പി. സികൾ അറിയിച്ചിട്ടുണ്ട്.<br>കോഴിക്കോട്ട് 2017 വരെയുള്ള കണക്കുകൾ ഓഡിറ്റിനു കൈമാറിയതായും തുടർന്നുള്ള വർഷങ്ങളിലെ കണക്കുകളുടെ ഓഡിറ്റിങ് നടന്നു വരുന്നതായും ഡി. ടി. പി. സി. അറിയിച്ചിട്ടുണ്ട്.<br>വയനാട് ഡി. ടി. പി. സിയിലെ 2016 - 17 വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റ് വകുപ്പിന് അയച്ചിട്ടുള്ളതും അവ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. 2017 - 18 മുതൽ 2020 - 21 സാമ്പത്തികവർഷം വരെയുള്ള കണക്കുകൾ തയാറാക്കി ഓഡിറ്റിനു കൈമാറാനുള്ള നടപടികൾ പുരോഗതിയിലാണ്. |
| | 2 | **മരാമത്ത് പണികളിൽ നിയമലംഘനം വ്യാപകം**<br>പൊതു പണം ഉപയോഗിച്ച് നടത്തുന്ന മരാമത്ത് പണികളിൽ അവശ്യം | ഓഡിറ്റ് നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ മരാമത്തു |

| | | | |
|---|---|---|---|
| | | പാലിക്കേണ്ട നിയമങ്ങൾ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ വ്യാപകമായി ലംഘിക്കുന്നു.<br>വിവിധ കൗൺസിലുകളുടെ ഓഡിറ്റിൽ കണ്ട പ്രധാന അപാകതകൾ:<br>എ) മരാമത്ത് പണികളിൽ വകമാറ്റി ചെലവ് വ്യാപകമാണ് (ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ പരാമർശം 'വർക്കല ബീച്ച് വൈദ്യുതീകരണം, സബ്സിഡി 5.9 ലക്ഷം നഷ്ടമാക്കി' കാണുക).<br>ബി) കൗൺസിലുകളുടെ മരാമത്ത് പണികൾ മിക്കതും നിർമ്മിതി കേന്ദ്രമാണ് നിർവഹിക്കുന്നത്. നിയന്ത്രണങ്ങളില്ലാതെ പണികൾക്ക് മുൻകൂറുകൾ നൽകുന്നു. പല പണികളും അപൂർണ്ണമാക്കി അവശേഷിക്കുന്നു.<br>സി) സർക്കാരിലേക്ക് അടയ്ക്കേണ്ട നികുതികളും നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതവും എം. ബുക്കിൽ നിർണ്ണയിച്ച് രേഖപ്പെടുത്തി ഈടാക്കാതെ ബില്ലുകൾ തീർപ്പാക്കുന്നതായും കാണുന്നു. ഈ ഇനത്തിൽ സർക്കാരിന് വൻനഷ്ടമുണ്ട്. കണക്കുകളും രേഖകളും കൃത്യമല്ലാത്തതിനാൽ ഓഡിറ്റിൽ ഇത് നിർണയിക്കാനാവുന്നില്ല.<br>മേൽ അപാകതകളുടെ വെളിച്ചത്തിൽ കൗൺസിലുകൾ നടപ്പാക്കുന്ന മരാമത്ത് വേലകൾക്ക് മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കേണ്ടതും അവ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. | ജോലികളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദേശങ്ങൾ 15.06.2020 ലെ ഐ & ബി 2 - 12626/2018 നമ്പർ പരിപത്ര പ്രകാരം ഡി. ടി. പി. സികൾക്കു നൽകിയിട്ടുണ്ട്:<br>ഡി. ടി. പി. സികൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്ന പദ്ധതികൾ, മരാമത്ത് ജോലികൾ എന്നിവ വിനോദ സഞ്ചാര വകുപ്പിന്റെ അംഗീകൃത ഏജൻസികൾ മുഖേന പൂർത്തിയാക്കേണ്ടതും പദ്ധതി നടത്തിപ്പിന് 21.06.2013 ലെ സ. ഉ. (അ.) 3/2013/എസ്. പി. ഡി. നമ്പർ സർക്കാർ ഉത്തരവ്, 03.08.2018 ലെ സ. ഉ. (അ) 118/2018/ധന.നമ്പർ സർക്കാർ ഉത്തരവ്, 21.10.2109 ലെ ഐ ടി സെൽ 1/106/2019/വി. സ. വ നമ്പർ സർക്കാർ പരിപത്രം എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും ഭരണാനുമതിയിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ ഉത്തരവുകളും പാലിക്കേണ്ടതും പദ്ധതികൾക്ക് അനുവദിക്കുന്ന തുക വകമാറ്റി ചെലവഴിക്കാൻ പാടില്ലാത്തതും സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിലും കാലാവധിക്കുള്ളിലും പദ്ധതി പൂർത്തിയാക്കേണ്ടതും പദ്ധതികളുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് ഒടുക്കേണ്ട എല്ലാ നികുതികളും അടച്ചിട്ടുണ്ടെന്നും തൊഴിലാളി ക്ഷേമനിധി വിഹിതമടക്കം എല്ലാ നിയമാനുസൃത കിഴിവുകളും വരുത്തിയിട്ടുണ്ടെന്നും എം ബുക്ക് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. |
| **2. തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ** | | | |
| | 1 | **ബീച്ച് വൈദ്യുതീകരണം; സബ്സിഡ് 5.9 ലക്ഷം നഷ്ടമാക്കി**<br>*(2002 – 03 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 16)*<br>പാരമ്പര്യേതര ഊർജ്ജസ്രോതസ് ഉപയോഗിച്ച് വർക്കല ബീച്ചിൽ കൗൺസിൽ നടപ്പാക്കിയ വൈദ്യുതീകരണ പദ്ധതിയിൽ 5,93,800 രൂപ സബ്സിഡി നഷ്ടം.<br>അനർട്ട് ആയിരുന്നു വൈദ്യുതീകരണ പദ്ധതിയുടെ നിർവഹണ ഏജൻസി. പാരമ്പര്യേതര ഊർജ്ജസ്രോതസ് ഉപയോഗിക്കുമ്പോൾ ലഭ്യമായിരുന്നു സബ്സിഡിയാണു കൗൺസിൽ നഷ്ടപ്പെടുത്തിയത്.<br>18 ലക്ഷം എസ്റ്റിമേറ്റിൽ തുടങ്ങിയ പദ്ധതിക്ക് സർക്കാർ 15 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുക ഉപയോഗിച്ച് ചെയ്ത പണിക്ക് സബ്സിഡി കിഴിച്ച് 9,06,200 രൂപ മാത്രമാണ് ചെലവ് കാണുന്നത്. എന്നാൽ 15 ലക്ഷം രൂപയും ചെലവ് ചെയ്തതായാണ് കൗൺസിലിന്റെ വാദം.<br>സബ്സിഡിക്ക് അർഹതയുണ്ടായിരിക്കെ മുഴുവൻ തുകയും ചെലവ് കാണിച്ചത് സംശയാസ്പദമാണ്. മാത്രമല്ല ചെലവഴിച്ചതായി പറയുന്ന 9,06,200 രൂപയും മറ്റ് ആവശ്യങ്ങൾക്ക് വക മാറ്റിയതായും കാണുന്നു.<br>പദ്ധതിക്ക് അനുവാദം തേടി സർക്കാരിന് അയച്ച കത്തിൽ | പാരമ്പര്യേതര ഊർജ്ജസ്രോതസ് ഉപയോഗിച്ച് വർക്കല ബീച്ചിൽ വൈദ്യുതീകരണം നടപ്പാക്കുന്നതിന്റെ ഭാഗമായി പദ്ധതി തയാറാക്കിയത് അനെർട്ട് ആണ്. അനെർട്ടിനെ പദ്ധതി ഏൽപ്പിച്ചത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുമാണ്. അടങ്കൽ തുകയായ 15 ലക്ഷം രൂപയിൽ സബ്സിഡിയായ 3,75,100/- രൂപ കുറച്ച് വൈദ്യുതീകരണ ചെലവായി നൽകേണ്ട തുകയായ 11,24,900/- രൂപയ്ക്കാണ് സപ്ലൈ ഓർഡർ നൽകിയത്. തുടർന്ന് ആദ്യ ഗഡുവായ 10 ലക്ഷം രൂപയും അനെർട്ടിനു കൈമാറി.<br>പദ്ധതി പൂർത്തിയായപ്പോൾ അനെർട്ടിന് ചെലവായത് (സബ്സിഡി കുറവ് ചെയ്ത ശേഷം) 9,06,200/- രൂപയാണ്. തുടർന്ന് ആദ്യ ഗഡുവിൽ ബാക്കി വന്ന തുകയായ 93,800/- രൂപ അനെർട്ട് 01.120.2003 ൽ ചെക്ക് ആയി ഡി. ടി. പി. സിക്കു മടക്കി നൽകി.<br>എന്നാൽ ഈ പദ്ധതിക്കും മറ്റു ചെലവുകൾക്കുമായി 13,14,814/- രൂപ ചെലവായെന്നാണ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ 27.11.2003 ലെ വിനിയോഗ |

| | | | |
|---|---|---|---|
| | | സബ്സിഡിക്കുള്ള അർഹ വ്യക്തമാക്കിയിരുന്നെങ്കിലും കൗൺസിൽ തീരുമാനമനുസരിച്ച് അനുവദിച്ച 15 ലക്ഷം രൂപയും ചെലവഴിക്കുകയായിരുന്നെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പറയുന്നു. അർഹമായ സബ്സിഡി നഷ്ടപ്പെടുത്തിയതിന് വിശദീകരണമില്ലാത്തതിനാൽ മറുപടി സാധുവല്ല.<br>സബ്സിഡി തുക ഏജൻസിയിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കണം. ഒപ്പം പദ്ധതി നിർഹണം സമഗ്രാന്വേഷണത്തിന് വിധേയമാക്കണം. | സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയതായി കാണുന്നത്. |
| **3. എറണാകുളം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ** | | | |
| | 1. | **ടെലിഫോൺ ചാർജിൽ ക്രമാതീത വർധന**<br>*(2002 – 03, 2003 – 04 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 14, 15)*<br>കൗൺസിലിന്റെ ടെലിഫോൺ ചെലവിൽ ക്രമാതീത വർധന.<br>2002 – 2003 ൽ 1,37,997 രൂപയായിരുന്ന ടെലിഫോൺ ചാർജ് 2003 – 04 ൽ 1,66,059 രൂപയായി വർധിച്ചു. മൊബൈൽ ഫോണുകൾ ഉൾപ്പെടെയാണിത്.<br>ടെലിഫോൺ ചാർജിലെന്ന പോലെ ഫോണുകളുടെ എണ്ണത്തിലും ക്രമാതീത വർധനയുണ്ട്. ഇത്രയധികം ഫോണുകൾ ഒരു ഓഫീസിന് ആവശ്യമുണ്ടോയെന്നത് പരിശോധിക്കേണ്ടതാണ്.<br>കൗൺസിലിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. | എറണാകുളം ഡി. ടി. പി. സി. 2002 – 03, 2003 – 04 വർഷങ്ങളിൽ വൈവിധ്യമുള്ള പരിപാടികളുടെ സംഘാടനത്തിനും ഏകോപനത്തിനും വേണ്ടിയാണ് ടെലിഫോണുകളുടെ അധിക ഉപയോഗം വേണ്ടിവന്നതെന്നാണു വിലയിരുത്തൽ. അതുപോലെ ഓഫീസിലെ ഫോണുകളുടെ എണ്ണം വർധിച്ചതും ഇതേ കാരണത്താലാണെന്നാണ് പരിശോധനയിൽ കണ്ടെത്തിയത്.<br>എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ ഈ മേഖലയിൽ കർശനമായ നിയന്ത്രണം നടപ്പാക്കിയിട്ടുണ്ട്. ആവശ്യം കഴിഞ്ഞതോടെ അധികമുള്ള ഫോൺ കണക്ഷനുകൾ റദ്ദാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സഹീദ് ഇ
അഡീഷണൽ സെക്രട്ടറി
ടൂറിസം വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്

33 ന 33.

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019–21) – കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005–2006 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് – മലബാർ ദേവസ്വം ബോർഡിനെയും ഗുരുവായൂർ ദേവസ്വത്തെയും സംബന്ധിക്കുന്ന പരാമർശത്തിന്മേൽ സ്വീകരിച്ച ന്യൂനതാ പരിഹാര നടപടി പത്രിക**

| | | |
|---|---|---|
| (2002–2003) ഖണ്ഡിക–22 | 1. **വാടക പുതുക്കിയില്ല,** ദേവസ്വത്തിന് നഷ്ടം. | ഓഡിറ്റ് റിപ്പോർട്ട് 2002–2003 ഖണ്ഡിക–22 പ്രകാരമുള്ള പരാമർശം തീർപ്പാക്കി ഉത്തരവായിട്ടുള്ള താണെന്നും ആയതിനാൽ പ്രസ്തുത പരാമർശം നിലനിൽക്കുന്നില്ലെന്നും ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്. |
| (2003–2004) ഖണ്ഡിക –2–22 | 2. **തേയ വിറ്റഴിക്കുന്നില്ല,** ലക്ഷങ്ങളുടെ വരുമാന നഷ്ടം | ഓഡിറ്റ് റിപ്പോർട്ട് 2003–2004 ഖണ്ഡിക–3–27 പ്രകാരമുള്ള പരാമർശം തീർപ്പാക്കി ഉത്തരവായിട്ടുള്ളതാണെന്നും ആയതിനാൽ പ്രസ്തുത പരാമർശം നിലനിൽക്കുന്നില്ലെന്നും ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്. |
| (2003–2004) ഖണ്ഡിക–3–27 | 3. **സത്രം ഓഡിറ്റോറിയം കോംപ്ലക്സ് നിർമ്മാണത്തിൽ** അപാകതകളും അധിക ചെലവും | ഖണ്ഡിക 3–27 പ്രകാരമുള്ള പരാമർശം പൂർണ്ണമായും തീർപ്പാക്കിയിട്ടില്ലെന്നും തീർപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണെന്നും ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്. |
| (1997–2004) ഖണ്ഡിക–30 | 4. **ശ്രീ. ശങ്കരനാരായണ ക്ഷേത്രം, രാമന്തളി, കണ്ണൂർ** വായ്പ തിരിച്ചടവ് തുക അപഹരിച്ചു. | ദേവസ്വത്തിന് നഷ്ടം വന്ന തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ സഹിതം റിപ്പോർട്ട് ചെയ്യുന്നതിന് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ടെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| .)02-2003)<br>ഖണ്ഡിക-21 | **5. ചാലാട് ശ്രീ ധർമ്മശാസ്താ ക്ഷേത്രം, കണ്ണൂർ**<br>വാവ് ഉത്സവം - കണക്കുകൾ ഹാജരാക്കിയിട്ടില്ല. 27000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുന്നു. | തടസ്സപ്പെടുത്തിയ തുകയുടെ ചെലവ് രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യുന്നതിന് എക്സിക്യൂട്ടീവ് ഓഫീസർക്ക്, തലശ്ശേരി അസിസ്റ്റന്റ് കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സേവാസമിതി കൈപ്പറ്റിയ 27,000/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ലെങ്കിൽ, തുക ദേവസ്വം അക്കൗണ്ടിൽ തിരിച്ചടക്കാൻ, മുൻ കമ്മിറ്റി ഭാരവാഹികൾക്ക് ദേവസ്വം മാനേജർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തിരിച്ചടവ് പുരോഗതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ടെന്നും ടീം സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് വിശദമായ ശുപാർശ സമർപ്പിക്കുന്നതാണെന്നും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| (2000-2004)<br>ഖണ്ഡിക-27 | **6.ശ്രീ. മുണ്ടയാംപറമ്പ് ക്ഷേത്രം, കണ്ണൂർ**<br>കയ്യിരിപ്പ് പണം അപഹരിച്ചു (12,885/- രൂപ) | 29.10.2003 മുതൽ 31.05.2004 വരെയുള്ള കാലയളവിൽ ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ.എ.സി.കുട്ടികൃഷ്ണൻ നമ്പ്യാർ 12,885/- രൂപ കൈയ്യിരിപ്പ് സംഖ്യ കൈമാറിയില്ലെന്നുള്ള ഓഡിറ്റ് പരാമർശമുണ്ട്. ക്ഷേത്രം പലവക രസീതി നമ്പർ 2478 പ്രകാരം എക്സിക്യൂട്ടീവ് ഓഫീസർ 01.09.2005 ന് 8,246/- രൂപ തിരിച്ചടച്ചതായും ആയത് ലോക്കൽ ഫണ്ട് പരിശോധിക്കുകയും ചെയ്തിട്ടുണ്ടെന്നും ബാക്കി സംഖ്യയായ 4,639/- രൂപ ക്ഷേത്രത്തിൽ വരവ് വന്നതായി കാണുന്നില്ലെന്ന അസിസ്റ്റന്റ് കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി തുക ബന്ധപ്പെട്ടവരിൽ നിന്നും തിരിച്ചുപിടിക്കുന്നതിന് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയത് അന്വേഷിച്ച് വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ടെന്നും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (1996-2003)<br>ഖണ്ഡിക-23 | **8. <u>ഉദ്യാവർ ശ്രീ മഹാദേവ ക്ഷേത്രം, കാസർഗോഡ്</u>**<br>ഉത്സവകമ്മിറ്റിയുടെ കണക്കുകൾ ഹാജരാക്കിയില്ല. | ഓഡിറ്റ് വർഷങ്ങളിൽ ക്ഷേത്രത്തിലെ വാർഷികാഘോഷ ചടങ്ങുകളുടെ ഭാഗമായി കമ്മിറ്റിക്ക് ചെറിയ ഒരു സഹായമെന്ന നിലയിൽ ക്ഷേത്ര ഫണ്ടിൽ നിന്നും ചെലവ് ചെയ്ത 23-ാം ഖണ്ഡിക പ്രകാരമുള്ള 90,000/-രൂപ, കൃത്യമായും ഉത്സവാവശ്യത്തിന് വേണ്ടി മാത്രം വിനിയോഗിച്ചതാണെന്ന് ബോധ്യപ്പെട്ടതിനാലും പ്രസ്തുത കാലത്ത് കമ്മിറ്റികളുടെ പ്രവർത്തനം സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ ക്രോഡീകരിക്കപ്പെട്ടിട്ടില്ലാത്തതിനാലും കമ്മിറ്റിയുടെ കണക്കുകൾ കൂടി ഓഡിറ്റിന് ഹാജരാക്കണമെന്ന് അക്കാലങ്ങളിൽ പ്രത്യേക നിഷ്കർഷ ഉണ്ടായിരുന്നിട്ടില്ലാത്തതിനാലും, ക്ഷേത്ര താൽപര്യം മുൻനിർത്തി മാത്രം ചെയ്ത ചെലവുകളായതിനാലും ടി ചെലവ് അംഗീകരിക്കാവു ന്നതാണെന്നും മേലിൽ ഇത്തരം സംഗതികൾ ആവർത്തിക്കാ തിരിക്കാൻ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൽ യഥാസമയം മറുപടി സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് ഓഫീസർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയതിനാൽ തുടർ നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ബോധിപ്പിച്ചിട്ടുണ്ട്. |

**M. HARSHAN**
**Additional Secretary to Govt.**
**Revenue (Devaswom) Dept.**
**Govt. Secretariat**
**Ph : 0471 - 2335426 & 251[illegible]**

**കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2021-2023 ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത റിപ്പോർട്ട് - കേരള സാഹിത്യ അക്കാദമിയെ സംബന്ധിച്ച ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ശുപാർശ | സ്വീകരിച്ച നടപടി |
| --- | --- |
| **ഖണ്ഡിക 5.1.1** പുസ്തക വില ഈടാക്കുന്നില്ല. കുടിശ്ശിക 25.6 ലക്ഷം | സാഹിത്യ അക്കാദമി വിവിധ സ്ഥാപനങ്ങൾക്ക് ക്രെഡിറ്റ് വ്യവസ്ഥയിൽ വില്പനയ്ക്ക് നൽകുന്ന പുസ്തകങ്ങളുടെ വില ഈടാക്കാറുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടിയും സ്വീകരിച്ചിട്ടുണ്ടെന്നും 2021 മെയ് 31 വരെയുള്ള കണക്കനുസരിച്ച് 8,05,681/- രൂപ മാത്രമാണ് കുടിശ്ശിക നിൽക്കുന്നതെന്നും ഈ തുകകൾ ഓരോന്നും, അതത് സ്ഥാപനങ്ങൾക്ക് അനുവദിച്ച വായ്പാ പരിധിക്കുള്ളിൽ ഒതുങ്ങുന്നതും, കാലാകാലം പുതുക്കിക്കൊണ്ടിരിക്കുന്നതുമാണെന്നും വില്പന തുടർപ്രക്രിയയായതിനാൽ ഒരു നിശ്ചിത തുക എപ്പോഴും പരിധിക്കുള്ളിൽ വായ്പയായി നിലനില്ക്കുമെന്നും സാഹിത്യ അക്കാദമി അറിയിച്ചിട്ടുണ്ട്. അക്കാദമിയിൽ നിന്നും ക്രെഡിറ്റ് വ്യവസ്ഥയിൽ പുസ്തകങ്ങൾ വാങ്ങിയ ബുക്ക് പോയിൻറ്, സൈൻ ബുക്ക്സ് എന്നീ സ്ഥാപനങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നും വിവരം ശേഖരിച്ച് റവന്യൂ റിക്കവറി നടപടികളുടെ സാധ്യത പരിശോധിച്ചു വരുന്നു. |
| **ഖണ്ഡിക 5.1.2** ഗവേഷണ ധന സഹായം പ്രബന്ധങ്ങൾ സമർപ്പിച്ചിട്ടില്ല. | 1999-2000 മുതൽ 2003-2004 വരെ സാഹിത്യ അക്കാദമിയിൽ നിന്നും ധനസഹായം കൈപ്പറ്റി ഗവേഷണം ചെയ്തിരുന്ന 18 പേർക്ക് ആകെ 1,44,000/- രൂപ നൽകിയിട്ടുള്ളതിൽ 15 പേർ ഗവേഷണപ്രബന്ധം അക്കാദമിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും 3 പേർ തങ്ങൾ കൈപ്പറ്റിയ തുക തിരിച്ചടച്ചിട്ടുമുണ്ടെന്നും ടി 18 പേരുടെയും അക്കാദമിയിലെ ബാധ്യതകൾ അവസാനിപ്പിച്ചിട്ടുണ്ടെന്നും സാഹിത്യ അക്കാദമി അറിയിച്ചിട്ടുണ്ട്. |

# കേരള നിയമസഭയുടെ ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2021-2023

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത റിപ്പോർട്ട് - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ഖണ്ഡിക | പരാമർശ വിഷയം | സ്വീകരിച്ച നടപടി |
|---|---|---|
| 5.3.1 | പുസ്തക വില, 12.6 ലക്ഷം കടിശ്ശിക | പുസ്തകപ്രസാധനത്തോടൊപ്പം പുസ്തക വിപണനവും നടത്തുന്ന സ്ഥാപനമാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. വിൽപ്പന മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സഹോദര സ്ഥാപനങ്ങൾക്ക് ക്രെഡിറ്റ് അടിസ്ഥാനത്തിൽ പുസ്തകങ്ങൾ വിൽപ്പന നടത്താറുണ്ട്. അധികം കാലവിളംബം ഇല്ലാതെ തന്നെ പുസ്തകങ്ങളുടെ വില തിരിച്ചെടുക്കുകയും ക്രെഡിറ്റ് അടിസ്ഥാനത്തിൽ പുതിയ പുസ്തകങ്ങൾ എടുക്കുകയും ചെയ്യും. ഇതൊരു തുടർ പ്രക്രിയയാണ്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള എല്ലാ പുസ്തകശാലകൾക്കും ക്രെഡിറ്റ് വ്യവസ്ഥയിൽ നൽകിയിട്ടുള്ള പുസ്തകങ്ങളുടെ വില ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ചുകഴിഞ്ഞിട്ടുള്ളതുമാണ്. അതിനാൽ ക്രെഡിറ്റ് വ്യവസ്ഥയിൽ പുസ്തക വിൽപ്പന നടത്തിയ ഇനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന് മറ്റു സ്ഥാപനങ്ങളിൽ നിന്നും പണം കടിശ്ശികയായി ലഭിക്കാനില്ല. |
| 5.3.2 | സർക്കാർ അംഗീകാര മില്ലാതെ അധിക തസ്തികകൾ സൃഷ്ടിച്ചു. | 10.08.1999 ലെ GO(Rt)358/99/CAD പ്രകാരം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ 12 തസ്തികയും വി.എം.പി. യിലെ 2 തസ്തികയും സ്പെഷ്യൽ റൂൾസിൽ ഇല്ലാത്തതിനാൽ അംഗീകരിക്കാനാവില്ലെന്ന് സർക്കാർ അറിയിച്ചിരുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ പെൻഷൻ പദ്ധതി നടപ്പിലാക്കിയതിനെതുടർന്ന് സർക്കാരിന്റെ അംഗീകാരമില്ലാത്ത തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് പെൻഷൻ ആനുകൂല്യം ലഭിക്കില്ലായെന്ന പരാതി ഉണ്ടായപ്പോൾ ടി ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി പ്രസ്തുത തസ്തികകൾക്ക് അവയിൽ സേവനമനുഷ്ഠിച്ചവർ വിരമിച്ച ദിവസം വരെയും ഇപ്പോഴും തുടർന്നു വരുന്ന തസ്തികകൾ ഇപ്പോഴുള്ളവർക്ക് തസ്തികകളിൽ തുടരുന്നതു വരെ മാത്രം സൂപ്പർ ന്യൂമററിയായി തുടരുന്നതിനും 30.3.2007 ലെ സ.ഉ.(കൈ)42/2007/സി.എ.ഡി. പ്രകാരം അനുവാദം നൽകിയിരുന്നു **(അനുബന്ധം I).** നിലവിൽ അംഗീകാരമില്ലാത്ത തസ്തികയിൽ ആരും തന്നെ ജോലി ചെയ്യുന്നില്ല. |

| | | |
|---|---|---|
| 5.3.3 | വിജ്ഞാന കൈരളി തപാൽ സൗജന്യം പുതുക്കിയില്ല. 21000 രൂപ നഷ്ടം. | വിജ്ഞാന കൈരളിയുടെ തപാൽ ചാർജിനത്തിൽ 2001 ഏപ്രിൽ മുതൽ 2004 ആഗസ്റ്റ് വരെ 1,08,443/- രൂപയുടെ അധികചെലവ് വന്നിട്ടുള്ളതായി ആഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇക്കാലയളവിൽ ചീഫ് എഡിറ്റർ ആയിരുന്ന ഡയറക്ടർ സർവീസിൽ നിന്ന് വിരമിക്കുകയും ആനുകൂല്യങ്ങൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എഡിറ്റർമാരായിരുന്ന രണ്ടുപേരിൽ ഒരാൾ സർവീസിൽ നിന്നും വിരമിക്കുകയും പെൻഷൻ ആനുകൂല്യങ്ങൾ പൂർണമായും കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. സർവീസിൽ നിന്നും പിരിയുന്നവരുടെ പേരിൽ എന്തെങ്കിലും ബാധ്യതകൾ ഉണ്ടെങ്കിൽ ഒരു നിശ്ചിതകാലയളവിനുള്ളിൽ അറിയിക്കുകയും ഈടാക്കുകയും ചെയ്യണമെന്ന വ്യവസ്ഥയുള്ളതിനാൽ സർവീസിൽ നിന്നും വിരമിച്ച 9 ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുക്കുക സാധ്യമല്ല. സർവീസിൽ ഇപ്പോഴും തുടരുന്ന എഡിറ്ററുടെ കൈയിൽ നിന്നു ബാധ്യതയായി കണക്കാക്കിയിട്ടുള്ള തുക വിഹിതം നിശ്ചയിച്ച് ഈടാക്കുന്നത് വിവേചനപരമായി തീരാൻ സാധ്യതയുണ്ട്. ഒരേ കൃത്യത്തിന് മൂന്ന് ഉത്തരവാദികൾ ഉണ്ടായിരിക്കുകയും അതിൽ രണ്ടുപേർ സർവീസിൽ നിന്നും വിരമിച്ചതിനാൽ ബാധ്യതയിൽ നിന്നു ഒഴിവാക്കപ്പെടുകയും സർവീസിൽ തുടരുന്നു എന്ന ഒറ്റക്കാരണത്താൽ മൂന്നാമനിൽ നിന്നും നഷ്ടതുക ഈടാക്കുന്നതും അധാർമികമെന്ന് വ്യാഖ്യാനിക്കാൻ ഇടയുള്ളതിനാൽ ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടം വന്ന തുക എഴുതിത്തള്ളുന്നതിന് ഭരണ സമിതിയിൽ വച്ച് തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

ജനാർദ്ദനൻ കെ
അഡീഷണൽ സെക്രട്ടറി
സാംസ്കാരിക കാര്യ വകുപ്പ്
ഗവ: സെക്രട്ടേറിയറ്റ്

കേരള സർക്കാർ അനുബന്ധം II

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, കേരള
ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾ സർക്കാരിന്റെ
അനുമതി കൂടാതെ സൃഷ്ടിച്ച തസ്തികകളിൽ ജോലി ചെയ്തു വിരമിച്ച ജീവനക്കാർക്ക് പെൻ
ഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി പ്രസ്തുത തസ്തികകൾക്കു അവയിൽ സേവനമനുഷ്
ഠിച്ചവർ വിരമിച്ച ദിവസം വരെയും, ഇപ്പോഴും തുടർന്നു വരുന്ന തസ്തികകൾ ഇപ്പോഴുള്ളവ
ർക്ക് തസ്തികകളിൽ തുടരുന്നതുവരെ മാത്രം സൂപ്പർ ന്യൂമററിയായി തുടരുന്നതിനും അനു
വാദം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (സി) വകുപ്പ്

സ.ഉ.(കൈ) 42/2007/സിഎഡി തീയതി, തിരുവനന്തപുരം, 30/3/2007

പരാമർശം: 1) സ.ഉ.( കൈ. )29/00/സിഎഡി തീയതി 8/9/2000
2) സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 6/8/2003 ലെ
1216/ഇ3/03/എസ്.ഐ.ഇ.പി.നമ്പർ കത്ത്
3) സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 22/1/2007 ലെ
2405/എ3/01/എസ്.ഐ.ഇ.പി.നമ്പർ കത്ത്
4) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 12/2/2007 ലെ
ഇ1/376/00/സിൽ നമ്പർ കത്ത്

ഉത്തരവ്

സാംസ്കാരിക കാര്യ വകുപ്പിന്റെ കീഴിലുള്ള ഏഴ് സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവന
ക്കാർക്ക് പെൻഷൻ അനുവദിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിട്ടുണ്ടായിരുന്നു.
എന്നാൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെയും സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിലെയും ഭര
ണസമിതികൾ സൃഷ്ടിച്ച, അനുബന്ധമായി ചേർത്തിട്ടുള്ള, ചില തസ്തികകൾക്ക് സർക്കാർ
അംഗീകാരം ലഭിക്കാത്തതിനാൽ അവയെ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും
അതിനാൽ അവയിൽ ജോലി ചെയ്തു വിരമിച്ച ജീവനക്കാർക്ക് പെൻഷനാനുകൂല്യം അനുവദി
ക്കുന്നതിന് തടസ്സമുള്ളതായും പെൻഷൻ നോഡൽ ഓഫീസർ അറിയിച്ച വിവരം പരാമ
ർശം (2) ലെ കത്തു പ്രകാരം സർവ്വവിജ്ഞാനകോശം ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽ
കൊണ്ടുവന്നു.

ആട്ടോണമസ് ബോഡികളുടെ മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷനിൽ ഭരണസമി
തിക്ക് തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനം നടത്തുന്നതിനും അവകാശം നൽകിയിട്ടു
ണ്ടെങ്കിൽ പോലും കേരള ഫിനാൻഷ്യൽ കോഡ് ഒന്നാം വാല്യം ആർട്ടിക്കിൾ 60 പ്രകാരം
തസ്തികകൾ സൃഷ്ടിക്കുന്നതിനും നിർത്തലാക്കുന്നതിനുമുള്ള അധികാരം സർക്കാരിൽ നിക്ഷിപ്ത
മാണ്. ആകയാൽ മേപ്പടി സ്ഥാപനങ്ങൾ സൃഷ്ടിക്കുന്ന തസ്തികകളുടെ അംഗീകാരം സർക്കാ
രിൽ നിന്ന് വാങ്ങേണ്ടതുണ്ട്. അല്ലാത്തപക്ഷം പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക്
തടസ്സമുണ്ടാകുന്നതാണ്.

അപ്രകാരം സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഭാഷാ ഇൻസ്റ്റി
റ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളുടെ ഭരണസമിതികൾ സൃഷ്ടിച്ചതും സർക്കാർ അനുമതി
ഇല്ലാത്തതുമായ തസ്തികകളിൽ ജോലി ചെയ്ത് വിരമിച്ചവർക്കും ഇപ്പോഴും ജോലിയിൽ തുടരു
ന്നവർക്കും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിച്ച
നടപടിക്ക് സർക്കാർ സാധൂകരണം നൽകേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് വിശദമായി പരിശോധിക്കുകയും അനുബന്ധമായി ചേർത്ത പട്ടികയിൽ വിവരിച്ച പ്രകാരം, ജോലിയിൽ നിന്ന് വിരമിച്ചവരുടെ കാര്യത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി അവർ ജോലി ചെയ്തിരുന്ന തസ്തികകൾക്ക് അവർ സേവനം അനുഷ്ഠിച്ച കാലം വരെ മാത്രവും ഇപ്പോഴും തുടർന്നുവരുന്ന അപ്രകാരമുള്ള തസ്തികകളിൽ ജോലി ചെയ്തു വരുന്നവരുടെ കാര്യത്തിൽ അവർ റിട്ടയർ ചെയ്യുന്നതുവരെ മാത്രം സൂപ്പർ ന്യൂമററിയായി തുടരുന്നതിനും അനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദാ മുരളീധരൻ
സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ഡയറക്ടർ, സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
ഡയറക്ടർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം
നോഡൽ ഓഫീസർ (പെൻഷൻ), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
~~നോഡൽ ഓഫീസർ (പെൻഷൻ), കേരള സാഹിത്യ അക്കാദമി, തിരുവനന്തപുരം~~
ആഡിറ്റ് ഓഫീസർ, ആഡിറ്റ് വിംഗ്, ലോക്കൽ ഫണ്ട് ആഡിറ്റ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (അനൗ. കുറിപ്പ് നം.95149/എഡ്യൂ.സി3/06/ധന തീയതി 8/1/2007)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## State Institute of Encyclopaedic Publications

| Post | No. of Post | Scale of Pay (Pre-revised) | Date of sanctioning of post by GB | Period for which Govt. sanction is required for disbursement of pensionary benefits |
|---|---|---|---|---|
| Sales Officer | 1 | 6500-10550 | 17/12/1986 | 30/1/87 to 31/12/2007 |
| Fair Copy Superintendent | 1 | 5000-8150 | 19/12/1994 | 31/10/96 to 30/9/2000 |
| Office Secretary to Director | 1 | 5250-8150 | 21/12/1983 | 28/3/1985 to 8/4/89 |
| Copyist | 9 | 3050-5230 | 21/12/1983 | 20/12/89 to 31/8/2014 |
| Library Assistant | 1 | 3590-5400 | 21/12/1983 | 1/7/98 - 21/6/2004 |
| Copyholder | 1 | 3590-5400 | 8/12/1982 | Vacant since creation |

## State Institute of Languages

| Name of Post | No. of Post | Scale of Pay (Pre-revised) | Date of sanctioning of post by GB | Period for which Govt. sanction is required for disbursement of pensionary benefits |
|---|---|---|---|---|
| Senior Superintendent | 1 | 6500-10550 | 22/5/1990 | 1/1/94 - 31/12/2016 |
| Junior Superintendent | 2 | 5000-8150 | 30/9/87 | 31/12/88 - 31/5/2007 |
| Head Clerk | 1 | 4600-7125 | 25/7/79 | 19/1/99 - 31/3/2001 |
| Sales Accountant | 1 | 6500-10550 | 30/9/87 | 1/1/95 - 30/6/2006 |
| Sales Assistant | 1 | 5000-8150 | 30/9/87 | 1/7/82 - 31/3/2002 |
| Publication Officer | 1 | 7450-11475 | 17/11/88 | 8/12/80 - 31/7/99 |
| U.D. Copyholder | 2 | 4600-7125 | | 27/8/81 - 30/4/2001 |
| L.D. Copyholder | 1 | 3350-5275 | | 27/8/91 - 31/5/2000 |
| U.D.Godown Keeper | 1 | 4000-6090 | | 1/3/98 - 30/9/2002 |
| L.D.Godown Keeper | 1 | 3050-5230 | | 18/7/1983 - 31/8/2006 |
| U.D.Typist | 1 | 4000-6090 | | 10/12/90 - 30/8/2002 |
| Driver Grade I | 1 | 3350-5275 | | 4/11/86 - 31/5/2003 |
| **Vijnanamudranam Press** | | | | |
| Head Clerk | 1 | 4600-7125 | 6/5/89 | 18/8/83 - 31/10/2012 |
| Clerk-cum Typist | 1 | 3050-5230 | -do- | 1/7/96 - 1/9/2002 |

## നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23), 29.09.2021 ലെ യോഗത്തിൽ പരിഗണിക്കുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട മഹാത്മാഗാന്ധി സർവ്വകലാശാലയെ സംബന്ധിച്ച ആഡിറ്റ് ഖണ്ഡികകളിന്മേൽ സ്വീകരിച്ച ന്യൂനതാപരിഹാര നടപടിപത്രിക

1. ആനുകൂല്യങ്ങൾ നിയമങ്ങൾ പാലിക്കാതെ : ലക്ഷങ്ങൾ ചോരുന്നു

| ക്രമ നം | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | നിയമസഭ സമിതിയുടെ ശുപാർശയുടെ സംഗ്രഹം | തുടർ നടപടികളുടെ വിവരം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 2005-06 | 4.2.1(i) | പെൻഷൻ ഓഡിറ്റ് പരിശോധന ഇല്ലാതെ | പെൻഷൻ ഫയലുകൾ/സേവന പുസ്തകങ്ങൾ ഓഡിറ്റിന് സമർപ്പിക്കുന്നില്ല | സർവ്വകലാശാല സർവ്വീസിൽ നിന്നും വിരമിക്കുന്നവരുടെ സേവന ഫയൽ സേവന പുസ്തകം ഇവ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ടി വകുപ്പിന്റെ ശിപാർശ കണക്കിലെടുത്തു മാത്രമേ നിലവിൽ വിരമിക്കുന്നവരുടെ ആനുകൂല്യങ്ങൾ നൽകുന്നുള്ളൂ. |
| 2 | 2005-06 | 4.2.1(ii) | ശമ്പള നിർണയത്തിനും അധിക വേതനം | | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി 2010-11 – 09.11.2010 ലെ തെളിവെടുപ്പ് യോഗത്തിൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചതാണ്<br>ലോക്കൽ ഫണ്ട് അക്കൗണ്ട്സ് |

| | | | | | |
|---|---|---|---|---|---|
| | | | | | സമിതി 2011-2014 19th റിപ്പോർട്ട് പ്രകാരം ഈ ഓഡിറ്റ് തടസ്സം സമിതി ഒഴിവാക്കിയതാണ് |
| 3 | 2005-06 | 4.2.1 (iii) | റോണിയോ ഓപ്പറേറ്റർ മാർക്ക് പ്രത്യേക ബത്ത | | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി 2010-11 – 09.11.2010 ലെ തെളിവെടുപ്പ് യോഗത്തിൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചതാണ് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി 2011-2014 19th റിപ്പോർട്ട് പ്രകാരം ഈ ഓഡിറ്റ് തടസ്സം സമിതി ഒഴിവാക്കിയതാണ് |
| 4 | 2005-06 | 4.2.1(iv) | മുൻ ഫിനാൻസ് ഓഫീസർ ശ്രീ. കെ. ജെ. ജോൺ | 04.1987 മുതൽ 01.1999 വരെ ഉയർന്ന നിരക്കിൽ എച്.ആർ.എ(750 രൂപാ P/M) നൽകി - 99660 രൂപാ തിരികെ ഈടാക്കുക | 31.01.1999 ൽ ശ്രീ. കെ.ജെ. ജോൺ സർവ്വീസിൽ നിന്നും വിരമിച്ചിരുന്നു എങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി കണ്ടെത്താനായില്ല. 09.02.2019 ൽ ശ്രീ. കെ. ജെ. ജോൺ മരണമടഞ്ഞതാണ്. |
| 5 | 2005-06 | 4.2.1(iv) (2) | മുൻ പരീക്ഷ കൺട്രോളർക്ക് (ഡോ. എൻ. രാമചന്ദ്രൻ) ഫീഡർ തസ്തികയിൽ അധിക ഇൻക്രിമെന്റുകൾ നൽകിയത് | ക്രമവിരുദ്ധമായി ഇൻക്രിമെന്റിനത്തിൽ നൽകിയ 175255/- രൂപ രണ്ടു മാസത്തിനുള്ളിൽ തിരിച്ചുപിടിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു (19.04.2013) | ഡോ. എൻ. രാമചന്ദ്രന് അധികം നൽകിയ തുകയായ 1,75,255/- രൂപ തിരികെ അടക്കുവാൻ മഹാത്മാ ഗാന്ധി സർവ്വകലാശാല 2010 ൽ ആവശ്യപ്പെട്ടിരുന്നു എന്നാൽ ഈ തുക തിരിച്ചടക്കുകയുണ്ടായില്ല. ടിയാൻ 29.11.2012 ൽ മരണമടഞ്ഞതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. |

2. അമ്മഞ്ചേരി ഹൗസിങ് കോളനി വാങ്ങൽ : സർവ്വകലാശാലയുടെ താൽപ്പര്യം സംരക്ഷിച്ചില്ല

| ക്രമ നം | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | നിയമസഭ സമിതിയുടെ ശുപാർശയുടെ സംഗ്രഹം | തുടർ നടപടികളുടെ വിവരം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 2005-06 | 4.2.2 | സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കരാർ വ്യവസ്ഥകൾ ബോർഡിന് അനുകൂലം | 1. നിയമോപദേശം തേടിയില്ല<br>2. 1.75 കോടി രൂപ കൈമാറിയ ശേഷം മാത്രം കരാർ ഒപ്പിട്ടു<br>3. ബോർഡ് എണ്ണം കുറച്ചു വില വർദ്ധിപ്പിച്ചു<br>4. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചില്ല. 42 വീട് ന് പഞ്ചായത്തു അംഗീകാരം നൽകിയില്ല<br>5. 2.25 കോടി നഷ്ടമായിട്ടും സർവ്വകലാശാല തുടർനടപടി സ്വീകരിച്ചില്ല | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡും മഹാത്മാ ഗാന്ധി സർവ്വകലാശാലയും തമ്മിൽ 20.10.2008 ൽ പരസ്പരം സമ്മതിച്ച ഒപ്പ് വച്ച എഗ്രിമെന്റ് പ്രകാരവും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2004-06) 115 -ാമത് റിപ്പോർട്ടിന്മേൽ ഉണ്ടായ ശിപാർശ അനുസരിച്ച ചീഫ് സെക്രട്ടറിയുടെ 11.01.2007 ലെ നിർദ്ദേശ പ്രകാരവും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നിന്നും വസ്തു വകകൾ കെട്ടിടങ്ങളോടൊപ്പം തിരികെ എടുത്തു കൂടാതെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ക്യാമ്പസ് ബ്രാഞ്ചിൽ ഫിനാൻസ് ഓഫീസറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് 2,25,00,000/- രൂപ തിരികെ |

| | | | | | |
|---|---|---|---|---|---|
| | | | | | ഒടുക്കുകയും ചെയ്തു. ഇപ്രകാരം ഈ വിഷയം തീർപ്പ് കല്പിച്ചിട്ടുള്ളതാണ്. |

വിജയകുമാർ ആർ
അഡീഷണൽ സെക്രട്ടറി
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ഗവ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

## നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23), 29.09.2021 ലെ യോഗത്തിൽ പരിഗണിക്കുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ സംബന്ധിച്ച ആഡിറ്റ് ഖണ്ഡികകളിന്മേൽ സ്വീകരിച്ച ന്യൂനതാപരിഹാര നടപടിപത്രിക

| ക്രമ നം | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 2005-06 | 4.3.1 | മോഷണം പോയ പണം ഈടാക്കിയിട്ടില്ല | സിൻഡിക്കേറ്റ് തീരുമാന പ്രകാരം നഷ്ടപ്പെട്ട പണം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി തിരിച്ചുപിടിച്ചിട്ടുണ്ട്<br>1. ഡോ. ഡി രാജീവ് - ₹30,117/-<br>(അന്നത്തെ വകുപ്പ് മേധാവി)<br>2006 – യു.ജി.സി ശമ്പള പരിഷ്കരണ കുടിശ്ശികയിൽ നിന്ന്<br>2. ശ്രീ. ഉബൈദ് റഹ്മാൻ - ₹30,117/-<br>(അന്നത്തെ സെക്ഷൻ ഓഫീസർ)<br>2014 ശമ്പളപരിഷ്കരണ കുടിശ്ശികയിൽ നിന്നും<br>3. ശ്രീമതി. ടി വി പ്രേമാവതി - ₹30,117/-/-<br>(അന്നത്തെ സെലെക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് ) |

| | | | | |
|---|---|---|---|---|
| | | | | 2014 ശമ്പളപരിഷ്കരണ കുടിശ്ശികയിൽ നിന്നും |
| 2 | | 4.3.2 | കരാറുകാരന്റെ താല്പര്യത്തിന് എസ്റ്റിമേറ്റ് ഭേദഗതി 3.03 ലക്ഷം അധികചെലവ് | ഇതുമായി ബന്ധപ്പെട്ട വിശദീകരണം അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു. |
| 3 | | 4.3.3 | Provident Fund ട്രഷറിയിൽ നിക്ഷേപിച്ചില്ല 44.6 ലക്ഷം പലിശ നഷ്ടം | ജീവനക്കാരുടെ Provident Fund വിഹിതം ശമ്പളത്തിൽ നിന്ന് കുറവ് ചെയ്ത് കൃത്യമായി ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ട്. നിലവിൽ Provident Fund വിഹിതത്തിന്റെ സഞ്ചിതമൂല്യമായ ₹76,56,21,880/- യിൽ താഴെ പറയുന്ന പ്രകാരം നിക്ഷേപിച്ചിരിക്കുന്നു.<br>ട്രഷറി കാലാവധി നിക്ഷേപം - ₹75,45,65,630/-<br>സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ (കറണ്ട് / സേവിങ്സ് നിക്ഷേപങ്ങളായി) } - ₹1,10,56,250/-<br>കൂടാതെ നിയമസഭാ സമിതിയുടെ 57-മത് റിപ്പോർട്ടിലെ ഖണ്ഡിക 179 പ്രകാരം ഈ വിഷയവുമായി ബന്ധപ്പെട്ടുള്ള ചില പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| 4 | | 4.3.4 | കുസെക്ക് കാമ്പസ് നിർമാണത്തിൽ അപാകതകൾ | അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| 5 | | 4.3.5 | അന്തർ സർവ്വകലാശാല സ്ഥലം മാറ്റം ജീവനക്കാരുടെ ഹയർ ഗ്രേഡുകൾ തെറ്റായ ശമ്പള നിർണ്ണയം | അന്തർ സർവ്വകലാശാല സ്ഥലംമാറ്റ വ്യവസ്ഥ പ്രകാരം കൊച്ചി സർവ്വകലാശാലയിൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ 24.06.2006 വരെയുള്ള ശമ്പള നിർണ്ണയങ്ങൾ അംഗീകരിക്കാൻ 10.01.2011-ലെ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിക്കുകയും, എന്നാൽ 17.05.2019-ലെ സിൻഡിക്കേറ്റ് 24.06.2006 എന്ന തീയതി 10.01.2011 എന്നാക്കി |

| | | | | |
|---|---|---|---|---|
| | | | | മാറ്റുകയും ചെയ്തിട്ടുണ്ട്. 28.01.2011, 01.06.2012 എന്നീ തീയതികളിലെ എ.ഡി./ജി.1/18010/ഐ.ഉ./2005 എന്ന സർവ്വകലാശാല ഉത്തരവുകൾ വഴി പ്രസ്തുത സിൻഡിക്കേറ്റ് തീരുമാനം നടപ്പാക്കിയതുമാകുന്നു മേൽ ഉത്തരവുകൾ പ്രകാരം ആണ് അന്തർ സർവ്വകലാശാല സ്ഥലംമാറ്റ വ്യവസ്ഥ പ്രകാരം കൊച്ചി സർവ്വകലാശാലയിൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള നിർണ്ണയങ്ങൾ നടത്തി വരുന്നത്.<br>കൂടാതെ അന്തർ സർവ്വകലാശാല സ്ഥലംമാറ്റ വ്യവസ്ഥയിലെ ജീവനക്കാരുടെ വിഷയവുമായി ബന്ധപ്പെട്ട് ബഹു സുപ്രിംകോടതിയിൽ (CA.No. 8716 & 8717 of 2012) വ്യവഹാരങ്ങൾ നിലവിലുണ്ട്. മാത്രമല്ല, ബഹു.ഹൈക്കോടതി മുമ്പാകെയും അനേകം വ്യവഹാരങ്ങൾ നിലവിലുണ്ട്.<br>ബഹു. സുപ്രിം കോടതിയുടെ സിവിൽ അപ്പീൽ നം. 11527/2014 (വൈറ്റ് വാഷർ കേസ്) -ലെ വിധി ന്യായം ഈ വിഷയത്തിലും ബാധകമാണ് എന്നതും പരിഗണിക്കേണ്ടതാണ്.<br>സിൻഡിക്കേറ്റ് തീരുമാനിച്ചതനുസരിച്ച് നടത്തി വന്നിരുന്ന ജീവനക്കാരുടെ സമയബന്ധിത ഹയർ ഗ്രേഡുകൾ ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവിന് ശേഷം ആ ഉത്തരവ് അനുസരിച്ച് മാത്രമാണ് നടത്തിവരുന്നത്. |
| 6 | | 4.3.6 | കരാർ/ദിവസക്കൂലി നിയമനം വ്യാപകം | നിലവിൽ സർവ്വകലാശാല അധ്യാപക തസ്തികകളുടെ ഭൂരിപക്ഷവും സ്ഥിര നിയമനത്തിലൂടെ നികത്തിയിട്ടുണ്ട്. കൂടാതെ താത്കാലിക/കരാർ നിയമനങ്ങൾ ആവശ്യമായി വരുന്ന സാഹചര്യത്തിൽ സ്ഥിരനിയമനത്തിനു തുല്യമായ നടപടിക്രമങ്ങൾ (വിജ്ഞാപനം, ചുരുക്കപ്പട്ടിക, പരീക്ഷ, ഇന്റർവ്യൂ) പാലിച്ചുകൊണ്ടാണ് നിയമനങ്ങൾ നടത്തുന്നത്. അധ്യാപകേതര നിയമനം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തിവരുന്നു, താത്കാലിക/ കരാർ നിയമനങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | ആവശ്യമായിവരുന്ന സാഹചര്യത്തിൽ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടാണ് നിയമനങ്ങൾ നടത്തുന്നത്. |
| 7 | | 4.3.7 | UGC നിർദ്ദേശങ്ങൾ പാലിക്കുന്നില്ല/പരീക്ഷ ജോലികൾക്ക് പ്രതിഫലം | പരീക്ഷ ജോലികൾക്കായി നൽകിയ അധിക പ്രതിഫലത്തുക യു.ജി.സി 2006 ശമ്പള പരിഷ്കരണ കുടിശ്ശികയിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. |

**വിജയകുമാർ ആർ**
**അഡീഷണൽ സെക്രട്ടറി**
**ഉന്നത വിദ്യാഭ്യാസ വകുപ്പ്**
**ഗവ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല
COCHIN UNIVERSITY OF SCIENCE AND TECHNOLOGY

എഞ്ചിനീയറിംഗ് വകുപ്പ്
ENGINEERING DEPARTMENT

കൊച്ചിൻ യൂണിവേഴ്സിറ്റി പി. ഒ.
കൊച്ചി - 682 022
COCHIN UNIVERSITY P. O.
KOCHI - 682 022
ഫോൺ / Phone: 0484-2575319

തീയതി / Date: 23.09.2021

നമ്പർ / No. UEU/AG's.Audit/19-20

പ്രേഷിതൻ

യൂണിവേഴ്സിറ്റിഎഞ്ചിനീയർ

സ്വീകർത്താവ്

ഫിനാൻസ് ഓഫീസർ

സർ,

വിഷയം : നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയുടെ യോഗം - ന്യൂനത പരിഹാര പത്രിക ലഭ്യമാക്കുന്നത് സംബന്ധിച്ച്:-

സൂചന : 1. താങ്കളുടെ ഓഫീസിലെ 23.09.2021-ാം തീയതിയിലെ CUSAT/IA&I.A3/44519/2021-ാം നമ്പർ കത്ത്.

2. 2005-06 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.3.2 ലെ പരാമർശം

*****

മേൽപറഞ്ഞ പ്രവൃത്തിയുമായി ബന്ധപ്പെട്ട് .01.2002-ൽ കൂടിയ സിൻഡിക്കേറ്റിൽ (Item No. 446.29) കരാറുകാരനോട് S കാലയളവിൽ ഇതേ ഷെഡ്യൂൾ ഓഫ് റേറ്റിൽ (1996) തന്നെ ചെയതിട്ടുളളതായ വർക്കിന്റെ റേറ്റിൽ പണി പൂർത്തിയാക്കുവാൻ തീരുമാനിച്ചു. എഗ്രിമെന്റ് ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്ന 25 മില്ലി മീറ്റർ ഘനം എന്നത് ക്ലറിക്കൽ തെറ്റുമൂലം സംഭവിച്ചതാണെന്ന് സിൻഡിക്കേറ്റിന് ബോധ്യപ്പെട്ടിട്ടുളളതാണ്. മേൽ പറഞ്ഞ സിൻഡിക്കേറ്റ് തീരുമാനമനുസരിച്ചാണ് പണികൾ പൂർത്തിയാക്കിയിരിക്കുന്നത്. ആയതിനാൽ സൂചന (2) ൽ പരാമർശിച്ചിരിക്കുന്ന ഓഡിറ്റ് തടസ്സവാദം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

K. M. [signature]

യൂണിവേഴ്സിറ്റി എഞ്ചിനീയർ

Construction of the building for International School of Photonics - Rivision of thickness and rate for marble flooring - Sanctioned - Orders issued.

=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.

PLANNING & DEVELOPMENT DIVISION

No.PLA4/353/95 Dated, Kochi - 22, 14.03.2002

=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.=.

Read:- Item No.446.29 of the Syndicate meeting held on 25.01.2002.

ORDER

The Syndicate in its meeting held on 25.01.2002 considered, vide item No.446.29, the request of the University Engineer for sanction to complete the work of marble flooring (ground floor - 1883 $m^2$ and cabin floor-60$m^2$) of the building for International School of Photonics in Thrikkakara campus with 20 mm size marble (instead of 25mm thick marble as per the agreement) with a deduction of 20% of the cost of marble as per schedule (ie., 20% of 8320-1664/10$m^2$) with the reduction of Rs.1,86,950/- (from Rs.11,62,626/-) for the change in the thickness.

The Syndicate took note of the fact that the same quality marble with 20mm thickness was laid in the building constructed for the School of Environmental Studies. The measurement of 25mm thickness entered in the agreement in the instant case was stated as a clerical lapse by the Engineering Department during the perusal of estimate submitted by the architect.

The Syndicate resolved that the contractor Sri P C Thomas be directed to complete the work of marble flooring (ground floor-1883$m^2$ and cabin floor-60$m^2$) of the building for International School of Photonics in Thrikkakara campus with 20 mm size marble (instead of 25mm thick marble as per the agreement) at the same rate per $m^2$ approved by the University for marble flooring work of the building constructed for the School of Environmental Studies in the Thrikkakara campus.

Orders are, therefore, issued accordingly.

sd/-

REGISTRAR

To

1) The University Engineer (5 copies)
2) The Finance Officer/The Dy Director (HG), LFA
3) Audit 'C'/Finance/IA & I/Accounts I & II
4) PS to VC/PS to PVC/PA to Registrar
5) Conference Section - for information and to note the follow-up action
6) Day file/Stock file/ File copy

Forwarded/By Order

ASSISTANT REGISTRAR (PLANNING)

Item No.446.29 Construction of a building for International School of Photonics in Thrikkakara Campus—Revision of thickness and rate for Marble flooring—Reg.

The Syndicate considered the request of the University Engineer for sanction to complete the work of Marble Flooring (ground floor - 1883 $M^2$ and cabin floor – 60 $M^2$) of the building for International School of Photonics in Thrikkakara Campus with 20 mm size marble (instead of 25 mm thick marble as per the agreement) with a deduction of 20% of the cost of marble as per schedule (ie.20% of 8320-1664/10 $M^2$), with the reduction of Rs.1,86,950/- (from Rs.11,62,626/-) for the change in the thickness.

The Syndicate took note of the fact that the same quality marble with 20 mm thickness was laid in the building constructed for the School of Environmental Studies. The measurement of 25 mm thickness entered in the agreement in the instant case was stated as a clerical lapse by the Engineering Department during the perusal of estimate submitted by the architect.

Resolved that the contractor Shri P.C. Thomas be directed to complete the work of Marble Flooring (ground floor - 1883 $M^2$ and cabin floor – 60 $M^2$) of the building for International School of Photonics in Thrikkakara Campus with 20 mm size marble (instead of 25 mm thick marble as per the agreement) at the same rate per $M^2$ approved by the University for marble flooring work of the building constructed for the School of Environmental Studies in the Thrikkakara Campus.

അനുബന്ധം - IV

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല
COCHIN UNIVERSITY OF SCIENCE AND TECHNOLOGY

YEARS
CELEBRATING KNOWLEDGE

എഞ്ചിനീയറിംഗ് വകുപ്പ്
ENGINEERING DEPARTMENT

കൊച്ചിൻ യൂണിവേഴ്സിറ്റി പി. ഒ., കൊച്ചി - 682 022
COCHIN UNIVERSITY P. O., KOCHI - 682 022
ഫോൺ / Phone: 0484-2862138 / 140 / 148 / 150

No. UEU/Misc/20-21

തീയതി / Date 14/09/2021

പ്രേഷിതൻ,

യൂണിവേഴ്സിറ്റി എഞ്ചിനീയർ

സ്വീകർത്താവ്,

ഫിനാൻസ് ഓഫീസർ

സർ,

വിഷയം:- നിയമസഭാ സമിതിയുടെ യോഗം- ന്യൂനത പരിഹാര പത്രിക ലഭ്യമാക്കുന്നത് സംബന്ധിച്ച്.-

സുചന :- 1.09/09/2021-ലെ ബി/2/169/2021 ഉ.വി.വ നമ്പർ കത്ത്.
2. 2005-2006- സമാഹൃത ഓഡിറ്റ് റിപ്പോർട്ട്
3.നം.**CUSAT/IA&I/A3/44519/2021 dtd.13.09.2021**

*****

പുളിങ്കുന്ന് എഞ്ചിനീയറിംഗ് കോളേജ് സ്ഥിതിചെയ്യുന്ന സ്ഥലം ചെളി നിറഞ്ഞ ചതുപ്പു നിലമായിരുന്നു.ടി സ്ഥലം നികത്തിയതിന് ശേഷമാണ് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി വെള്ളം നിറഞ്ഞ താഴ്ന്ന പ്രദേശങ്ങൾ മണ്ണ് ഇട്ട് നിറക്കുന്നതിനു വേണ്ടി റോഡ് റോളർ ഉപയോഗിച്ച് ബലപ്പെടുത്തുക എന്നത് അപ്രായോഗികമായിരുന്നു. വെള്ളം നിറഞ്ഞ സ്ഥലത്താണ് മണ്ണ് നിറച്ച് ഭൂമി ഉപയോഗപ്രദമാക്കിയത്. നിർമ്മാണ പ്രവർത്തനങ്ങൾ യൂണിവേഴ്സിറ്റിയുടെ സ്ക്കൂൾ ഓഫ് എഞ്ചിനീയറിംഗ് സിവിൽ വിഭാഗം പരിശോധിച്ചതിൽ 95.58%ഉറപ്പ് വന്നിട്ടുള്ളതായി ശാസ്ത്രീയമായി പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുള്ളതാകുന്നു.

പുളിങ്കുന്ന് എഞ്ചിനീയറിംഗ് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ യൂണിവേഴ്സിറ്റി **M/s** സോണി മത്തായി ലാലിച്ചൻ, എറണാകുളം എന്ന ആർക്കിടെക്ടിന്റെ നിർദ്ദേശ പ്രകാരമാണ് നടത്തിയിട്ടുള്ളത്. ക്ലാസ് റൂമുകൾ പ്ലാൻ ചെയ്തിരുന്ന വർക്ക് ഷോപ്പ് കെട്ടിടത്തിന്റെ പണിയ്ക്ക് വന്ന കാലതാമസത്തിനിടയിൽ കോളേജ് തുടങ്ങുന്നതിനായി ആവശ്യാനുസരണം സെമി പെർമനന്റ് കെട്ടിടങ്ങളിൽ ക്ലാസ് മുറികളുടെ പണി പൂർത്തിയാക്കിയതുകൊണ്ടാണ് വർക്ക്ഷോപ്പ് കെട്ടിടത്തിൽ പിന്നീട് ക്ലാസ് മുറികൾ നിർമ്മിക്കാതിരുന്നത്.കേരള ജനറൽ സെയിൽ ടാക്സ് റൂൾ 1963 പ്രകാരം (അദ്ധ്യായം **IV 8C (Page 444)** പ്രകാരം ആണ് സെയിൽ ടാക്സ് പിടിക്കാതിരുന്നത്.

വിശ്വസ്തതയോടെ,

A. M. [signature]

യൂണിവേഴ്സിറ്റി എഞ്ചിനീയർ

അനുബന്ധം - II


കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല
COCHIN UNIVERSITY OF SCIENCE AND TECHNOLOGY

YEARS
CELEBRATING KNOWLEDGE

എഞ്ചിനീയറിംഗ് വകുപ്പ്
ENGINEERING DEPARTMENT

കൊച്ചിൻ യൂണിവേഴ്സിറ്റി പി. ഒ., കൊച്ചി - 682 022
COCHIN UNIVERSITY P.O., KOCHI - 682 022
ഫോൺ / Phone: 0484-2862138 / 140 / 148 / 150


No. UEU/Misc/20-21

തീയതി / Date 14/09/2021

പ്രേഷിതൻ,

യൂണിവേഴ്സിറ്റി എഞ്ചിനീയർ

സ്വീകർത്താവ്,

ഫിനാൻസ് ഓഫീസർ

സർ,

വിഷയം:- നിയമസഭാ സമിതിയുടെ യോഗം- ന്യൂനത പരിഹാര പത്രിക ലഭ്യമാക്കുന്നത് സംബന്ധിച്ച്.-

സൂചന :- 1.09/09/2021-ലെ ബി/2/169/2021 ഉ.വി.വ നമ്പർ കത്ത്.
2. 2005-2006- സമാഹൃത ഓഡിറ്റ് റിപ്പോർട്ട്
3.നം.**CUSAT/IA&I/A3/44519/2021 dtd.13.09.2021**

*****

പുളിങ്കുന്ന് എഞ്ചിനീയറിംഗ് കോളേജ് സ്ഥിതിചെയ്യുന്ന സ്ഥലം ചെളി നിറഞ്ഞ ചതുപ്പു നിലമായിരുന്നു.ടി സ്ഥലം നികത്തിയതിന് ശേഷമാണ് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി വെള്ളം നിറഞ്ഞ താഴ്ന്ന പ്രദേശങ്ങൾ മണ്ണ് ഇട്ട് നിറക്കുന്നതിനു വേണ്ടി റോഡ് റോളർ ഉപയോഗിച്ച് ബലപ്പെടുത്തുക എന്നത് അപ്രായോഗികമായിരുന്നു. വെള്ളം നിറഞ്ഞ സ്ഥലത്താണ് മണ്ണ് നിറച്ച് ഭൂമി ഉപയോഗപ്രദമാക്കിയത്. നിർമ്മാണ പ്രവർത്തനങ്ങൾ യൂണിവേഴ്സിറ്റിയുടെ സ്ക്കൂൾ ഓഫ് എഞ്ചിനീയറിംഗ് സിവിൽ വിഭാഗം പരിശോധിച്ചതിൽ 95.58%ഉറപ്പ് വന്നിട്ടുള്ളതായി ശാസ്ത്രീയമായി പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുള്ളതാകുന്നു.

പുളിങ്കുന്ന് എഞ്ചിനീയറിംഗ് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ യൂണിവേഴ്സിറ്റി **M/s** സോണി മത്തായി ലാലിച്ചൻ, എറണാകുളം എന്ന ആർക്കിടെക്ടിന്റെ നിർദ്ദേശ പ്രകാരമാണ് നടത്തിയിട്ടുള്ളത്. ക്ലാസ് റൂമുകൾ പ്ലാൻ ചെയ്തിരുന്ന വർക്ക് ഷോപ്പ് കെട്ടിടത്തിന്റെ പണിയ്ക്ക് വന്ന കാലതാമസത്തിനിടയിൽ കോളേജ് തുടങ്ങുന്നതിനായി ആവശ്യാനുസരണം സെമി പെർമനന്റ് കെട്ടിടങ്ങളിൽ ക്ലാസ് മുറികളുടെ പണി പൂർത്തിയാക്കിയതുകൊണ്ടാണ് വർക്ക്ഷോപ്പ് കെട്ടിടത്തിൽ പിന്നീട് ക്ലാസ് മുറികൾ നിർമ്മിക്കാതിരുന്നത്.കേരള ജനറൽ സെയിൽ ടാക്സ് റൂൾ 1963 പ്രകാരം (അദ്ധ്യായം **IV 8C (Page 444)** പ്രകാരം ആണ് സെയിൽ ടാക്സ് പിടിക്കാതിരുന്നത്.

വിശ്വസ്തതയോടെ,

A. M. [signature]

യൂണിവേഴ്സിറ്റി എഞ്ചിനീയർ

Phone: 556167

DIVISION

~~DEPARTMENT~~ OF CIVIL ENGINEERING

SCHOOL OF ENGINEERING

COCHIN UNIVERSITY OF SCIENCE AND TECHNOLOGY

KOCHI - 682 022

Grams: CUSAT Cochin-22, Telex: 885-5019 CU IN

Ref. No. Date : ..................

SE/30/2002-03 26-3-2003

From

HEAD

To

The University Engineer,
Cochin University of Science & Technology,
Kochi-22

Sir,

Sub:- Development of land by earth filling for CUCEK Pulinkunnu, conducting consolidation test – reg.

Ref:- 1. Your letter No. UEU/1181/ALPY/02-03 Dated, 11-2-03
2. Our letter No. SE/30/2002-03 Dated, 28-5-02

With reference to the letter cited as reference (i) standard proctor test was conducted on the soil sample brought by the Engineering Department to the Geotechnical laboratory and the results obtained are as given below:

(i) Maximum dry density: 1.63 g/cc
(ii) Optimum Moisture content: 22.8%

Samples were taken from the field from 13 locations and the results of the 13 surface core cutter samples were given vide ref. (2).

The average dry density obtained =1.558g/cc.

From the above two sets of results, the degree of compaction achieved can be worked out as 95.58%

xxxx

Faculty;
1. Dr. Babu T. Jose
2. Dr. Benny Mathew Abraham
3. Dr. K.S. Beena

Yours faithfully

HEAD

HD
To put up recommending the release of SDR & refund to the contractor
28/3

SO (Accts)
To incorporate this result also in the audit reply

Fax: 0484-532745, 543405 E-mail: soecusat@cusat.ac.in

കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) മുമ്പാകെ സമർപ്പിക്കുന്ന കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ സംബന്ധിച്ച് കേരള സംസ്ഥാന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള ന്യൂനതാപരിഹാരപത്രിക

| ക്രമ നമ്പർ | സി.എ.ആർ. ഖണ്ഡിക (നം) | ഓഡിറ്റ് റിപ്പോർട്ട് വർഷം ഖണ്ഡിക നം | വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 5.1 | 2003-2004<br>ഖ.60,66,136,142,143,157,173,174,213 | **മൈത്രി ഭവന പദ്ധതി-വീടുകൾ പൂർത്തീകരിച്ചില്ല ബോർഡിന് നഷ്ടം** | **ഖണ്ഡിക-60 , 157, 173 & 142 ( Part)**<br><br>ടി ഖണ്ഡികകൾ മൈത്രി ഭവന പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. ഈ പദ്ധതിയിലൂടെ വീട് പൂർത്തീകരിച്ച് മുഴുവൻ തുക കൈപ്പറ്റിയവരുടെ 31.03.2011 വരെയുള്ള കടിശ്ശിക തുകകൾ 08.11.2011 ലെ സ.ഉ (എം.എസ് ) നം. 34/2011/ഭവനം ഉത്തരവ് പ്രകാരം എഴുതി തള്ളിയിരുന്നു. കൂടാതെ ഭാഗികമായി വായ്പാ ഗഡുക്കൾ കൈപ്പറ്റിയവരുടെ 30.04.2015 വരെയുള്ള കടിശ്ശിക തുകകൾ 04.12.2015 ലെ സ .ഉ (എം .എസ് )നം 29/2015/ഭവനം ഉത്തരവ് പ്രകാരം എഴുതി തള്ളിയിരുന്നു. ഭൂരിഭാഗം വായ്പക്കാരും മരണപ്പെടുകയോ വായ്പ തിരിച്ചടയ്ക്കുവാൻ ശേഷിയില്ലാത്തവരോ ആയതിനാലാണ് ടി വായ്പക്കാരുടെ വായ്പ കടിശ്ശികകൾ എഴുതിത്തള്ളിയത്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ ഭവന നിർമ്മാണ ബോർഡിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>ഖണ്ഡിക-66 ടി ഖണ്ഡികയിൽ സുവർണ്ണ ജൂബിലി മൈത്രി ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അനുവദിച്ച വായ്പയുടെ ആദ്യ ഗഡു കൈപ്പറ്റിയതിന് ശേഷം ഒരു വർഷത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതാണെന്നും ഗുണഭോക്താക്കൾ സമ്മതിച്ചിട്ടുള്ളതാണെങ്കിലും ടി ഗുണഭോക്താക്കൾ തുടർ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ലായെന്നും കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടച്ചിട്ടില്ലായെന്നും പരാമർശിച്ചിട്ടുള്ളതാണ്. ഇതിൽ നിന്നും ടി ഗുണഭോക്തക്കളാരും തന്നെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്നും വായ്പാ വിതരണത്തിനായി അനുവദിച്ച തുക പാഴ് ചെലവായെന്നും പരാമർശിച്ചിട്ടുള്ളതാണ്. വിശദമായ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള ടി ഖണ്ഡികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് പൂർണ്ണമായും സുവർണ്ണ ജൂബിലി മൈത്രി ഭവന പദ്ധതിയിലെ |

ഗുണഭോക്താക്കളല്ല. ക്രമ നമ്പർ 1 മുതൽ 54 വരെയുള്ള ഗുണഭോക്താക്കളിൽ ക്രമനമ്പർ 15, 16, 20 ഒഴിച്ച് ബാക്കിയുള്ളവർ മൈത്രി ഭവന പദ്ധതി പ്രകാരം തിരിച്ചടവുള്ളതും ടി പദ്ധതിയിൽ ബോർഡ് 12500/19500- രൂപ നിക്ഷേപ തുക സ്വീകരിച്ചു കൊണ്ട് തിരിച്ചടവില്ലാത്ത വായ്പാ വിഭാഗത്തിലുംപെട്ടവരാണ്. ക്രമ നമ്പർ 96 പ്രകാരമുള്ള ഗുണഭോക്താവും മൈത്രി ഭവന പദ്ധതിയിലെ 12500/- രൂപ നിക്ഷേപ തുക സ്വീകരിച്ചുകൊണ്ട് തിരിച്ചടവില്ലാത്ത വായ്പ വിഭാഗത്തിൽ ഉൾപ്പെട്ടതാണ്. തിരിച്ചടവുള്ളതും നിക്ഷേപ തുക സ്വീകരിച്ചുകൊണ്ട് തിരിച്ചടവില്ലാത്തതുമായ മൈത്രി ഭവന പദ്ധതിയിൽ കൊല്ലം ഡിവിഷനിൽ മാത്രം ഏകദേശം ആറായിരത്തി അഞ്ഞൂറിലധികം അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇതിൽ ഖണ്ഡിക പരാമർശത്തിൽ ഉൾപ്പെട്ട നാമമാത്രമായ ഗുണഭോക്താക്കൾമാത്രമാണ് വായ്പാ തുക പൂർണ്ണമായും കൈപ്പറ്റിയിട്ടില്ലാത്തത്. ഇതിൽ തിരിച്ചടവുള്ള മൈത്രി ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടച്ചിട്ടുള്ളതാണ്. നിക്ഷേപ തുക സ്വീകരിച്ചുകൊണ്ട് തിരിച്ചടവില്ലാത്ത മൈത്രി ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ട നിരവധി അറിയിപ്പുകൾ നൽകിയിട്ടുള്ളതുമാണ്. ഇതിൽ ക്രമ നമ്പർ 17 പ്രകാരമുള്ള ഗുണഭോക്താവ് കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടച്ചിട്ടുള്ളതാണ്. മൈത്രി പദ്ധതിയിലൂടെ വീട് പൂർത്തീകരിച്ച് മുഴുവൻ തുക കൈപ്പറ്റിയവരുടെ 31.03.2011 വരെയുള്ള കുടിശ്ശിക തുകകൾ 08.11.2011 ലെ സ.ഉ (എം.എസ് ) നം. 34/2011/ഭവനം ഉത്തരവ് പ്രകാരം എഴുതി തള്ളിയിട്ടുള്ളതുമാണ്.

പത്രപ്പരസ്യം മുഖേന ബോർഡ് നേരിട്ട് അപേക്ഷ സ്വീകരിച്ച പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിലെ ക്രമനമ്പർ 15,16,20 പ്രകാരമുള്ള ഗുണഭേക്താക്കൾക്കും ക്രമ നമ്പർ 96 ഒഴികെ ക്രമ നമ്പർ 55 മുതൽ 100 വരെയുള്ള ഗുണഭോക്താക്കൾക്കും മാത്രമാണ് സുവർണ്ണജൂബിലി മൈത്രീ ഭവന പദ്ധതിയിൽ വായ്പ അനുവദിച്ചു നൽകിയിട്ടുള്ളത്. ഇതിൽ ക്രമ നമ്പർ 95- ലെ ഗുണഭോക്താവ് വായ്പാ തുക പൂർണ്ണമായും കൈപ്പറ്റിയിട്ടുള്ളതും ക്രമ നമ്പർ 86 – ലെ ഗുണഭോക്താവ് അവസാന ഗഡുവിനായി ഭവന നിർമ്മാണം പൂർത്തീയാക്കിയതായുള്ള പട്ടിക ജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയെങ്കിലും ടി പദ്ധതിയിലെ വായ്പാ വിതരണം അവസാനിച്ച സാഹചര്യത്തിൽ അവസാന ഗഡു അനുവദിയ്ക്കാൻ ഭവന നിർമ്മാണ ബോർഡിന് കഴിഞ്ഞിട്ടില്ലാത്തതാണ്.

സുവർണ്ണ ജൂബിലി മൈത്രി ഭവന പദ്ധതിയിൽ പട്ടിക ജാതി വികസന വകുപ്പ് അംഗീകരിച്ച പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കാണ് വായ്പ അനുവദിച്ചിട്ടുള്ളത്. പട്ടിക

ജാതി/ പട്ടിക വർഗ്ഗ വികസന വകുപ്പ് അംഗീകരിച്ച ടി ഗുണഭോക്താക്കളിൽ പ്രോജക്ട് ഓഫീസറെയും പട്ടിക വർഗ്ഗ വികസന ഓഫീസർമാരെയും ടി വകുപ്പ് ചുമതലപ്പെടുത്തിയിരുന്നതുമാണ്. കൊല്ലം ഡിവിഷനിൽ ഏകദേശം 168 ഗുണഭോക്താക്കൾക്കാണ് ടി പദ്ധതി പ്രകാരം വായ്പ അനുവദിച്ച നൽകിയത്. ഇതിൽ ഖണ്ഡിക പരാമർശത്തിലെ ക്രമ നമ്പർ 86,95 എന്നിവർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. സുവർണ്ണ ജൂബിലി പദ്ധതി 31.03.2005- ൽ നിർത്തലാക്കിയിട്ടുള്ളതിനാൽ മേൽ തീയതിക്കുള്ളിൽ സ്റ്റേജ് സർട്ടിഫിക്കറ്റ് SC/ST ഡിപ്പാർട്ട്മെന്റിൽ നിന്നും ഹാജരാക്കാത്തവർക്ക് തുടർന്നുള്ള ഗഡുക്കൾ നൽകാൻ സാധിച്ചിട്ടില്ല. പദ്ധതി പൂർത്തീകരണത്തിന് ബോർഡിന്റെ ഭാഗത്ത് നിന്നും യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി ഖണ്ഡിക പരാമർശം ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ ഭവന നിർമ്മാണ ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്.

ഖണ്ഡിക- 136 174, 142 (Part), 213.

സുവർണ്ണജൂബിലി മൈത്രി ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് അവരുടെ വസ്തുവിന്റെ ഈടിന്മേലായിരുന്നില്ല വായ്പ നൽകിയിരുന്നത്. മറിച്ച് SC/ST ഡിപ്പാർട്ട്മെന്റ് ഗുണഭോക്താക്കൾക്ക് വേണ്ടി നിക്ഷേപിച്ച അന്വിറ്റി ഡിപ്പോസിറ്റ് മൈത്രി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളതാകുന്നു. ഇതുപ്രകാരം സർക്കാർ സബ്സിഡി 9000/- രൂപ കഴിച്ച് മൈത്രി വായ്പാ തുകയായ 19000/- രൂപ അന്വിറ്റി ഡിപ്പോസിറ്റായി അടയ്ക്കുന്ന 12500/- രൂപ നൽകിയാൽ തിരിച്ചടവ് ഒഴിവാകുന്ന പദ്ധതിയായിരുന്നു. ദുർബ്ബലവിഭാഗത്തിലും SC/ST വിഭാഗത്തിലുൾപ്പെട്ടവരായിരുന്നതിനാലും വസ്തു ഈട് വയ്ക്കാത്തതിനാൽ ഹൗസിംഗ് ബോർഡ് ഇവരിൽ നിന്നും നിർമ്മാണം പൂർത്തിയാക്കാത്തവരും, ഭാഗീകമായി ഗഡുക്കൾ കൈപ്പറ്റിയവരിൽ നിന്നും ഓഡിറ്റ് പരാമർശത്തിൽ നിർദ്ദേശിച്ചിരിക്കുന്ന തുകകൾ ഈടാക്കാൻ കഴിയുമായിരുന്നില്ല എന്നാണ് ഭവന നിർമ്മാണ ബോർഡിൽ നിന്നും അറിയിച്ചിട്ടുള്ളത്.

ഖണ്ഡിക- 143:

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇടുക്കി ഡിവിഷൻ ഓഫീസിനു കീഴിലുള്ള മൈത്രി സുവർണ്ണജൂബിലി പദ്ധതിയിൽ വളരെ വിശദമായ അന്വേഷണം നടത്തുകയും ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന കാരണക്കാരനായ ഉദ്യോഗസ്ഥന്റെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഈ വിഷയത്തിൽ തീർപ്പ് കൽപ്പിക്കാത്തതിനാൽ ഇതുവരെ വിതരണം ചെയ്തിട്ടില്ല എന്നും, സുവർണ്ണ

FILE NO. HSG- B1/84/2021 - HSG

| | | | | |
|---|---|---|---|---|
| | | | | ജൂബിലി പദ്ധതി 31.03.2005- ൽ നിർത്തലാക്കിയിട്ടുള്ളതിനാൽ മേൽ തീയതിക്കുള്ളിൽ സ്റ്റേജ് സർട്ടിഫിക്കറ്റ് SC/ST ഡിപ്പാർട്ട്മെന്റിൽ നിന്നും ഹാജരാക്കാത്തവർക്ക് തുടർന്നുള്ള ഗഡുക്കൾ നൽകാൻ സാധിച്ചിട്ടില്ലായെന്നും ഭവന നിർമ്മാണ ബോർഡിൽ നിന്നും അറിയിച്ചിട്ടുണ്ട്. |
| 2. | 5.2 | 2003-04<br>ഖ. 185 | വായ്പ അനുവദിച്ചതിൽ ക്രമക്കേട് പിലാത്തറ ഓഫീസ് | ശ്രീമതി. സാലിജോയി, മുണ്ടയാനിക്കൽ, HIG/11/38/95 എന്നവർ 23/12/2014 ലെ 226951 രസീത് നമ്പർ പ്രകാരം 1389075/- രൂപ അടച്ച് വായ്പ അക്കൗണ്ട് അവസാനിപ്പിച്ചിട്ടുണ്ടെന്ന് ഭവന നിർമ്മാണ ബോർഡിൽ നിന്നും അറിയിച്ചിട്ടുണ്ട്. |
| 3. | 5.2 | 2003-04<br>ഖ. 92, 93 | **എറണാകുളം റവന്യൂ ടവർ ചെലവു രേഖകൾ ഹാജരാക്കിയില്ല. നഷ്ട പരിഹാരം**<br><br>**ഈടാക്കേണ്ടതാണ്** | എറണാകുളം റവന്യൂ ടവർ 2006- മാണ്ടിൽ കമ്മീഷൻ ചെയ്യുമ്പോൾ ഇലക്ട്രിക്കൽ അഗ്നിരക്ഷ തുടങ്ങിയ എല്ലാ വിധ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. കാലാകാലങ്ങളിൽ വരുന്ന അറ്റകുറ്റപ്പണികൾ മാത്രമാണ് ചെയ്യേണ്ടിവരുന്നത്. കമ്മീഷൻ ചെയ്തതിനുശേഷം എല്ലാ ഓഫീസ് മുറികളും, കടമുറികളും വാടകയ്ക്ക് നൽകിവരുന്നുണ്ട്. |
| 4 | 5.2 | 2003-04<br>ഖ. 52 | **പാറ്റൂർ എച്ച്.ഐ.എസ് കരാറുകാരനിൽ നിന്നും നിയമപരമായ പിഴ ഈടാക്കണം** | പാറ്റൂർ ഭവന നിർമ്മാണ പദ്ധതിയിലെ ഫ്ലാറ്റുകളിൽ അഗ്നിശമന ഉപകരണങ്ങൾ വാങ്ങി ഉറപ്പിക്കുന്ന ജോലികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തുകയായ 3601075/- ( മുപ്പത്തിയാറ് ലക്ഷത്തി ആയിരത്തി എഴുപത്തിയഞ്ച് രൂപ മാത്രം ) രൂപക്ക് 17.07.2003 ലെ ഐറ്റം നമ്പർ 6 പ്രകാരം ഭവന നിർമ്മാണ ബോർഡ് അംഗീകാരം നല്കിയിട്ടുണ്ട്. |


അനീഷ്. റ്റി.
പെൻ 101266
ജോയിന്റ് സെക്രട്ടറി
ഭവന നിർമ്മാണ വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
ഫോൺ : 0471-2518601

**കേരള നിയമസഭ**

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2021-23)**

**സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

**ന്യൂനതാപരിഹാര നടപടി പത്രിക**

| ക്രമ നം. | ഖണ്ഡിക നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം ഖണ്ഡിക | ഓഡിറ്റ് പരാമർശം | സ്വീകരിച്ച നടപടി റിപ്പോർട്ട് |
|---|---|---|---|---|
| 1 | 5.5.3 | 2003-2004 ഖണ്ഡിക 40 | സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ചെയർമാൻ തന്റെ മുൻലാവണമായ വൈദ്യുതി ബോർഡിലേതു പോലെ ദിനംപ്രതി 750 രൂപ നിരക്കിൽ 26.02.2004 ൽ 9000 രൂപയും 19.03.2004 ൽ 7500 രൂപയും നൈറ്റ് ഔട്ട് അലവൻസ് കൈപ്പറ്റിയിട്ടുണ്ട്. കെ.എസ്.എച്ച്.ബി.യുടെ പ്രവർത്തന രീതി കെ.എസ്.ഇ.ബി.യിൽ നിന്നും തികച്ചും വ്യത്യസ്തമായതിനാൽ ആനുകൂല്യത്തിന് അർഹതയില്ല. സർക്കാർ അനുമതിയില്ല. ഭവന നിർമ്മാണ ബോർഡിന് ബാധകമായ ദിനബത്തയും മറ്റ് അലവൻസുകളും മാത്രമേ വാങ്ങാൻ അർഹതയുള്ളൂ. | സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെ ചെയർമാൻ, സെക്രട്ടറി, ഒഫീഷ്യൽ മെമ്പർമാർ എന്നിവരുടെ ഔദ്യോഗിക യാത്രാവേളയിൽ actual expense claim ചെയ്യാത്ത പക്ഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് അനുവദിക്കുന്നതുപോലെ night out allowance ആയി പ്രതി ദിനം 750/- രൂപ അനുവദിക്കാൻ 8.12.2003-ലെ ബോർഡ് യോഗം തീരുമാനിച്ചിരുന്നു. പ്രസ്തുത ബോർഡ് തീരുമാന പ്രകാരം ചെയർമാനായിരുന്ന ശ്രീ.വി.റ്റി.സെബാസ്റ്റ്യന് നൽകിയ 16500/-രൂപയും സെക്രട്ടറിയായിരുന്ന ശ്രീ.പി.എം. ജോണിനു നൽകിയ 7500/- രൂപയും സർക്കാർ ഉത്തരവിന് വിരുദ്ധമാണെന്ന് ഓഡിറ്റ് വകുപ്പ് കണ്ടെത്തുകയുണ്ടായി. എന്നാൽ ഓഡിറ്റ് പരാമർശത്തെ തുടർന്ന് സെക്രട്ടറിയായിരുന്ന ശ്രീ.പി.എം.ജോൺ night out allowance ഇനത്തിൽ അധികമായി വാങ്ങിയ തുക തിരിച്ചടയ്ക്കണമെന്ന് ഭവന നിർമ്മാണ ബോർഡ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിഷയം ഒരിക്കൽക്കൂടി ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്ന് ശ്രീ.പി.എം.ജോൺ ആവശ്യപ്പെട്ട പ്രകാരം, 26.06.2009-ൽ ചേർന്ന ബോർഡ് യോഗ തീരുമന പ്രകാരം night out allowance നൽകിയതിന് സർക്കാർ അനുമതി തേടിയെങ്കിലും, സർക്കാർ അനുമതി നിഷേധിക്കുകയും, ചട്ടവിരുദ്ധമായി കൈപ്പറ്റിയ Night out allowance തുക എത്രയും പെട്ടെന്ന് തിരിച്ചു പിടിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് ശ്രീ.പി.എം.ജോൺ തിരിച്ചടയ്ക്കേണ്ട night out allowance ഇനത്തിൽ കൈപ്പറ്റിയ 72650/- രൂപ 15 ദിവസത്തിനകം തിരിച്ചടച്ചില്ലെങ്കിൽ കോടതി വഴി തുക ഈടാക്കാൻ നടപടി |

| | | | | |
|---|---|---|---|---|
| | | | | സ്വീകരിക്കുമെന്ന് 30.10.2012ന് അദ്ദേഹത്തെ അറിയിക്കുകയും ചെയ്തിരുന്നു.<br><br>എന്നാൽ 08.11.2003-ലെ ബോർഡ് യോഗ തീരുമാനപ്രകാരമാണ് അന്നത്തെ ചെയർമാനായ ശ്രീ.വി.റ്റി.സെബാസ്റ്റ്യനും സെക്രട്ടറി ശ്രീ.പി.എം ജോണും നൈറ്റ് ഔട്ട് അലവൻസ് അനുവദിച്ചിട്ടുള്ളത് എന്നും സർക്കാർ അനുമതി ലഭിക്കാതെ പ്രസ്തുത അലവൻസ് അനുവദിച്ചത് ചട്ടവിരുദ്ധമാണ് എന്നും, വർഷങ്ങൾ പിന്നിട്ടതുകൊണ്ടും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ തടസ്സവാദം 2005-ൽ മാത്രമാണ് ഉണ്ടായിട്ടുള്ളതെന്നും ആയതിനാൽ പ്രസ്തുത തുക തിരിച്ചുപിടിക്കുന്നതിൽ നിന്നും ടിയാളുകളെ ഒഴിവാക്കാവുന്നതാണെന്നും 14.02.2013-ലെ 3929/എ1/11/ഭവനം നമ്പർ കത്ത് പ്രകാരം സർക്കാർ ഭവന ബോർഡിനെ അറിയിക്കുകയുണ്ടായി. 2003-2004-ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക-40, പിന്നീടുള്ള 2005-06-ലെ സമാഹൃത ഓഡിറ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ആയത് ഒഴിവാക്കാനുള്ള അധികാരം നിയമസഭ സമിതിക്ക് ആണെങ്കിലും, പ്രസ്തുത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നു എന്ന് 29.05.2013-ലെ എൽ.എഫ്.എച്ച്.ബി.എ 11/224/2013 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരുന്നു. കൂടാതെ, സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തുക തിരിച്ചു പിടിക്കുന്നതിന് ആരംഭിച്ച നടപടിക്കെതിരെ ശ്രീ.പി.എം ജോൺ ബഹു.ഹൈക്കോടതി മുമ്പാകെ WP(C) 220/2013 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | 5.5.3 | 2003-2004<br>ഖണ്ഡിക 79.83 | കെ.എസ്.എച്ച്.ബി. (കൊച്ചി) -വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളുടെ വാടക കുറവ് ചെയ്ത് ഈടാക്കിയതുമൂലം 91,872/- രൂപയുടെ നഷ്ടം. | വ്യവസായ വകുപ്പിന്റെ കീഴിലുള്ള ട്രാക്കോ കേബിൾ കമ്പനി അടയ്ക്കുവാനുള്ളതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള തുക അവർ TDS ഇനത്തിൽ വാടകയിൽ നിന്നും പിടിച്ച തുകയാണെന്നും, ഈ തുക ഇൻകംടാക്സിൽ അടച്ച് ഫോം നം.16 A ബോർഡിന് ലഭ്യമാക്കിയതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനി 31.02.2021-ൽ ഓഫീസ് കെട്ടിടം ഒഴിഞ്ഞു പോയിട്ടുള്ളതും പിഴപ്പലിശ ഒഴികെയുള്ള മുഴുവൻ തുകയും അടച്ച് തീർത്തിട്ടുള്ളതുമാണ്. പലിശ ഇനത്തിൽ കടിശ്ശികയുള്ള 55728 /- രൂപ അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് പ്രസ്തുത കമ്പനിക്ക് ബോർഡ് നോട്ടീസ് നൽകിയിട്ടുള്ളതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| 3 | 5.5.3 | 2003-2004<br>ഖണ്ഡിക 79.83 | കെ.എസ്.എച്ച്.ബി.(കൊച്ചി) -31.12.1995 ൽ പണി പൂർത്തീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് നാളിതുവരെ വാടകയ്ക്ക് നൽകിയിട്ടില്ല. വാടകയിനത്തിൽ നഷ്ടം. | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ചങ്ങനാശ്ശേരി നഗർ സ്കീമിൽ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ ഓഫീസ് സ്പേസ് വാടകയ്ക്ക് നൽകുന്നതിന് കാലതാമസം വന്നതിനാൽ, പ്രസ്തുത കെട്ടിടവും സ്ഥലവും 27.07.2007-ൽ 4.10 കോടി രൂപയ്ക്ക് ശ്രീ.വിജി.പി.ഐസക്കിന് പൊതു ലേലത്തിലൂടെ വിറ്റഴിച്ചിട്ടുണ്ട്. |

അനീഷ്. റ്റി.
പെൻ 101266
ജോയിന്റ് സെക്രട്ടറി
ഭവന നിർമ്മാണ വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
ഫോൺ : 0471-2518601